# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി 5/2044/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 24/12/2024
ഇ-മെയിൽ:
dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി 5/2044/2024 തീയ്യതി: 24/12/2024

## കോഴിക്കോട് ജില്ലയിലെ ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-10-2023 മുതൽ 25-11-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.നന്ദന.എസ്.പിള്ളൈ (കെ.എ.എസ്) | ഡെപ്യൂട്ടി ഡയറക്ടർ | 26-11-2024 | 02-12-2024 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 26-11-2024 | 02-12-2024 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സതീഷ് കുമാർ.സി.പി, ഓഡിറ്റ് ഓഫീസർ

ശ്രീ. ഷാബിൻ.കെ.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ശ്രീജിത്ത്.കെ.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. വിജേഷ്.കെ.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. വൈശാഖ്.എ, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഷിജിത്ത്.എൻ.ടി | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീ. എൻ.എം.രാമചന്ദ്രൻ | സെക്രട്ടറി | 01-04-2023 | 24-07-2023 |
| ശ്രീ . സന്ദീപ്.എ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 24-07-2023 | 09-08-2023 |
| ശ്രീ. അനിൽകുമാർ.കെ.പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 09-08-2023 | 07-09-2023 |
| ശ്രീ. രാജീവൻ.വി.വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 07-09-2023 | 29-09-2023 |
| | | 01-12-2023 | 31-12-2023 |
| | | 12-03-2024 | 31-03-2024 |
| ശ്രീ . സുമേഷ്.കെ | സെക്രട്ടറി | 29-09-2023 | 30-11-2023 |
| | | 01-01-2024 | 12-03-2024 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ . സന്ദീപ്.എ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 24-08-2023 |
| ശ്രീ. രാജീവൻ.വി.വി | അസിസ്റ്റന്റ് സെക്രട്ടറി | 25-08-2023 | 31-03-2024 |
| ശ്രീമതി. രാജി.കെ.എം | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 12-07-2023 |
| | | 01-11-2023 | 31-03-2024 |
| ശ്രീ. മുഹമ്മദ് റോഷൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 12-07-2023 | 31-10-2023 |
| ശ്രീ. ഷബീർ അഹമ്മദ്.കെ.എ | കൃഷി ഓഫീസർ | 01-04-2023 | 07-10-2023 |
| | | 26-11-2023 | 31-03-2024 |
| ശ്രീമതി. അശ്വതി ഹർഷൻ | കൃഷി ഓഫീസർ(ചാർജ്) | 07-10-2023 | 25-11-2023 |
| ഡോ. സുഹാസ്.കെ | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| ഡോ. മുഹമ്മദ് കമറുദ്ദീൻ.ഡി | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി ) | 01-04-2023 | 21-06-2023 |
| ഡോ. ജാസ്മിൻ.പി.കെ | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി ) | 21-06-2023 | 31-03-2024 |
| ഡോ. സിബി രവീന്ദ്രൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ ) | 01-04-2023 | 31-03-2024 |
| ഡോ. ഷംസുദ്ദീൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2023 | 30-09-2023 |
| ഡോ. ഷാഹിന.പി.കെ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 30-09-2023 | 31-03-2024 |
| ശ്രീമതി. നിമ്മി.എം.കെ. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2023 | 04-09-2023 |
| ശ്രീമതി. നീതു വർഗ്ഗീസ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 05-09-2023 | 31-03-2024 |
| ശ്രീ . റിൻജിഷ്.എ.എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 20-02-2024 |
| ശ്രീമതി. ജസിത റഹ്മാൻ.വി | ഡയറി ഫാം ഇൻസ്ട്രക്ടർ | 20-02-2024 | 31-03-2024 |
| ശ്രീമതി. | ഹെഡ് മിസ്ട്രസ് | 01-04-2023 | 31-03-2024 |

| | | | |
|---|---|---|---|
| ബിജുന.എൻ | | | |
| ശ്രീ . ഷൈജിത്ത്.ഐ | വി.ഇ.ഒ (ആവള സർക്കിൾ) | 01-04-2023 | 10-07-2023 |
| ശ്രീമതി. റിജിന | വി.ഇ.ഒ (ആവള സർക്കിൾ) | 10-07-2023 | 16-01-2024 |
| | | 01-03-2024 | 31-03-2024 |
| ശ്രീമതി. സോന.വി.പി | വി.ഇ.ഒ (ആവള സർക്കിൾ) | 16-01-2024 | 01-03-2024 |
| ശ്രീമതി. സോന.വി.പി | വി.ഇ.ഒ (ചെറുവണ്ണൂർ സർക്കിൾ) | 01-04-2023 | 01-03-2024 |
| ശ്രീ . റജിൻ.എം.എൻ | വി.ഇ.ഒ (ചെറുവണ്ണൂർ സർക്കിൾ) | 01-03-2024 | 31-03-2024 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പൊരുത്തപ്പെടുന്നില്ല | 1-1-1 |
| 3 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-2 |
| 4 | വികസന ഫണ്ട്-ജനറൽ ചെലവ് ഐ.കെ.എം ചെലവ് പത്രികയിലും വാർഷിക കണക്കിലും വ്യത്യാസപ്പെട്ടിരിക്കുന്നു | 1-1-3 |
| 5 | കാലാവധി കഴിഞ്ഞ ചെക്കുകൾ Stale Cheque ഹെഡിലേക്ക് മാറ്റിയിട്ടില്ല | 1-1-4 |
| 6 | Capital Work In Progress(B-11(b)) ഷെഡ്യൂളിൽ പാർട്ട് ബില്ല് ഉൾപ്പെടുത്തിയിട്ടില്ല | 1-1-5 |
| 7 | തൊഴിൽ നികുതി-Institutions/Professionals/Traders ഇനത്തിലെ കളക്ഷൻ തുകയിൽ വ്യത്യാസം | 1-1-6 |
| 8 | ക്ലോസിംഗ് സ്റ്റോക്ക് - മൂല്യം ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-7 |
| 9 | ധനകാര്യ കമ്മിഷൻ ഗ്രാന്റ് ചെലവ്,നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | കാലാവധി കഴിഞ്ഞ തെരഞ്ഞെടുപ്പ് നിക്ഷേപം പഞ്ചായത്ത് ഫണ്ടിൽ മുതൽകൂട്ടാൻ നടപടി സ്വീകരിച്ചിട്ടില്ല | 1-1-9 |
| 11 | വാർഷിക ധനകാര്യ പത്രികയിലെയും ഡി.സി.ബി സ്റ്റേറ്റ്മെന്റിലെയും വസ്തു നികുതി കളക്ഷൻ തുക വ്യത്യാസപ്പെട്ടിരിക്കുന്നു | 1-1-10 |
| 12 | ഉദ്ദേശം പ്രതിഫലിക്കുന്ന ഹെഡിൽ ചെലവ് ബുക്ക് ചെയ്തിട്ടില്ല | 1-1-11 |
| 13 | അംഗൻവാടി കെട്ടിട നിർമ്മാണം പദ്ധതിക്കായി കൈമാറിയ തുകയുടെ വിശദാംശങ്ങൾ വാർഷിക കണക്കിലും രജിസ്റ്ററിലും ഉൾപ്പെടുത്തിയിട്ടില്ല | 1-1-12 |
| 14 | ബജറ്റ് | 1-2 |
| 15 | സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 1-3 |
| 16 | ഫണ്ട് വിനിയോഗം | 1-4 |
| 17 | പദ്ധതി അവലോകനം | 1-5 |
| 18 | ക്ഷേമ പദ്ധതികൾ | 1-6 |
| 19 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |

| | | |
|---|---|---|
| 20 | 2023-24 വർഷം നികുതി അസ്സസ്സ് ചെയ്ത കെട്ടിടങ്ങൾക്ക് പുതിയ നിരക്കുകൾ ബാധകമാക്കിയില്ല - പഞ്ചായത്തിന് നികുതി നഷ്ടം | 1-8 |
| 21 | വസ്തുനികുതി അപാകത പരിഹരിക്കുന്നതിന് ഫീൽഡ് തല സർവ്വെ നടത്തിയില്ല. | 1-9 |
| 22 | കൊമേഷ്യൽ കെട്ടിടത്തിന് നമ്പർ അനുവദിച്ച ശേഷം പാർക്കിംഗ്, ശുചീകരണ സൗകര്യങ്ങളിൽ മാറ്റങ്ങൾ വരുത്തി | 1-10 |
| 23 | ◌ാഓതനത് വരുമാനം വർദ്ധിപ്പിക്കുന്നതിനും, പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നടപടിയില്ല. | 1-11 |
| 24 | ജൽ ജീവൻ പദ്ധതിയുടെ സാധ്യതകൾ പരിശോധിക്കാതെ കുടിവെള്ള പദ്ധതികൾ ആസൂത്രണം ചെയ്തു. | 1-12 |
| 25 | ആസ്തി നിർമ്മാണ പ്രവൃത്തികൾ ഭാഗികമായി ആസൂത്രണം ചെയ്യുന്നു. | 1-13 |
| 26 | കോംപാക്ടിംഗിന് തെറ്റായ ഇനം തെരഞ്ഞെടുത്തു- പഞ്ചായത്ത് ഫണ്ടിന് നഷ്ടം. | 1-14 |
| 27 | ബഡ്സ് സ്കൂൾ- പദ്ധതിക്ക് മതിയായ തുക വകയിരുത്തിയില്ല. | 1-15 |
| 28 | നിർവ്വഹിക്കാത്ത ഫോം വർക്കിന് തുക നൽകി. | 1-16 |
| 29 | സിംഗിൾ സെക്ഷൻ സ്റ്റീൽ വർക്കിന് തെറ്റായ ഇനം തെരഞ്ഞെടുത്തത് മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടം | 1-17 |
| 30 | കണ്ടീത്താഴെ പാലം നിർമ്മാണം- അപാകതകൾ | 1-18 |
| 31 | മാർക്കറ്റ് നിരക്ക് നിശ്ചയിച്ചതിന് രേഖയില്ല. | 1-19 |
| 32 | മെയിന്റനൻസ് ഗ്രാന്റ് വകമാറ്റി ചെലവഴിച്ചു. | 1-20 |
| 33 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ -ഹരിത കർമ്മ സേന പ്രവർത്തനാവലോകനം | 1-21 |
| 34 | അനിവാര്യ ചുമതലയിൽ തുക വകയിരുത്തുന്നുണ്ടെങ്കിലും ചെലവഴിക്കുന്നില്ല | 1-22 |
| 35 | ഗുണഭോക്തൃ പട്ടിക ഭരണസമിതി അംഗീകരിച്ചതായി രേഖകളില്ല | 1-23 |
| 36 | ക്ഷീര വികസന മേഖലയിലെ പദ്ധതി നടത്തിപ്പിൽ അപാകതകൾ | 1-24 |
| 37 | മൃഗ സംരക്ഷണ മേഖലയിൽ പദ്ധതികളില്ല. | 1-25 |
| 38 | തുല്യതാ പഠിതാക്കൾക്ക് ഫീസ് അടവാക്കൽ പദ്ധതി- മോണിറ്ററിംഗ് കാര്യക്ഷമമല്ല | 1-26 |
| 39 | കുടുംബശ്രീ സി.ഡിഎസ്- ബാങ്ക് നീക്കിയിരിപ്പ് തുകയിൽ വ്യക്തതയില്ല. | 1-27 |
| 40 | അങ്കണവാടികളുടെ സുരക്ഷിതത്വവും പ്രവർത്തനവും മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നില്ല. | 1-28 |

| | | |
|---|---|---|
| 41 | ഹരിതകർമ്മ സേനയ്ക്ക് വാങ്ങിയ വാഹനം ഉപയോഗപ്രദമായില്ല | 1-29 |
| 42 | എം.സി.എഫ്-എസ്റ്റിമേറ്റിലെ അപാകത മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടം | 1-30 |
| 43 | ഡ്രെയിൻ നിർമ്മാണം- അപാകതകൾ | 1-31 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | കോംപാക്ടിംഗിന് തെറ്റായ ഇനം തെരഞ്ഞെടുത്തു- പഞ്ചായത്ത് ഫണ്ടിന് നഷ്ടം. | 3-1 |
| 2 | നിർവ്വഹിക്കാത്ത ഫോം വർക്കിന് തുക നൽകി. | 3-2 |
| 3 | സിംഗിൾ സെക്ഷൻ സ്റ്റീൽ വർക്കിന് തെറ്റായ ഇനം തെരഞ്ഞെടുത്തത് മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടം | 3-3 |
| 4 | കണ്ടീത്താഴെ പാലം നിർമ്മാണം- ഓവർഹെഡ്സ് ചാർജ്ജ് അധികം നൽകി. | 3-4 |
| 5 | എം.സി.എഫ്-എസ്റ്റിമേറ്റിലെ അപാകത മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടം | 3-5 |
| 6 | ചെറുവണ്ണൂർ ടൗൺ ഡ്രെയിൻ നിർമ്മാണം- അപാകതകൾ | 3-6 |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 01.07.2024 തീയതിയിലെ 1 നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 04.07.2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/ സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : കോഴിക്കോട്

തീയതി:24.12.2024 ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയ തുകയും (2847050) ഇതേ പത്രികയിലെ "Net Cash Generated By Operating+Investing+Financial Activity"(A+B+C) ആയി രേഖപ്പെടുത്തിയ തുകയും (-14104049) പൊരുത്തപ്പെടുന്നില്ല.

### 1-1-2 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. Property Tax On Residential Buildings (110100101), Property Tax On Non-Residential Buildings (110100102) എന്നീ അക്കൗണ്ട് ഹെഡുകളുടെ 01.04.2023 മുതൽ 31.03.2024 വരെയുള്ള ലെഡ്ജർ റിപ്പോർട്ട് പരിശോധിച്ചതിൽ 31.03.2024 ന് മാത്രമാണ് ഡിമാന്റ് എൻട്രി വരുത്തിയിരിക്കുന്നത്. വസ്തു നികുതി ഇനത്തിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും കെട്ടിടങ്ങളുടെ പൊളിച്ചുമാറ്റൽ, പുതിയ കെട്ടിടങ്ങൾ നിലവിൽ വരുന്നത് എന്നിവയ്ക്ക് അനുസരിച്ച് ഡിമാന്റിൽ വ്യത്യാസം വരുത്തുന്നില്ല .

### 1-1-3 വികസന ഫണ്ട്-ജനറൽ ചെലവ് ഐ.കെ.എം ചെലവ് പത്രികയിലും വാർഷിക കണക്കിലും വ്യത്യാസപ്പെട്ടിരിക്കുന്നു

2023-24 വാർഷിക ധനകാര്യ പത്രിക ഇൻകം &എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് 1-6, ബാലൻസ് ഷീറ്റ് B3 ഷെഡ്യൂളുകൾ പ്രകാരം വികസന ഫണ്ട്-ജനറൽ ഇനത്തിലെ ചെലവ് 1,28,26,784 രൂപയും ഐ.കെ.എം ചെലവ് പത്രിക പ്രകാരം 1,25,86,784 രൂപയുമാണ്. 2,40,000 രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. വി.ഇ.ഒ നിർവഹിച്ച പ്രോജക്ട് നമ്പർ 122/24-ലൈഫ് ഭവനപദ്ധതി ജനറൽ പദ്ധതിക്കായി ബിൽ നമ്പർ-7, തീ-08.05.2023 പ്രകാരം 2,40,000 രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും ഐ.കെ.എം ചെലവ് പത്രികയിൽ ഇത് ഉൾപ്പെടുത്താത്തതാണ് വ്യത്യാസത്തിന് കാരണം.

### 1-1-4 കാലാവധി കഴിഞ്ഞ ചെക്കുകൾ Stale Cheque ഹെഡിലേക്ക് മാറ്റിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം 46) പ്രകാരം സ്ഥാപനം നല്കിയിട്ടുള്ളതും മൂന്ന് മാസത്തിലധികമായി പണമാക്കാത്തതുമായ ചെക്കുകൾ 350800101-Liability In Respect Of Stale Cheque ശീർഷകത്തിലേക്ക് മാറ്റേണ്ടതാണെങ്കിലും ചെറുവണ്ണൂർ സർവീസ് കോപ്പറേറ്റീവ് ബാങ്ക് തനത് ഫണ്ട് അക്കൗണ്ടിൽ (നം-001001002075) നിന്നും നൽകിയ കാലാവധി കഴിഞ്ഞ താഴെപറയുന്ന 4 ചെക്കുകൾ അത്തരത്തിൽ മാറ്റിയിട്ടില്ല.

| ഇൻസ്ട്രുമെന്റ് നം. | ഇൻസ്ട്രുമെന്റ് തീയതി | തുക | 03/2024 റീകൺസിലിയേഷൻ പത്രിക പ്രകാരം |
|---|---|---|---|
| 196150 | 03.06.2023 | 550 | Cheque Issued But Not Presented Into Bank |
| 196154 | 06.06.2023 | 2,000 | |
| 197855 | 29.09.2023 | 19,285 | |
| 160349 | 15.12.2023 | 300 | |

### 1-1-5 Capital Work In Progress(B-11(b)) ഷെഡ്യൂളിൽ പാർട്ട് ബില്ല് ഉൾപ്പെടുത്തിയിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പ്രോജക്ട് നം.77 ചെറുവണ്ണൂർ ടൗണിൽ ഡ്രെയിനേജ് നിർമ്മാണം പ്രവർത്തിക്കായി 7,80,000/- രൂപ പാർട്ട് ബിൽ തുക നൽകിയിട്ടുണ്ട്. എന്നാൽ 2023-24 വാർഷിക കണക്കിലെ Capital Work In Progress (B-11(b)) ഷെഡ്യൂളിൽ തുകയൊന്നും രേഖപ്പെടുത്തിയിട്ടില്ല.

### 1-1-6 തൊഴിൽ നികുതി-Institutions/Professionals/Traders ഇനത്തിലെ കളക്ഷൻ തുകയിൽ വ്യത്യാസം

തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം Profession Tax-Institutions/Professionals/Traders ഇനത്തിലെ 2023-24 വർഷത്തെ കളക്ഷൻ 4,38,480 രൂപയാണ്. എന്നാൽ 2023-24 വാർഷിക ധനകാര്യ പത്രിക റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് RP-45 പ്രകാരം 3,45,620 രൂപയും 2022-23 വാർഷിക ധനകാര്യ പത്രിക റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് RP-35 Advance Collection-Profession Tax-Institutions/Professionals/Traders പ്രകാരം 1,26,060 രൂപയും ആകെ 4,71,680 രൂപയാണ്. 33,200 രൂപയുടെ വ്യത്യാസം (471680-438480) വിശദീകരിക്കേണ്ടതാണ്.

### 1-1-7 ക്ലോസിംഗ് സ്റ്റോക്ക് - മൂല്യം ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

2023-24 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ബി-14 സ്റ്റേറ്റ്മെന്റ് പ്രകാരം 24,500/- രൂപയുടെ സ്റ്റോർസ് 2023-24 ൽ നീക്കിയിരിപ്പുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്ററിൽ സംക്ഷിപ്തം കൃത്യമായി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

### 1-1-8 ധനകാര്യ കമ്മിഷൻ ഗ്രാന്റ് ചെലവ്,നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല

ഐ.കെ.എം ചെലവ് പത്രിക പ്രകാരം 2023-24 വർഷത്തിൽ ധനകാര്യ കമ്മിഷൻ ഗ്രാന്റ് ആകെ ചെലവ് 53,14,779 രൂപയാണ്. എന്നാൽ ധനകാര്യ കമ്മിഷൻ ഗ്രാന്റ്(ടൈഡ്), ധനകാര്യ കമ്മിഷൻ ഗ്രാന്റ്(അൺടൈഡ്) ഇനങ്ങളിലെ ആകെ ചെലവ് എ.സി.ആർ പ്രകാരം 71,71,303 രൂപയും വാർഷിക ധനകാര്യ പത്രിക പ്രകാരം 52,01,646 രൂപയുമാണ്.

2023-24 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂൾ പ്രകാരം ധനകാര്യ കമ്മിഷൻ ഗ്രാന്റ് (ടൈഡ്), ധനകാര്യ കമ്മിഷൻ ഗ്രാന്റ് (അൺടൈഡ്) ഇനങ്ങളിലെ ആകെ നീക്കിയിരിപ്പ് 53,14,412 രൂപയാണ്. എന്നാൽ ബി-17 ഷെഡ്യൂൾ പ്രകാരം ധനകാര്യ കമ്മിഷൻ ഗ്രാന്റിനായുള്ള HDFC ബാങ്ക് അക്കൗണ്ടിന്റെ നീക്കിയിരിപ്പ് 53,57,372 രൂപയാണ്.

### 1-1-9 കാലാവധി കഴിഞ്ഞ തെരഞ്ഞെടുപ്പ് നിക്ഷേപം പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടാൻ നടപടി സ്വീകരിച്ചിട്ടില്ല

1994 ലെ കേരള പഞ്ചായത്തീരാജ് നിയമം സെക്ഷൻ 144 ഉപവകുപ്പ് 1 പ്രകാരം 53-ാം വകുപ്പിന് കീഴിൽ നടത്തിയ നിക്ഷേപം ഈ വകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായി അത് നടത്തിയ ആളിനോ അല്ലെങ്കിൽ അയാളുടെ നിയമപരമായ പ്രതിനിധിക്കോ തിരിച്ച് നൽകുകയോ അല്ലെങ്കിൽ പഞ്ചായത്ത് ഫണ്ടിലേക്ക് കണ്ടുകെട്ടുകയോ ചെയ്യേണ്ടതാണ്. സെക്ഷൻ 144 ഉപവകുപ്പ് 2 പ്രകാരം തെരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിച്ചതിനുശേഷം മൂന്നുമാസത്തിനകം നിക്ഷേപം തിരിച്ച് നൽകേണ്ടതാണ് സെക്ഷൻ 144 ഉപവകുപ്പ് 4(3) പ്രകാരം സ്ഥാനാർത്ഥികൾ തെരഞ്ഞെടുക്കപ്പെടാതിരിക്കുകയും, സാധുവായ വോട്ടുകളുടെ ആകെ എണ്ണത്തിന്റെ 1/6 കവിയാതിരിക്കുകയുമാണെങ്കിൽ നിക്ഷേപം കണ്ടുകെട്ടുന്നതാണ്. 2023-24 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് B-7 ഷെഡ്യൂൾ, ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം 14,000/- രൂപ തെരഞ്ഞെടുപ്പ് നിക്ഷേപം അവശേഷിക്കുന്നുണ്ട് (08.02.2023, 09.02.2023 തീയതികളിൽ നിക്ഷപിച്ചത്) എന്നാൽ നാളിതുവരെ നിക്ഷേപം പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടാൻ നടപടി സ്വീകരിച്ചിട്ടില്ല.

### 1-1-10 വാർഷിക ധനകാര്യ പത്രികയിലെയും ഡി.സി.ബി സ്റ്റേറ്റ്മെന്റിലെയും വസ്തു നികുതി കളക്ഷൻ തുക വ്യത്യാസപ്പെട്ടിരിക്കുന്നു

വസ്തു നികുതി റസിഡൻഷ്യൽ, നോൺ-റസിഡൻഷ്യൽ ഇനങ്ങളിലെ 2023-24 വർഷത്തെ കളക്ഷൻ വാർഷിക ധനകാര്യ പത്രികയിലെയും സഞ്ചയ ഡി.സി.ബി സ്റ്റേറ്റ്മെന്റിലെയും താഴെപറയും പ്രകാരം

വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഇനം | വാർഷിക ധനകാര്യ പത്രിക RP-45 പ്രകാരം | സഞ്ചയ ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരം |
|---|---|---|
| വസ്തു നികുതി (റസിഡൻഷ്യൽ) | 17,10,248 | 17,11,570 |
| വസ്തു നികുതി (നോൺ-റസിഡൻഷ്യൽ) | 15,95,589 | 15,96,229 |

1-1-11 ഉദ്ദേശം പ്രതിഫലിക്കുന്ന ഹെഡിൽ ചെലവ് ബുക്ക് ചെയ്തിട്ടില്ല

Maintenance Fund ഉപയോഗിച്ച് റവന്യൂ ചെലവുകൾക്കായി പദ്ധതി നടപ്പാക്കിയിട്ടുണ്ടെങ്കിലും Income & Expenditure Statement I-14 (E) Maintenance Project ഹെഡ്ഡിൽ ചെലവ് കാണിച്ചിട്ടില്ല.

1-1-12 അംഗൻവാടി കെട്ടിട നിർമ്മാണം പദ്ധതിക്കായി കൈമാറിയ തുകയുടെ വിശദാംശങ്ങൾ വാർഷിക കണക്കിലും രജിസ്റ്ററിലും ഉൾപ്പെടുത്തിയിട്ടില്ല

അസിസ്റ്റന്റ് സെക്രട്ടറി നിർവഹിച്ച പ്രോജക്ട് നം.162/24 തെങ്ങുള്ളമലയിൽ അംഗൻവാടി കെട്ടിട നിർമ്മാണം പദ്ധതിക്കായി MGNREGA സംസ്ഥാന തൊഴിലുറപ്പ് മിഷന്റെ അക്കൗണ്ടിലേക്ക് 3,00,000 രൂപ കൈമാറിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. എന്നാൽ ഇത് ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂൾ, അഡ്വാൻസ് രജിസ്റ്റർ എന്നിവയിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-2 ബജറ്റ്

ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ ബജറ്റ് 27.03.2023 തീയതിയിലെ 1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. 2023-24 വർഷത്തെ പുതുക്കിയ ബജറ്റ് 09.02.2024 തീയതിയിലെ 2 നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ്-ചെലവു കണക്കുകൾ താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 22,22,163 |
| വരവ് | 36,03,47,120 |
| ആകെ | 36,25,69,283 |
| ചെലവ് | 35,61,85,376 |
| നീക്കിയിരിപ്പ് | 63,83,907 |

1-3 സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2,47,58,380 |
| ഓഡിറ്റ് വർഷത്തെ വരവ് | 4,35,27,349 |
| ആകെ | 6,82,85,729 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ചെലവ് | 4,06,80,299 |
| നീക്കിയിരിപ്പ് | 2,76,05,430 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ചെലവഴിക്കാത്ത തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 1,88,52,000 | 1,88,52,000 | 1,25,86,784 | 62,65,216 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 84,08,000 | 84,08,000 | 59,12,058 | 24,95,942 |
| മെയിന്റനൻസ്, റോഡ് | 0 | 70,82,650 | 70,82,650 | 30,80,415 | 40,02,235 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 30,96,600 | 30,96,600 | 30,90,483 | 6,117 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ് | 21,91,815 | 32,40,429 (31,22,000 + പലിശ 1,18,429) | 54,32,244 | 19,48,067 | 34,84,177* |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ - ടൈഡ് ഗ്രാന്റ് | 27,42,814 | 23,41,000 | 50,83,814 | 32,53,579 | 18,30,235* |

* CFC ഗ്രാന്റുകളുടെ വിവരം AFS നെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയതാണ്. IKM പത്രിക, ACR എന്നിവയിലെ കണക്കുകളിൽ പൊരുത്തക്കേടുണ്ട്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 205 | 18,60,03,785 | 99 | 4,39,17,749 | 106 | 48.29 % |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| കൃഷിഓഫീസർ | 7 | 3 | 42,07,960 | 8,25,650 | 19.62% |
| വെറ്ററിനറി സർജൻ | 3 | 3 | 5,10,000 | 5,03,188 | 98.66% |
| മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 21 | 18 | 53,37,574 | 38,72,960 | 72.56% |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | 3 | 1 | 6,80,993 | 4,50,000 | 66.07% |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | 4 | 2 | 17,34,225 | 8,50,924 | 49.06% |
| അസിസ്റ്റന്റ് എഞ്ചിനീയർ | 76 | 26 | 3,01,88,141 | 92,58,646 | 30.66% |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 24 | 9 | 9,71,27,300 | 1,45,81,484 | 15.01% |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11 | 7 | 85,56,553 | 43,41,259 | 50.73% |
| സെക്രട്ടറി | 41 | 20 | 2,96,14,897 | 49,82,052 | 16.82% |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 38,00,000 | 27,20,000 | 71.57% |
| അസി.സെക്രട്ടറി | 6 | 4 | 30,52,292 | 11,33,536 | 37.13% |
| ഹെഡ് മാസ്റ്റർ | 7 | 4 | 11,93,850 | 3,98,050 | 33.34% |
| | 205 | 99 | 18,60,03,785 | 4,39,17,749 | 23.61% |

ഡി.പി.സി. അഗീകാരം ലഭിച്ച 205 പ്രൊജക്ടുകളിൽ 99 എണ്ണം ഓഡിറ്റ് വർഷം നടപ്പാക്കിയിട്ടുണ്ട്. ആകെ പദ്ധതി അടങ്കലായി 18,60,03,785/- രൂപ വകയിരുത്തിയതിൽ 4,39,17,749/- രൂപ മാത്രമാണ് പദ്ധതിക്കായി ചെലവഴിച്ചിട്ടുള്ളത്.

## 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക |
|---|---|
| കർഷകതൊഴിലാളി പെൻഷൻ | 79,96,400 |

| | |
|---|---|
| വിധവാപെൻഷൻ | 97,70,000 |
| വാർദ്ധക്യകാലപെൻഷൻ | 1,84,14,100 |
| വികലാംഗപെൻഷൻ | 34,27,300 |
| 50 വയസ്സു കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2,16,400 |

1-7 ക്യാഷ് ബാലൻസ് പരിശോധന

1994 – ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27-11-2024 തീയതി വൈകീട്ട് 4.00 ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 71,976/- രൂപ ക്യാഷ് നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

1-8 2023-24 വർഷം നികുതി അസ്സസ്സ് ചെയ്ത കെട്ടിടങ്ങൾക്ക് പുതിയ നിരക്കുകൾ ബാധകമാക്കിയില്ല - പഞ്ചായത്തിന് നികുതി നഷ്ടം

05.04.2023 ലെ സ.ഉ(അച്ചടി).നം.25/2023/LSGD ഉത്തരവ് പ്രകാരം വസ്തു നികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധി വിജ്ഞാപനം ചെയ്യുകയും 22.03.2023 ലെ സ.ഉ(സാധാ) 77/2023/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. വസ്തു നികുതിയുടെ പരിഷ്കരിച്ച നിരക്കുകൾ ഭരണ സമിതിയുടെ 29.05.2023 ലെ 4(1)/2023 നമ്പർ തീരുമാന പ്രകാരം താത്കാലികമായി പുതുക്കി നിശ്ചയിച്ച് 06.06.2023 ന് പത്രത്തിൽ കരട് വിജ്ഞാപനം പുറപ്പെടുവിക്കുകയും നിരക്കുകൾ 27.07.2023 ന് 4(1)/2023 നമ്പർ തീരുമാന പ്രകാരം അന്തിമമാക്കി വിജ്ഞാപനം ചെയ്തിട്ടുമുണ്ട്. എന്നാൽ 2023 ഏപ്രിൽ 1 മുതൽ പുതുക്കിയ നിരക്ക് സഞ്ചയ സോഫ്റ്റ് വെയറിൽ മാറ്റം വരുത്തിയ തീയതി വരെ ബിൽഡിംഗ് നമ്പർ അനുവദിച്ച പുതിയ കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്കിൽ ഉള്ള ഡിമാൻഡ് കണക്കാക്കി നൽകിയിട്ടില്ല. ന്യൂ ബിൽഡിംഗ് രജിസ്റ്ററും സഞ്ചയ സോഫ്റ്റ്‌വെയറും പരിശോധിച്ചതിൽ ക്രമ നമ്പർ 115 വരെ ന്യൂ ബിൽഡിംഗ് രജിസ്റ്ററിൽ നമ്പർ നൽകിയ കെട്ടിടങ്ങൾക്ക് നികുതി പുതുക്കി നൽകാനുണ്ട്.
നികുതി പുതുക്കി നിശ്ചയിക്കാത്തതിനാൽ 2024-2025 സാമ്പത്തിക വർഷവും വസ്തു നികുതി പഴയ നിരക്കിൽ ഉള്ള ഡിമാൻഡ് കണക്കാക്കി ആണ് അടവാക്കുന്നത്. ചില ഉദാഹരണങ്ങൾ ചുവടെ നൽകുന്നു
.

| വാർഡ് നമ്പർ/ കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | സഞ്ചയ പ്രകാരം നിലവിലെ നിരക്ക് | പുതുക്കിയ നിരക്ക് |
|---|---|---|---|
| 8/330 C | റുഖിയ | 4 | 6 (300sq.M താഴെ ) |
| 5/69 A | അഹമ്മദ് | 4 | 6 (300sq.M താഴെ ) |
| 4/162 A | ഷിജു | 4 | 6 (300sq.M താഴെ ) |
| 13/78 A-E | ഷാജി | 50 | 75 (വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ളവ) |
| 10/227 A | അസൈനാർ, കുഞ്ഞബ്ദുള്ള, അബ്ദുറഹിമാൻ | 50 | 70 (വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ളവ) |

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 4/2023-24 തിയ്യതി 02.12.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് എല്ലാ കെട്ടിടങ്ങൾക്കും

പുതുക്കിയ നിരക്കിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-9 വസ്തുനികുതി അപാകത പരിഹരിക്കുന്നതിന് ഫീൽഡ് തല സർവ്വെ നടത്തിയില്ല.

കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും ) ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം പഞ്ചായത്ത് പരിധിയിൽ ഏതെങ്കിലും കെട്ടിടം പണിയുകയോ പുതുക്കി പണിയുകയോ ചെയ്യുന്ന സംഗതിയിൽ, കെട്ടിടത്തിൽ ആൾ താമസിക്കുകയോ കെട്ടിടം മറ്റേതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിലേതാണോ നേരത്തെ സംഭവിക്കുന്നത് ആ തീയതി മുതൽ പതിനഞ്ച് ദിവസത്തിനകം കെട്ടിട ഉടമ സെക്രട്ടറിക്ക് അത് സംബന്ധിച്ച നോട്ടീസ് നൽകേണ്ടതുണ്ട്. മേൽപറഞ്ഞ വിവരങ്ങൾ സമയബന്ധിതമായി അറിയിക്കാതിരുന്ന കെട്ടിട ഉടമകളെ (സ. ഉ (കൈ)77/2023/തസ്വഭവ തീ.22-03-23 പ്രകാരം) 2023 മെയ് 15നകം വിവരങ്ങൾ അറിയിക്കുന്ന പക്ഷം ചട്ടങ്ങൾ പ്രകാരമുള്ള പിഴകളിൽ നിന്ന് ഒഴിവാക്കിയിരുന്നു. കൂടാതെ ഉടമ അറിയിച്ചാലും ഇല്ലെങ്കിലും ഫീൽഡ് പരിശോധന നടത്തി വിവരങ്ങൾ ഡേറ്റാബേസിൽ ഉൾപ്പെടുത്തി 30-06-2023 നകം നികുതി പുനർനിർണ്ണയിക്കുവാനും സർക്കാർ നിർദ്ദേശിച്ചിരുന്നു. (ഉത്തരവിന്റെ 8,9,10 ഖണ്ഡികകൾ കാണുക).

ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

ഫീൽഡ് തല പരിശോധനക്കായി ഐ.ടി.ഐ, ഡിപ്ലോമ യോഗ്യത ഉള്ള 6 പേരെ നിയോഗിച്ചിട്ടുണ്ട്. എത്ര വാർഡിൽ പരിശോധന പൂർത്തീകരിച്ചു എന്നതിന്റെ വിവരങ്ങൾ ലഭ്യമല്ല. നാളിതുവരെ ഫീൽഡ് പരിശോധന നടത്തിയതിന്മേൽ തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

33 ലക്ഷം രൂപ മാത്രം വസ്തുനികുതി ഡിമാൻഡുള്ള ഗ്രാമപഞ്ചായത്തിലെ കെട്ടിടങ്ങളുടെ നിലവിലെ സ്ഥിതി പരിശോധിച്ച് വസ്തുനികുതി പുനഃനിർണ്ണയം നടത്താതിരുന്നത് പഞ്ചായത്തിന്റെ ഉത്തമസാമ്പത്തിക താൽപര്യങ്ങൾക്ക് വിരുദ്ധമാണ്. ഫീൽഡ് തല സർവ്വെ സർക്കാർ നിർദ്ദേശാനുസരണം നടത്താതിരുന്നതിന്റെ കാരണം വിശദീകരിക്കുന്നതിനായി സെക്രട്ടറിക്ക് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (3/23-24/02.12.24) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.സർക്കാർ നിർദ്ദേശം നടപ്പാക്കി വസ്തുനികുതി സംബന്ധിക്കുന്ന സർവ്വെ നടത്തി നികുതി പരിഷ്കരിച്ച് 2023-24 വർഷത്തെ അടിസ്ഥാനമാക്കി ഉണ്ടായ വർദ്ധനവിന്റെ വിവരം ഓഡിറ്റ് വകുപ്പിനെ ബോധ്യപ്പെടുത്തേണ്ടതാണ്. നികുതി ചോർച്ച തടയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഗ്രാമപഞ്ചായത്തിലെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-10 കൊമേഷ്യൽ കെട്ടിടത്തിന് നമ്പർ അനുവദിച്ച ശേഷം പാർക്കിംഗ്, ശുചീകരണ സൗകര്യങ്ങളിൽ മാറ്റങ്ങൾ വരുത്തി

വാണിജ്യ കെട്ടിടത്തിന് ഒക്യുപ്പൻസിയും കെട്ടിട നമ്പറും വാങ്ങിയ ശേഷം കെട്ടിടത്തിൽ ചട്ടവിരുദ്ധമായ മാറ്റങ്ങൾ വരുത്തുന്നതായി കാണുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| | |
|---|---|
| കെട്ടിട നമ്പർ | 13/78 A-E |
| കെട്ടിട ഉടമ | ഷാജി പുതിയോട്ടിൽ, മുയിപ്പോത്ത്, മുയിപ്പോത്ത്, 673524 |
| റീ സർവേ നമ്പർ | R/S -15/60 |
| വില്ലേജ് | ചെറുവണ്ണൂർ |
| വാർഡ് നമ്പർ | 13- മുയിപ്പോത്ത് |

| | |
|---|---|
| കെട്ടിടത്തിന്റെ ഉപയോഗക്രമം (സഞ്ചയ പ്രകാരം) | വാണിജ്യാവശ്യത്തിനുള്ളവ-100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ |
| പെർമിറ്റ് നമ്പർ | A4/3000/2021 |

മേൽ പറഞ്ഞ കെട്ടിടത്തിന്റെ നമ്പറിംഗിന് ശേഷം പഞ്ചായത്ത് നിയോഗിച്ച ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ 28.11.2024 ന് സ്ഥല പരിശോധന നടത്തിയതിൽ താഴെപറയുന്ന അപാകതൾ കണ്ടെത്തി.

പാർക്കിംഗ് സൗകര്യം

2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 29, പട്ടിക 10 പ്രകാരം, 90 ച.മീറ്ററിൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങൾക്ക് 1200 ച.മീ വരെ തറ വിസ്തൃതിക്ക് 90 ച.മീ, 1200 ച.മീ തറ വിസ്തൃതി കവിഞ്ഞുള്ളതിന് 60 ച.മീ എന്ന നിരക്കിൽ പാർക്കിംഗ് ഒരുക്കേണ്ടതാണ്. അതായത് 151.67 ച.മീ തറ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടത്തിന് 1 കാർ പാർക്കിംഗ് 2.7 M X 5.5 M അളവിലും 1 ഡിസേബിൾഡ് കാർ പാർക്കിംഗ് 3.5 M X 5.5 M അളവിലും സ്ഥലം ഒരുക്കേണ്ടതാണ്. ഇവ അംഗീകരിച്ച പാർക്കിംഗ്, സൈറ്റ് കംപ്ലീഷൻ പ്ലാനുകളിൽ കാണിച്ചിട്ടുണ്ട്. എന്നാൽ സ്ഥല പരിശോധനയിൽ പാർക്കിംഗ് പ്ലാനിൽ Parking രേഖപ്പെടുത്തിയ സ്ഥലത്ത് അനധികൃതമായി നിർമ്മാണം നടത്തിയതായി കണ്ടു. കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന് ഉള്ളിൽ കാർ പാർക്കിംഗ് കാണിച്ച സ്ഥലത്ത് റാമ്പ് പൊളിച്ച് ടൈൽ ഇട്ട് ഷോപ്പ് ആക്കി മാറ്റിയിരിക്കുകയാണ് .

ശുചീകരണ സൗകര്യം

കെട്ടിടത്തിന് ബാധകമായ 2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 34, പട്ടിക13 പ്രകാരം ഓരോ 5.9 നിർമ്മിത വിസ്തീർണ്ണത്തിനും ഒരാൾ എന്ന തോതിൽ കുറയാതെ ഓരോ കെട്ടിടത്തിനും ശുചീകരണ സൗകര്യം ഉണ്ടായിരിക്കേണ്ടതാണ്.

കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ താഴത്തേയും മുകളിലെ നിലകളിലെ ഷോപ്പ് മുറികളിൽ ആണ് ടോയ്‌ലറ്റ് സൗകര്യം കാണിച്ചിട്ടുള്ളത്. എന്നാൽ സ്ഥല പരിശോധനയിൽ ടോയ്‌ലറ്റ് പൊളിച്ച് മാറ്റിയിട്ടുണ്ടെന്ന് കണ്ടു. നിലവിൽ കെട്ടിടത്തിൽ ടോയ്‌ലറ്റ് സൗകര്യം ഇല്ല.

മേൽ പരാമർശിച്ച കെട്ടിടത്തിലെ അനധികൃത നിർമ്മാണങ്ങൾക്കെതിരെ സ്വീകരിച്ചിട്ടുള്ള തുടർനടപടികളുടെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം: 6/02.12.24) മറുപടി ലഭ്യമാക്കിയിട്ടില്ല.

രണ്ട് നിലകൾ വരെയുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളും, 50 ചതുരശ്രമീറ്റർ വരെയുള്ള വാണിജ്യ കെട്ടിടങ്ങളും, മതപരമായ കെട്ടിടങ്ങളും, ഗ്രൂപ്പ് ജി1, ജി2, ഐ എന്നിവയിൽ ഉൾപ്പെട്ട കെട്ടിടങ്ങളും ഒഴികെയുള്ള എല്ലാ കെട്ടിടങ്ങളും ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ നിർബന്ധമായും പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തേണ്ടതാണെന്ന് 2019ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 21(1)ൽ വ്യക്തമാക്കിയിട്ടുണ്ട്. പിന്നീട് രണ്ട് വർഷത്തിന് ശേഷം ഏപ്പോൾ വേണമെങ്കിലും പോസ്റ്റ് ഒക്യുപെൻസി നടത്താമെന്ന് മേൽ ചട്ടത്തിലെ ചട്ടം 21(2)ലും വ്യക്തമാക്കിയിട്ടുണ്ട്. ഒക്യുപ്പൻസിയും കെട്ടിട നമ്പറും വാങ്ങിയ ശേഷം കെട്ടിടത്തിൽ ചട്ട വിരുദ്ധമായ മാറ്റം വരുത്തി ഉപയോഗിക്കുന്നത് തടയാൻ കഴിയാത്തത് പോസ്റ്റ് ഒക്യുപ്പൻസി കൃത്യമായ ഇടവേളകളിൽ നടത്താത്തതുകൊണ്ടാണ് എന്ന് വ്യക്തമാണ്.

ഖണ്ഡികയിൽ നിർദ്ദേശിച്ച പ്രകാരം പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് എല്ലാ വാർഡുകളിലും കൃത്യമായ ഇടവേളകളിൽ നടത്തി അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി നിയമ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-11 ാഓതനത് വരുമാനം വർദ്ധിപ്പിക്കുന്നതിനും, പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നടപടിയില്ല.

തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനും പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും പഞ്ചായത്തിന് പരിഗണിക്കാവുന്ന ചില മേഖലകൾ ചുവടെ പരാമർശിക്കുന്നു.

1.പഞ്ചായത്തിന്റെ ലൈസൻസ് ഫീ, തൊഴിൽ നികുതി ഡിമാന്റുകൾ പൂർണ്ണമല്ല. ഹരിതകർമ്മസേനയുടെ ഹരിതമിത്രം പോർട്ടലിൽ 438 ആക്റ്റീവ് ആയിട്ടുള്ള വാണിജ്യ സ്ഥാപനങ്ങൾ (ഷോപ്പുകൾ,പൗൾട്ടറി ഫാർമുകൾ, സലൂണുകൾ, ഹോട്ടലുകൾ, തെരുവ് കച്ചവടക്കാർ ഉൾപ്പടെ) ഉണ്ട്. എന്നാൽ 2023 -24 ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 408 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത് . ഹരിതമിത്രം പോർട്ടൽ പ്രകാരം 52 വിദ്യാഭാസ സ്ഥാപനങ്ങളും 20 ആരോഗ്യ മേഖലയിലെ സ്ഥാപനങ്ങളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ 2023-24 വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ 16 വിദ്യാഭ്യാസ സ്ഥാപങ്ങളിലെ ജീവനക്കാരും 9 ആരോഗ്യ മേഖലയിലെ സ്ഥാപനങ്ങളിലെ ജീവനക്കാരും മാത്രമാണ് തൊഴിൽ നികുതി ഒടുക്കുന്നത്. തൊഴിൽ നികുതി, ലൈസൻസ് ഡിമാൻഡ് വർധിപ്പിച്ച തനത് വരുമാനം വർധിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. 2011-ലെ കേരള പഞ്ചായത്ത് രാജ്( വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും)ചട്ടങ്ങൾ പ്രകാരം വസ്തു നികുതിയിൻമേൽ സേവന ഉപനികതി ചുമത്താമെങ്കിലും ആയതിനുള്ള സാധ്യതകൾ പഞ്ചായത്ത് പ്രയോജനപ്പെടുത്തുന്നില്ല. ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്നും പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപത്തോ ശുചിത്വ പരിപാലനം, ജല വിതരണം, തെരുവ് വിളക്കുകളും ഡ്രെയിനേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. ചുമത്താവുന്ന ഏറ്റവും കുറഞ്ഞ സേവന ഉപനികുതി നിരക്കുകൾ ചട്ടം 27-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

| സേവനം | ചുമത്താവുന്ന കുറഞ്ഞ സേവന ഉപനികുതി |
|---|---|
| ശുചിത്വ പരിപാലനം | വസ്തുനികുതിയുടെ 4%-ൽ കുറയാത്ത തുക |
| ജല വിതരണം | വസ്തുനികുതിയുടെ 3%-ൽ കുറയാത്ത തുക |
| തെരുവു വിളക്കുകൾ | വസ്തുനികുതിയുടെ 2%-ൽ കുറയാത്ത തുക |
| ഡ്രെയിനേജ് | വസ്തുനികുതിയുടെ 1%-ൽ കുറയാത്ത തുക |

പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി വസ്തു നികുതിയിൻമേൽ സേവന ഉപനികുതി ചുമത്തുന്നതിനുള്ള സാധ്യതകൾ പഞ്ചായത്ത് പരിശോധിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

3. വിനോദ സഞ്ചാരത്തിന് വളരെയധികം സാധ്യതകൾ ഉള്ള പഞ്ചായത്താണ് ചെറുവണ്ണൂർ. ആവള പാണ്ടി ഉൾപെടുന്ന മേഖല ഗ്രാമീണ ടൂറിസത്തിന് സാധ്യതകൾ ഉള്ളതാണ്. വിനോദസഞ്ചാരത്തിന് സൗകര്യങ്ങൾ ഒരുക്കാൻ കഴിയുന്ന പല സ്ഥലങ്ങളും പഞ്ചായത്തിലുണ്ട്. 2000-ത്തിൽ ആധാരം നമ്പർ 764, 765, 766 പ്രകാരം പഞ്ചായത്ത് തന്നെ തീര് വാങ്ങിയ സ്ഥലങ്ങൾ ആവള പ്രദേശത് നിലവിൽ ഉണ്ട്. പഞ്ചായത്തിൽ നിഷിപ്തമായ അധികാരങ്ങളുടെ പരിധിയിൽ നിന്നുകൊണ്ട്, വരുമാനം ലഭിക്കുന്ന രീതിയിൽ പ്രസ്തുത സ്ഥലങ്ങൾ വികസിപ്പിച്ചെടുക്കുന്നതും നിലവിലുള്ള സ്ഥലങ്ങളിൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതും പരിഗണിക്കാവുന്നതാണ്.

4. പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ്

രണ്ട് നിലകൾ വരെയുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളും, 50 ചതുരശ്രമീറ്റർ വരെയുള്ള വാണിജ്യ കെട്ടിടങ്ങളും, മതപരമായ കെട്ടിടങ്ങളും, ഗ്രൂപ്പ് ജി 1, ജി 2, ഐ എന്നിവയിൽ ഉൾപ്പെട്ട കെട്ടിടങ്ങളും ഒഴികെയുള്ള എല്ലാ കെട്ടിടങ്ങളും ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ നിർബന്ധമായും പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തേണ്ടതാണെന്ന് 2019 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 21 (1) ൽ വ്യക്തമാക്കിയിട്ടുണ്ട്. പിന്നീട് രണ്ട് വർഷത്തിന് ശേഷം എപ്പോൾ വേണമെങ്കിലും പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്താമെന്ന് മേൽ ചട്ടത്തിലെ ചട്ടം 21 (2) ലും വ്യക്തമാക്കിയിട്ടുണ്ട്. ചട്ടപ്രകാരം പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തിയാൽ നികുതി നിർണ്ണയത്തിന് ശേഷം നടന്നിരിക്കാൻ സാധ്യതയുള്ള കൂട്ടിച്ചേർക്കലുകൾ, ഉപയോഗക്രമ മാറ്റം തുടങ്ങിയവയൊക്കെ കണ്ടെത്താൻ സാധിക്കുന്നതും ആയതിനനുസരിച്ച് നികുതി പുനർനിർണ്ണയം നടത്താൻ സാധിക്കുന്നതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിൽ പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തുന്നതായി കാണുന്നില്ല.

5. ഭൂ-നികുതി ഒടുക്കുന്ന സ്ഥലങ്ങളുടെ വിവരങ്ങൾ എഴുതിയ രജിസ്റ്റർ പ്രകാരം 123/1 റീ സർവ്വേ നമ്പറിൽ (ആധാരം നമ്പർ 1281/1/1998) 30 സെന്റ് വിസ്തീർണമുള്ള വ്യവസായ എസ്റ്റേറ്റ് പഞ്ചായത്തിന്റെ കൈവശം ഉണ്ട്. എന്നാൽ പ്രസ്തുത എസ്സ്റ്റേറ്റിൽ സംരംഭങ്ങൾ ഒന്നും പ്രവർത്തിക്കുന്നില്ല. പഞ്ചായത്ത് ഓഫീസിനോട് ചേർന്നുള്ള സ്ഥലത്ത് സ്ഥിതി ചെയ്യുന്ന പ്രസ്തുത എസ്റ്റേറ്റിൽ നിന്നും യാതൊരു വരുമാനവും ആർജ്ജിക്കാൻ സാധിക്കാത്തത് ആവശ്യമായ ഇടപെടലുകൾ ഈ മേഖലയിൽ നടത്താത്തതിനാലാണ്. വ്യവസായ എസ്റ്റേറ്റിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കേണ്ടതും അത് വഴി പഞ്ചായത്തിന് വരുമാനം വർധിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
മേൽ ഓഡിറ്റ് ശുപാർശകളിൻമേൽ സ്വീകരിച്ച തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

1-12 ജൽ ജീവൻ പദ്ധതിയുടെ സാധ്യതകൾ പരിശോധിക്കാതെ കുടിവെള്ള പദ്ധതികൾ ആസൂത്രണം ചെയ്തു.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി പൈക്കാട്ട് കുന്ന് കുടിവെള്ള പദ്ധതി, കൊത്തൻകോട്ട് പാറ കുടിവെള്ള പദ്ധതി, മഞ്ചേരി തറവട്ടത്ത് കുടിവെള്ള പദ്ധതി പൂർത്തീകരണം-രണ്ടാം ഘട്ടം, ചാലിയനകണ്ടി കുടിവെള്ള പദ്ധതി, എന്നിവ ഉൾപ്പെടെ 12 പദ്ധതികൾ പ്രകാരം പൈപ്പ് ലൈനുകൾ ദീർഘിപ്പിക്കൽ ഉൾപ്പെടെയുള്ള പ്രവൃത്തികളും മോട്ടോർ സ്ഥാപിക്കുന്നത് ഉൾപ്പെടെയുള്ള പൂർത്തീകരണ പ്രവൃത്തികളും മറ്റ് നവീകരണ പ്രവൃത്തികളും ആസൂത്രണം ചെയ്തിട്ടുണ്ട്.നാമ മാത്രമായ പദ്ധതികൾ മാത്രമെ ഓഡിറ്റ് വർഷത്തിൽ നിർവ്വഹിച്ചിട്ടുള്ളൂ.
ജൽ ജീവൻ മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് 2021 വർഷത്തിൽ തന്നെ സ്ഥാപനം ത്രികക്ഷി കരാറിൽ ഏർപ്പെട്ടിട്ടുള്ളതാണ്. എന്നാൽ ജൽ ജീവൻ പദ്ധതിയുടെ സാധ്യതകൾ പരിശോധിക്കാതെയാണ് മറ്റ് കുടിവെള്ള പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുള്ളത്. കൊത്തൻകോട്ട് പാറ കുടിവെള്ള പദ്ധതിയുടെ ഭാഗമായി ഭാഗികമായി പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി നിർവ്വഹിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭൂരിഭാഗം ഗുണഭോക്താക്കളും ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഗുണഭോക്താക്കളാകാനുള്ള സാധ്യത കൂടുതലാണ്. ഓഡിറ്റ് വർഷത്തിൽ പ്രസ്തുത പദ്ധതിയിലൂടെ ജലവിതരണം ആരംഭിച്ചിട്ടില്ലെന്നതും പ്രസക്തമാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

- 19.04.2022 തിയ്യതിയിലെ സ.ഉ.(കൈ) നം.84/2022/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 8.1 (23) പ്രകാരം ഗ്രാമീണ മേഖലയിൽ എല്ലാ കുടുംബങ്ങൾക്കും ഗുണനിലവാരമുള്ള കുടിവെള്ളം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ചിട്ടുള്ള "ജൽജീവൻ മിഷൻ" പരിപാടി വ്യാപിപ്പിക്കുന്നതിനും വിഹിതം നൽകുന്നതിനുമുള്ള പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളുടെ 15% വിഹിതം കണ്ടെത്തുന്നതിന് പൊതുവിഭാഗം സാധാരണ വിഹിതം, തനത് ഫണ്ട് എന്നിവ ഉപയോഗിക്കാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾക്ക് മതിയായ വിഹിതം കണ്ടെത്താൻ കഴിയുന്നില്ലെങ്കിൽ ബ്ലോക്ക് — ജില്ലാ പഞ്ചായത്തുകൾക്ക്

വിഹിതം നൽകാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്തതിന്റെ കാരണം വ്യക്തമല്ല. പദ്ധതികൾ നാളിതുവരെയും പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ അടിയന്തിര സാഹചര്യം മുൻനിർത്തി ആസൂത്രണം ചെയ്തവയല്ലെന്നതും വ്യക്തമാണ്.

ജൽ ജീവൻ മിഷൻ പോലുള്ള ശാശ്വത പരിഹാരത്തിനുള്ള പദ്ധതി 2024-25 വർഷത്തിൽ നിലവിൽ വരുമെന്ന വസ്തുത പരിഗണിക്കാതെ കുടിവെള്ള പദ്ധതികൾ ഭാഗികമായി ആസൂത്രണം ചെയ്യുന്നതിന്റെ കാരണം വ്യക്തമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.16,തിയ്യതി.02.12.2024) സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത മൂലം കുടിവെള്ള വിതരണ പദ്ധതികളിൽ ഇരട്ടിപ്പുണ്ടാവാനും നിഷ്ക്രിയ ആസ്തികൾ സൃഷ്ടിക്കപ്പെടാനും പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാവാനും സാധ്യതയുണ്ട്. തുടർ വർഷത്തെ പദ്ധതികളുടെ ആസൂത്രണത്തിൽ പ്രസ്തുത ഘടകങ്ങൾ ശ്രദ്ധിക്കേണ്ടതും അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 1-13 ആസ്തി നിർമ്മാണ പ്രവൃത്തികൾ ഭാഗികമായി ആസൂത്രണം ചെയ്യുന്നു.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ അറക്കൽ പാലം പെരിഞ്ചേരി കടവ് , കൊത്തൻകോട്ട് കുടിവെള്ള പദ്ധതി പൂർത്തീകരണം എന്നീ പദ്ധതികളുടെ ആസൂത്രണത്തിൽ താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

ആസ്തി നിർമ്മാണ/പുനരുദ്ധാരണ പ്രവൃത്തികൾ ഭാഗികമായാണ് ആസൂത്രണം ചെയ്ത് നിർവ്വഹിച്ചിട്ടുള്ളത്. ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ പ്രൊജക്ടുകളും വിഭവങ്ങളുടെ നേരിയ തോതിലുള്ള വിന്യാസവും ഒഴിവാക്കേണ്ടതാണെന്ന് 19.04.2022 തിയ്യതിയിലെ സ.ഉ (കൈ) നം. 84/2022/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ ഖണ്ഡിക 2.4(8) ൽ വ്യക്തമാക്കിയിട്ടുണ്ട്. ഒരു ആസ്തി നിർമ്മാണ പ്രോജക്ട് തയ്യാറാക്കുമ്പോൾ ആ ആസ്തി ഉപയോഗിക്കാൻ കഴിയണമെങ്കിൽ എന്തെല്ലാം പ്രവൃത്തികൾ ചെയ്യണമോ അതെല്ലാം പ്രോജക്ടിൽ നിർബന്ധമായും ഉൾപ്പെടുത്തണം. അടങ്കൽ ചെയ്യുന്ന തുകയ്ക്ക് അനുസൃതമായി ഭാഗികമായി മാത്രം പ്രവൃത്തികൾ ആസൂത്രണം ചെയ്ത് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് അഭികാമ്യമല്ല. തുകയുടെ പരിമിതിയുണ്ടെങ്കിൽ ബഹുവർഷ പ്രോജക്ടായി ഏറ്റെടുക്കുന്നതാണ് ഉചിതമാവുക. വിവിധ കുടിവെള്ള പദ്ധതികളുടെ ആസൂത്രണത്തിലും സമാനമായ അപാകത ഉണ്ടായിട്ടുണ്ട്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.18,തിയ്യതി.02.12.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പദ്ധതികൾ അടിയന്തിരമായി പൂർത്തീകരിച്ച് അറിയിക്കേണ്ടതും തുടർ വർഷങ്ങളിലെ ആസൂത്രണത്തിൽ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-14 കോംപാക്ടിംഗിന് തെറ്റായ ഇനം തെരഞ്ഞെടുത്തു- പഞ്ചായത്ത് ഫണ്ടിന് നഷ്ടം.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ കക്കറമുക്ക് മാലേരി താഴെ റോഡ് നവീകരണം എന്ന പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയതിലും നിർവ്വഹണത്തിലും താഴെ പറയുന്ന അപാകതകൾ കാണുന്നു.

| | |
|---|---|
| പ്രൊജക്ട് നം, പേര് | 113/24, കക്കറമുക്ക് മാലേരി താഴെ റോഡ് |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| ടി.എസ് നമ്പർ | 97260/2023 |

| | |
|---|---|
| കരാറുകാരൻ | കുഞ്ഞമ്മദ്.ഇ.എം. |
| കരാർ നം | AE/LSGD/17/23-24 DATED 09-02-2024 |
| അടങ്കൽ | 5,00,000/- |
| ചെലവ് | 4,99,382/- |
| ബിൽ വിശദാംശം | 295/14.03.2024, മെയിന്റനൻസ് ഗ്രാന്റ് |

. നിലവിലുള്ള റോഡിൽ പുനരുദ്ധാരണ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനാണ് പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളത്. കോംപാക്ട് ചെയ്യുന്നതിനായി എസ്റ്റിമേറ്റിൽ വിഭാവനം ചെയ്ത പ്രൈസിലെ (മോർഡ് സ്പെസിഫിക്കേഷൻ) 3.15.2 പ്രകാരമുള്ള ഇനമാണ് ഉപയോഗിച്ചിട്ടുള്ളത്. മോർഡ് ടെക്നിക്കൽ സ്പെസിഫിക്കേഷന് ക്ലോസ് 303.5.2 പ്രകാരമുള്ള പ്രസ്തുത ഇനം സബ്ഗ്രേഡ് നിർമ്മാണവുമായി ബന്ധപ്പെട്ടുള്ളതാണ്. 3.15.2 ൽ മോട്ടോർ ഗ്രേഡർ പോലുള്ള ഉപകരണങ്ങൾ ഉപയോഗപ്പെടുത്തിയാണ് സബ്ഗ്രേഡ് കോംപാക്ട് ചെയ്യുന്നത്. എം ബുക്ക് പ്രകാരം റീടാറിംഗ് പ്രവൃത്തി നിർവ്വഹിച്ച മുഴുവൻ ചെയിനേജിലും കോംപാക്ടിംഗ് ചെയ്തതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. റീ ടാറിംഗ് പ്രവൃത്തി നിർവ്വഹിച്ച 115 മീറ്റർ ചെയിനേജിലും റോഡിന്റെ ബിറ്റുമിൻ പ്രതലം, സബ് ബേസ്, ബേസ്, സബ് ഗ്രേഡ് എന്നിവ തകർന്ന നിലയിലായിരുന്നു എന്നത് പരിഗണനീയമല്ല. നിലവിലുള്ള റോഡിൽ ഫൈൻ ഗ്രേഡിംഗിനുള്ള മോട്ടോർ ഗ്രേഡർ ഉപയോഗിച്ചുള്ള കോംപാക്ടിംഗിന്റെ അനിവാര്യത വ്യക്തമാക്കിയിട്ടില്ല. കോംപാക്ടിംഗ് അനിവാര്യമായിരുന്നെങ്കിൽ പോലും 3.15.1 പ്രകാരമുള്ള ഇനം തെരഞ്ഞെടുത്ത് പ്രവൃത്തി നിർവ്വഹിക്കാമായിരുന്നു. അപാകത മൂലം താഴെ പറയും പ്രകാരമുള്ള അധിക ചെലവ് പഞ്ചായത്ത് ഫണ്ടിനുണ്ടായിട്ടുണ്ട്.

| 3.15.2 പ്രകാരം നിർവ്വഹിച്ച പ്രവൃത്തിയുടെ അളവ്, കരാറുകാരന് നൽകിയ തുക | 3.15.1 പ്രകാരം പ്രവൃത്തി നിർവ്വഹിച്ചിരുന്നെങ്കിൽ നൽകേണ്ടിയിരുന്ന തുക (15.69 രൂപ നിരക്കിൽ) | അധികമായി ചെലവഴിച്ച തുക |
|---|---|---|
| 52.899 Cum, 3363.32 | 15.69×52.899×1.18=979.38 | 2384 |

സമാനമായ മറ്റ് പ്രവൃത്തികളിലെല്ലാം തന്നെ 3.15.1 പ്രകാരമുള്ള പ്രവൃത്തി ആസൂത്രണം ചെയ്താണ് നിർവ്വഹിച്ചിട്ടുള്ളതെന്നതും പ്രസക്തമാണ്. ഉദാ- മാനവ കുറൂര കടവ് റോഡ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.23,തിയ്യതി.03.12.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും നഷ്ടതുക ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 1-15 ബഡ്സ് സ്കൂൾ- പദ്ധതിക്ക് മതിയായ തുക വകയിരുത്തിയില്ല.

പ്രോജ.നം - 85/23-24

നിർവ്വഹണം- അസി.സെക്രട്ടറി

വകയിരുത്തിയ തുക- 6,19,000/-

ചെലവഴിച്ച തുക -6,11,536/-

പഞ്ചായത്തിലെ ബഡ്സ് സ്കൂൾ ടീച്ചർ, ഹെൽപ്പർ എന്നിവർക്ക് ഓണറേറിയം നൽകുന്നതിനും ബഡ്സ് സ്കൂൾ കുട്ടികൾക്ക് യാത്രാ സൗകര്യം ഒരുക്കുന്നതിനും ആയാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. പദ്ധതി പ്രകാരം ബഡ്സ് സ്കൂൾ ടീച്ചർക്ക് 20,000/- രൂപ നിരക്കിലും ഹെൽപ്പർക്ക് 10,000/- രൂപ നിരക്കിലുമാണ് 03/23 മുതൽ 07/23 വരെ ഓണറേറിയം നൽകിയിട്ടുള്ളത്. പഞ്ചായത്തിന്റെ 24-07-2023 ലെ 18/1 നമ്പർ തീരുമാനപ്രകാരം ബഡ്സ് സ്കൂൾ ടീച്ചറുടെയും ആയയുടെയും ഓണറേറിയം യഥാക്രമം 23,000/-, 12,000/- എന്നാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 08/23 മുതൽ വർദ്ധിപ്പിച്ച ഓണറേറിയം നൽകി തുടങ്ങി.

28-05-2022 ലെ സ.ഉ(എം.എസ്)നം. 115/2022 പ്രകാരം ബഡ്സ് സ്കൂൾ സ്പെഷ്യൽ ടീച്ചർക്ക് 32560/- രൂപയും ആയമാർക്ക് 18,390/- രൂപയും ഓണറേറിയം അനുവദിക്കാമെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഹോണറേറിയം വർദ്ധിപ്പിച്ച സർക്കാർ ഉത്തരവ് നിലനിൽക്കെയാണ് ബഡ്സ് സ്കൂൾ സ്പെഷ്യൽ ടീച്ചർക്കും ഹെൽപ്പർക്കും ഇപ്രകാരം കുറഞ്ഞ തുക നൽകുന്നതിനായി പഞ്ചായത്ത് തീരുമാനമെടുത്തിരിക്കുന്നത്.

കൂടാതെ 07/23 ലെ ബഡ്സ് സ്കൂൾ ടീച്ചർ, ഹെൽപ്പർ എന്നിവർക്ക് ഓണറേറിയം നൽകുന്നതിനും ബഡ്സ് സ്കൂൾ കുട്ടികൾക്ക് യാത്രാ സൗകര്യം ഒരുക്കുന്നതിനും തുക ചെലവഴിച്ചിരിക്കുന്നത് പദ്ധതിയ്ക്ക് പുറത്തുള്ള തനത് ഫണ്ട് ഉപയോഗിച്ചാണ് (വൗച്ചർ നം- 22300381 Dtd 07-09-23 Rs=20,000/-, 22300382 Dtd 07-09-23 Rs=13,500/-, 223005871 Dtd 04-12-23 Rs=10,000/-). ഇപ്രകാരം പദ്ധതിയ്ക്ക് പുറത്ത് തുക ചെലവഴിച്ചതിനാൽ ഈ ചെലവ് വാർഷിക കണക്കിലെ I-14 ൽ ഉൾപ്പെട്ടിട്ടില്ല.

പദ്ധതി രൂപീകരണത്തിന് മുൻപ് കൃത്യമായ സർക്കാർ ഉത്തരവ് ഓണറേറിയം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുണ്ടായിരുന്നിട്ടും മതിയായ ഓണറേറിയം വകയിരുത്താതെ പദ്ധതി ആസൂത്രണം ചെയ്യുകയും തൻവർഷത്തെ മുഴുവൻ ചെലവും പദ്ധതി തുക കൊണ്ട് വിനിയോഗിക്കാൻ കഴിയാതെ തനത് ഫണ്ടിൽ നിന്നും പദ്ധതിയ്ക്ക് തുക ചെലവഴിച്ചതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (07/23-24 തീയതി. 02-12-2024) മറുപടി ലഭ്യമാക്കിയിട്ടില്ല. മതിയായ തുക വകയിരുത്തി പദ്ധതി തുടർവർഷത്തിൽ നിർവ്വഹിക്കേണ്ടതും, വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-16 നിർവ്വഹിക്കാത്ത ഫോം വർക്കിന് തുക നൽകി.

| | |
|---|---|
| പ്രൊജക്ട് നം, പേര് | 129/24, പുളിക്കുകുഴി കാര്യാട്ട് കുന്ന് റോഡ് നവീകരണം |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| ടി.എസ് നമ്പർ | 19194/2023 |
| കരാറുകാരൻ | കുഞ്ഞമ്മദ്.ഇ.എം. |
| കരാർ നം | AE/LSGD/34/23-24 DATED 15-03-2024 |
| അടങ്കൽ | 30,794/- (വികസന ഫണ്ട് ജനറൽ)<br>69,206/- (മെയിന്റനൻസ് ഗ്രാന്റ് റോഡ്) |
| ചെലവ് | 22,925/- (വികസന ഫണ്ട് ജനറൽ) |

| | |
|---|---|
| | 69,206/- (മെയിന്റനൻസ് ഗ്രാന്റ് റോഡ്) |
| ബിൽ വിശദാംശം | 34/17.06.2023 (മെയിന്റനൻസ് ഗ്രാന്റ്)<br>32/13.06.2023 (വികസന ഫണ്ട് ജനറൽ) |

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ പുളിക്കുഴി കാര്യാട്ട് കുന്ന് റോഡ് പ്രവൃത്തിയിൽ (പ്രൊജക്ട് നം. 129/2024) റോഡിന്റെ വശങ്ങളിൽ ഐറിഷ് ഡ്രെയിൻ നിർമ്മിക്കുന്നതിനായി കോൺക്രീറ്റിംഗിന് ഉപയോഗപ്പെടുത്തിയിട്ടുള്ള ഇനം Mord ലെ 75.8.1 പ്രകാരമുള്ള അപ്രൂവ്ഡ് ഡാറ്റയാണ്. പ്രസ്തുത ഇനത്തിന്റെ ഡാറ്റ പരിശോധിച്ചതിൽ നിന്നും ആകെ തുകയുടെ 4 ശതമാനം ഫോം വർക്കിനായാണ് വകയിരുത്തിയിട്ടുള്ളത് എന്ന് വ്യക്തമാണ്. 75.8.1 എന്ന ഇനത്തിന് പകരം ഫോം വർക്ക് ഇല്ലാത്ത 75.8.1.1A എന്ന ഇനമായിരുന്നു ഉപയോഗപ്പെടുത്തേണ്ടത്. ഇനങ്ങളുടെ നിരക്കിലെ വ്യത്യാസം ചുവടെ ചേർക്കുന്നു.

| 75.8.1 | 75.8.1.1.A | വ്യത്യാസം |
|---|---|---|
| 8358.3 | 8027.67 | 330.63 |

83.25 മീറ്റർ നീളത്തിൽ 35 Cm മുതൽ 1 മീറ്റർ വരെ വീതിയിൽ 15 Cm ആഴത്തിൽ റോഡിനും നിലവിലുള്ള കോൺക്രീറ്റ് കെട്ടിനുമിടയിൽ(ഡി.ആർ ന്റെ ടോപ് ബെൽറ്റ്) 3.5.1 പ്രകാരം ഖനനം ചെയ്ത് ആയതിനുള്ളിൽ 15 Cm ആഴത്തിൽ ജി.എസ്.ബി, കോൺക്രീറ്റ് എന്നിവ നിർവ്വഹിച്ചിട്ടുണ്ട്. 02.12.2024 തീയതിയിൽ സ്ഥല പരിശോധന നടത്തിയതിൽ നിന്നും കുഴിച്ചെടുത്ത ആഴത്തിനുള്ളിലായി കോൺക്രീറ്റ് നൽകിയതിനാൽ വശങ്ങളിലും, എക്സ്പാൻഷൻ ഗ്യാപ് നൽകാത്തതിനാൽ ഇടവേളകളിലും ഫോം വർക്ക് ആവശ്യമില്ലായിരുന്നെന്നും ആയത് നിർവ്വഹിച്ചിട്ടില്ലെന്നും വ്യക്തമായിട്ടുണ്ട്. 7.929 ഘനമീറ്റർ അളവിലാണ് 75.8.1 പ്രകാരം കോൺക്രീറ്റ് പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളത്. 18% ജി.എസ്.ടി ഉൾപ്പെടെ കണക്കാക്കുമ്പോൾ 3,093 രൂപ മേൽ പ്രവൃത്തിക്കായി അധിക ചെലവുണ്ടായിട്ടുണ്ടെന്നത് വ്യക്തമാണ്.

ഫോംവർക്ക് ആവശ്യമില്ലാത്ത പ്രവൃത്തികൾക്കും നിരക്ക് 75.8.1 നൽകുന്ന പ്രവണത സ്ഥാപനത്തിൽ നിലനിൽക്കുന്നുണ്ട്. 2023-24 വർഷത്തിൽ ഭൂരിഭാഗം കോൺക്രീറ്റ് റോഡുകൾക്കും 75.8.1 എന്ന ഇനമാണ് ഉപയോഗിച്ചിട്ടുള്ളത്.

ഫോം വർക്ക് ആവശ്യമില്ലാത്ത പ്രവൃത്തികൾക്കും 75.8.1 എന്ന ഇനം അനുവദിച്ചതിലൂടെ പഞ്ചായത്ത് ഫണ്ടിൽ നിന്നും 3,093 രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. പ്രസ്തുത തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്. സ്ഥല പരിശോധനയിൽ റോഡിന്റെ ഒരു ഭാഗത്തെ കോൺക്രീറ്റ് ജൽ ജീവൻ മിഷന് വേണ്ടി ഖനനം ചെയ്തതിനാൽ അളവുകളുടെ കൃത്യത പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല. മറു ഭാഗത്ത് കരിങ്കൽ ഭിത്തിയുടെ ടോപ് ബെൽറ്റിന് മുകളിലേക്ക് കോൺക്രീറ്റ് ചെയ്തതിനാലും ടോപ് ബെൽറ്റിന്റെ വീതി സംബന്ധിച്ച രേഖ ലഭ്യമല്ലാത്തതിനാലും നിർവ്വഹിച്ച പ്രവൃത്തിയുടെ അളവിന്റെ കൃത്യത പരിശോധിച്ച് വിവരം രേഖാമൂലം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.25 തിയ്യതി.03.12.2024 ) നിരാകരിച്ച 3,093/- ഒഴികെയുള്ള ചെലവ് തുകയായ 89,038/- രൂപ അളവുകൾ സംബന്ധിച്ച അവ്യക്തത ഉള്ളതിനാൽ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-17 സിംഗിൾ സെക്ഷൻ സ്റ്റീൽ വർക്കിന് തെറ്റായ ഇനം തെരഞ്ഞെടുത്തത് മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടം

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ അംഗനവാടികളുടെ

നവീകരണം, കണ്ടിത്താഴ പാലം നിർമ്മാണം എന്നീ പദ്ധതികളുടെ എസ്റ്റിമേറ്റ് പ്രകാരം 10.25.2 പ്രകാരമുള്ള Steel Work Welded In Built Up Sections/Framed Work വിഭാവനം ചെയ്തിട്ടുണ്ട്. 02.12.2024 തിയ്യതിയിൽ സ്ഥലപരിശോധന നടത്തിയതിൽ കൽ ളുണകളിൽ മുറിച്ചെടുത്ത സ്റ്റീൽ പൈപ്പുകൾ കയറ്റി വച്ച് പ്ലാസ്റ്റർ ചെയ്ത് ഉറപ്പിക്കുന്ന പ്രവൃത്തിയാണ് നിർവ്വഹിച്ചതെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. അപാകത മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

- കണ്ടീത്താഴ പാലം നിർമ്മാണം പൂർത്തീകരണം (പ്രൊ.നം.134/24)

| | |
|---|---|
| പ്രൊജക്റ്റ് നം, പേര് | 134/24, കണ്ടീത്താഴ പാലം നിർമ്മാണം പൂർത്തീകരണം |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| ടി.എസ് നമ്പർ | 2022/14375 |
| കരാറുകാരൻ | രഞ്ജിത്ത്.ടി.എം. |
| കരാർ നം | AE/LSGD/43/21-22 DT 09.05.2022 |
| അടങ്കൽ | 7,50,000/- |
| ചെലവ് | 5,57,287/- |
| ബിൽ വിശദാംശം | 103/19.09.2023,ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ് |

- പദ്ധതി പ്രകാരം പാലത്തിന് ഇരുവശത്തുമായി പില്ലറുകൾ സ്ഥാപിച്ച് പില്ലറുകളെ തമ്മിൽ കണക്ട് ചെയ്യുന്ന വിധത്തിൽ സമാന്തരമായി 75 Mm വ്യാസമുള്ള GI പൈപ്പ് സ്ഥാപിച്ചിട്ടുണ്ട്. പൈപ്പുകൾ വെൽഡ് ചെയ്യുകയോ പരസ്പരം ബന്ധിപ്പിക്കുകയോ ചെയ്തിട്ടില്ല. മുറിച്ചെടുത്ത പൈപ്പുകൾ പില്ലറുകളിലേക്ക് സിമന്റ് ഉപയോഗിച്ച് ഉറപ്പിക്കുന്ന പ്രവൃത്തിയാണ് യഥാർത്ഥത്തിൽ നിർവ്വഹിച്ചിട്ടുള്ളത്. എന്നാൽ ഈ പ്രവൃത്തിക്കായി DAR ലെ 10.25.2 എന്ന ഇനമാണ് ഉപയോഗിച്ചിട്ടുള്ളത്. പ്രസ്തുത ഇനം Built Up Sections/Framed Work കൾക്കായി വിഭാവനം ചെയ്തിട്ടുള്ളതാണ്. ആയതിൽ വെൽഡിംഗ്, സ്ട്രക്ചറുകൾ ഉയർത്തൽ എന്നിവയും 5% മെറ്റീരിയൽ വേസ്റ്റേജും Blacksmith 1st Class , Bandhani എന്നീ ലേബർ ഘടകങ്ങളും ഉൾപ്പെടുന്നുണ്ട്. മേൽ ഘടകങ്ങൾ പദ്ധതി പ്രകാരം നിർവ്വഹിച്ച പ്രവൃത്തിക്ക് ആവശ്യമില്ലാത്തതായിരുന്നു. DAR ലെ 10.1 പ്രകാരമുള്ള ഇനം ഉപയോഗപ്പെടുത്തിയിരുന്നെങ്കിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നുള്ള അധിക ചെലവ് കുറവ് ചെയ്യുന്നതിന് സാധിക്കുമായിരുന്നു. പട്ടിക കാണുക

| 10.25.2 പ്രകാരം നിർവ്വഹിച്ച പ്രവൃത്തിയുടെ അളവ് | കരാറുകാരന് അനുവദിച്ച തുക (GST ഉൾപ്പെടെ ) | 10.1 പ്രകാരം പ്രവൃത്തി നിർവ്വഹിച്ചിരുന്നെങ്കിൽ നൽകേണ്ടിയിരുന്ന തുക (101.9 രൂപ നിരക്കിൽ GST ഉൾപ്പെടെ) | വ്യത്യാസം |
|---|---|---|---|

| | | | |
|---|---|---|---|
| 59.607 KG | 10911.25 | 7167.26 | 3744 |

അങ്കണവാടികളുടെ അറ്റകുറ്റ പണികൾ (പ്രൊ.നം.125/24)

| | |
|---|---|
| പ്രൊജക്ട് നം, പേര് | 125/24, അങ്കണവാടികളുടെ അറ്റകുറ്റ പണികൾ |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| ടി.എസ് നമ്പർ | 98686/2022 |
| കരാറുകാരൻ | മുജീബ്.പി.പി. |
| കരാർ നം | AE/LSGD/39/2022-23 DATED 28-03-2023 |
| അടങ്കൽ | 3,00,000 |
| ചെലവ് | 2,17,756 |
| ബിൽ വിശദാംശം | 99/18.09.2023,മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്. |

പദ്ധതി പ്രകാരം നിരപ്പം അങ്കണവാടി, കണ്ടിയിൽതാഴെ അങ്കണവാടി എന്നിവിടങ്ങളിൽ വിവിധ പുനരുദ്ധാരണ പ്രവൃത്തികൾ നിർവ്വഹിച്ചിട്ടുണ്ട്. നിരപ്പം അങ്കണവാടിയിൽ ചുറ്റുമതിൽ കെട്ടുകയും ചുറ്റുമതിലിൽ പില്ലറുകൾ നിർമ്മിച്ച് പില്ലറുകളെ തമ്മിൽ കണക്ട് ചെയ്യുന്ന വിധത്തിൽ സമാന്തരമായി 40 Mm X 20 Mm സൈസിലുള്ള സ്ക്വയർ പൈപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. പൈപ്പുകൾ വെൽഡ് ചെയ്യുകയോ പരസ്പരം ബന്ധിപ്പിക്കുകയോ ചെയ്തിട്ടില്ല. മുറിച്ചെടുത്ത പൈപ്പുകൾ പില്ലറുകളിലേക്ക് സിമന്റ് ഉപയോഗിച്ച് ഉറപ്പിക്കുന്ന പ്രവൃത്തിയാണ് യഥാർത്ഥത്തിൽ നിർവ്വഹിച്ചിട്ടുള്ളത്. എന്നാൽ ഈ പ്രവൃത്തിക്കായി DAR ലെ 10.25.2 എന്ന ഇനമാണ് ഉപയോഗിച്ചിട്ടുള്ളത്. കണ്ടീത്താഴ പാലം നിർമ്മാണം പ്രവൃത്തിയിലുണ്ടായ സമാന അപാകത നിരപ്പം അങ്കണവാടിയിലെ നിർമ്മാണത്തിലും ഉണ്ടായിട്ടുണ്ട്. അധിക ചെലവ് സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

| 10.25.2 പ്രകാരം നിർവ്വഹിച്ച പ്രവൃത്തിയുടെ അളവ് | കരാറുകാരന് അനുവദിച്ച തുക (GST ഉൾപ്പെടെ,150/KG ) | 10.1 പ്രകാരം പ്രവൃത്തി നിർവ്വഹിച്ചിരുന്നെങ്കിൽ നൽകേണ്ടിയിരുന്ന തുക (101.9 രൂപ നിരക്കിൽ GST ഉൾപ്പെടെ) | വ്യത്യാസം |
|---|---|---|---|

| | | | |
|---|---|---|---|
| 41.64 KG | 7370.28 | 5006.87 | 2363 |

അപാകതകൾ മൂലം പഞ്ചായത്ത് ഫണ്ടിന് ആകെ 6,107 രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. DAR ലെ 10.1 പ്രകാരമുള്ള ഇനത്തെ അടിസ്ഥാനമാക്കിയാണ് നഷ്ടം കണക്കാക്കിയിട്ടുള്ളത്. 10.1 ലെ വേസ്റ്റേജ് ശതമാനം, ലേബർ ഘടകങ്ങൾ എന്നിവയിൽ മാറ്റം വരുത്തി ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കി പ്രവൃത്തി നിർവ്വഹിക്കുന്ന പക്ഷം 10.1 നേക്കാൾ കുറഞ്ഞ നിരക്കിൽ പ്രവൃത്തി നിർവ്വഹിക്കുന്നതിന് സാധിക്കുമായിരുന്നു എന്നതും പ്രസക്തമാണ്. അപാകതകൾ ശ്രദ്ധയിൽപെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. (നം.21, തീയതി.02.12.2024 ) അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അധികമായി ചെലവഴിച്ച തുക ബന്ധപ്പെട്ട ഫണ്ടുകളിലേക്ക് തിരിച്ചടച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## 1-18 കണ്ടീത്താഴെ പാലം നിർമ്മാണം- അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ കണ്ടിത്താഴ പാലം നിർമ്മാണം എന്ന പദ്ധതിയുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും അപാകതകൾ ഉണ്ടായിട്ടുണ്ട്. അപാകതകൾ മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടായിട്ടുണ്ട്. അപാകതകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം, പേര് | 134/24, കണ്ടീത്താഴ പാലം നിർമ്മാണം പൂർത്തീകരണം |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| ടി.എസ് നമ്പർ | 2022/14375 |
| കരാറുകാരൻ | രഞ്ജിത്ത്.ടി.എം. |
| കരാർ നം | AE/LSGD/43/21-22 DT 09.05.2022 |
| അടങ്കൽ | 750000 |
| ചെലവ് | 557287 |
| ബിൽ വിശദാംശം | 103/19.09.2023,ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ് |

ആസ്തിയിന്മേൽ മുൻ വർഷങ്ങളിൽ നിർവ്വഹിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. മേൽ രേഖകളുടെ അഭാവത്തിൽ പ്രൊ.നം.134/24 പ്രകാരം നിർവ്വഹിച്ച ഇനങ്ങളുടെ അളവിന്റെ കൃത്യത ഉറപ്പാക്കുന്നതിന് സാധിച്ചിട്ടില്ല. പദ്ധതിയുടെ ടെണ്ടർ നടപടിക്രമങ്ങളുടെ വിശദാംശങ്ങളും ഓഡിറ്റിന് ലഭ്യമായിട്ടില്ല.

1. എസ്റ്റിമേറ്റിൽ പാലത്തിന്റെ അബാട്ട്മെന്റ്, വിംഗ് വാൾ എന്നിവയ്ക്കായി DR Masonry ക്കായി Od1671337/2021-22 നമ്പറായി 3992.8 രൂപ നിരക്കിൽ ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കി പ്രവൃത്തി ആസൂത്രണം ചെയ്തിട്ടുണ്ട്. എന്നാൽ നിലവിലുള്ള പാലത്തിന്റെ കരിങ്കൽ കെട്ട് ഉപയോഗപ്പെടുത്തിയാണ് പാലം നിർമ്മിച്ചത്. എസ്റ്റിമേറ്റിൽ വിഭാവനം ചെയ്തതിന് വിരുദ്ധമായി പാലത്തിന് സമീപത്തുള്ള സി.എം. സുന്നി സെന്റർ എന്ന സ്വകാര്യ സ്ഥാപനത്തിന്റെ ചുറ്റുമതിൽ കെട്ടുന്നതിനായാണ് DR Masonry നിർവ്വഹിച്ചിട്ടുള്ളത്. ചുറ്റുമതിലിനായി 75.8.1.1, 12.5.1.1 എന്നിവ പ്രകാരം കോൺക്രീറ്റ് വർക്കുകളും ചെയ്തിട്ടുണ്ട്. മേൽ പ്രവൃത്തികൾക്കായി കരാറുകാരന് ജി.എസ്.ടി ഉൾപ്പെടെ താഴെ പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

| Od1671337/2021-22 DR മേസൺറിക്കായി കരാറുകാരന് അനുവദിച്ച | 75.8.1.1 പ്രകാരമുള്ള ബെൽറ്റ് കോൺക്രീറ്റിന് | 12.5.1.1 പ്രകാരമുള്ള കോമ്പൗണ്ട് വാൾ കോൺക്രീറ്റിന് കരാറുകാരന് അനുവദിച്ച തുക | ആകെ |
|---|---|---|---|

| തുക | കരാറുകാരന് അനുവദിച്ച തുക | | |
|---|---|---|---|
| 8.899m3x4000x1.18= 42003.28 | .747m3x9107x1.18 = 8027.45 | 5.884x8844.28x1.18=61406.89 | 111438 |

റോഡ് വിപുലീകരണത്തിനായി സ്ഥാപനം സ്ഥലം വിട്ടു തന്നതിന്റെ രേഖകൾ ഒന്നും തന്നെ ഫയലിൽ ലഭ്യമല്ല. സ്വകാര്യ സ്ഥാപനത്തിന്റെ ചുറ്റുമതിൽ നിർമ്മിക്കുന്നതിനായി മേൽ പറഞ്ഞ പ്രകാരം പഞ്ചായത്ത് ഫണ്ട് ചെലവഴിച്ചതിനാൽ 111438 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2. ഓവർഹെഡ് ചാർജ്ജ് അധികം നൽകിയത് മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടം

DR Masonry ക്കായി Od1671337/2021-22 നമ്പറായി 3992.8 രൂപ നിരക്കിൽ ഒബ്സർവ്വ്ഡ് ഡാറ്റ തയ്യാറാക്കി പ്രവൃത്തി നിർവ്വഹിച്ചിട്ടുണ്ട്. ഡാറ്റ പരിശോധിച്ചതിൽ അടിസ്ഥാന നിരക്കായ 2216.98 രൂപയിന്മേൽ ഓവർഹെഡ് ചാർജ്ജ് 20%, കോൺട്രാക്ടറുടെ ലാഭം 10%, കോസ്റ്റ് ഇൻഡക്സ് 36.44% എന്നിവ അനുവദിച്ചാണ് 3,992.8 രൂപ നിരക്ക് നിശ്ചയിച്ചത്. ഓവർഹെഡ് ചാർജ്ജ് 10% അധികം നൽകിയിട്ടുണ്ട്. പരമാവധി നിരക്കായ 3,660 രൂപയേക്കാൾ അധിക നിരക്ക് നൽകിയത് മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടായിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| Od1671337/2021-22 DR Masonry പ്രകാരം കരാറുകാരന് നൽകിയ തുക | 3660 രൂപ നിരക്കിൽ നൽകേണ്ട തുക | അധികം നൽകിയ തുക |
|---|---|---|
| 8.899m3x4000x1.18= 42003.28 | 8.899m3x3843x1.18= 38433 | 3570 |

അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.22,തീയതി.02.12.2024) സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം അനുവദിച്ച 3,570 എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കി തിരികെ അടവാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-19 മാർക്കറ്റ് നിരക്ക് നിശ്ചയിച്ചതിന് രേഖയില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മൃഗാശുപത്രി ഷീറ്റിടൽ (പ്രൊ.നം- 150/2023-24) എന്ന പ്രവൃത്തിയുടെ ഭാഗമായി GI ഷീറ്റ് സ്ഥാപിക്കുന്നതിനായി ഒബ്സർവ്ഡ് ഡാറ്റ (OD438041/2022-2023) തയ്യാറാക്കി പ്രത്യേക നിരക്കാണ് നൽകിയിരിക്കുന്നത്. 0.35 Mm ഷീറ്റിന്റെ LMR നിരക്ക് ചതുരശ്ര മീറ്ററിന് 367 രൂപ നിശ്ചയിച്ചാണ് ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കിയിട്ടുള്ളത്. കൊത്തൻകോട്ട് കുടിവെള്ള പദ്ധതിയുടെ (പ്രൊ.നം- 144/2023-24) ഭാഗമായി 63 Mm 10 KGF/CM2 പി.വി.സി പൈപ്പ് ഉപയോഗിക്കുന്നതിനായി ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കിയും പ്രവൃത്തി നിർവ്വഹിച്ചിട്ടുണ്ട്. LMR നിരക്ക് അടിസ്ഥാനമാക്കിയാണ് പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളത്. എന്നാൽ പ്രസ്തുത മെറ്റീരിയലുകളുടെ LMR നിരക്ക് കണക്കാക്കിയതിന്റെ വിശദാംശം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

പി.ഡബ്ലിയു.ഡി റിവൈസ്ഡ് മാന്വലിലെ സെക്ഷൻ 1703 ൽ ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർ എല്ലാവർഷവും ഏപ്രിൽ 1, ഒക്ടോബർ 1 തിയ്യതികളിൽ ലോക്കൽ മാർക്കറ്റ് റേറ്റ് പ്രസിദ്ധപ്പെടുത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അത്തരമൊരു രേഖയുടെ അഭാവത്തിൽ LMR നിരക്ക് നിശ്ചയിച്ചതിന്റെ കൃത്യത ഓഡിറ്റിന് ബോധ്യപ്പെട്ടിട്ടില്ല.

LMR നിരക്ക് അടിസ്ഥാനമാക്കി ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കുന്ന സാഹചര്യത്തിൽ മാർക്കറ്റ് നിരക്ക് നിശ്ചയിക്കുന്നതെങ്ങനെയെന്നത് വ്യക്തമാക്കേണ്ടതും MoRD, DAR എന്നിവയിൽ ഉൾപ്പെടാത്ത മെറ്റീരിയലുകൾ ഉപയോഗിച്ച് ഒബ്സർവ്വ്ഡ് ഡാറ്റ തയ്യാറാക്കുന്ന സാഹചര്യങ്ങളിൽ ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർ നിശ്ചയിക്കുന്ന ലോക്കൽ മാർക്കറ്റ് റേറ്റ് അടിസ്ഥാനമാക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.20 തിയ്യതി.02.12.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-20 മെയിന്റനൻസ് ഗ്രാന്റ് വകമാറ്റി ചെലവഴിച്ചു.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ അരയമാക്കൽ താഴെ എട്ടുകണ്ടത്തിൽ ഫുട്പാത്ത് (പ്രൊജക്ട് നം-146/24 )എന്ന പദ്ധതിയുടെ എസ്റ്റിമേറ്റിൽ നിലവിലുള്ള സ്വാഭാവിക ചാൽ ഡ്രെയിനാക്കി മാറ്റി 1.2 വീതിയിൽ കോൺക്രീറ്റ് സ്ലാബ് ഇടുന്നതിനും, ശേഷിക്കുന്ന വീതിയില് (60 Cm) ജി.എസ്.ബി, കോൺക്രീറ്റിംഗ് ഇനങ്ങൾ ഉൾപ്പെടുത്തി പുതിയ പാത നിർമ്മിക്കുന്നതിനുള്ള പ്രവൃത്തിയാണ് ആസൂത്രണം ചെയ്ത് നിർവ്വഹിച്ചിട്ടുള്ളത്. എന്നാൽ പദ്ധതിക്കായി വകയിരുത്തിയത് മെയിന്റനൻസ് ഗ്രാന്റാണ്.

| | |
|---|---|
| പ്രൊജക്ട് നം, പേര് | 146/24, അരയമാക്കൽ താഴെ എട്ട് കണ്ടത്തിൽ ഫുട്പാത്ത് |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| ടി.എസ് നമ്പർ | 22776/2022 |
| കരാറുകാരൻ | കുഞ്ഞമ്മദ്.ഇ.എം. |
| കരാർ നം | AE/LSGD/38/23-24 DATED 25-03-2024 |
| അടങ്കൽ | 1,38,585/- |
| ചെലവ് | 1,36,840/- |
| ബിൽ വിശദാംശം | 33/14.06.2023, മെയിന്റനൻസ് ഗ്രാന്റ് റോഡ് |

പൊതു ആവശ്യ ഗ്രാന്റിന്റെയും മെയിന്റനൻസ് ഗ്രാന്റിന്റെയും വിനിയോഗം സംബന്ധിച്ച 9.12.2004 ലെ ജി.ഒ(എം.എസ്) 330/2004/LSGD നമ്പർ പ്രകാരമുള്ള മാർഗ്ഗരേഖയിലും, ഇതിനെ തുടർന്ന് പുറപ്പെടുവിച്ച ഉത്തരവുകളിലും സർക്കുലറുകളിലും മേൽ ഫണ്ടുകൾ എപ്രകാരം വിനിയോഗിക്കണമെന്ന് വിശദമാക്കിയിട്ടുണ്ട്. റോഡുകളുടെ അറ്റകുറ്റപ്പണിക്ക് മാത്രമാണ് മെയിന്റനൻസ് ഗ്രാന്റ് റോഡ് വിഹിതം ഉപയോഗിക്കാൻ കഴിയുക എന്ന് മാർഗ്ഗരേഖ വ്യക്തമാക്കുന്നു. റോഡുകളുടെ അറ്റകുറ്റപ്പണിക്ക് മാത്രമാണ് വിഹിതം വിനിയോഗിക്കേണ്ടതെങ്കിലും, റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തിയതിനു ശേഷവും

റോഡ് മെയിന്റനൻസ് ഫണ്ട് ബാക്കിയുണ്ടെങ്കിൽ മെറ്റലിംഗ്, ടാറിംഗ്, കോൺക്രീറ്റിംഗ് തുടങ്ങിയ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കാവുന്നതാണ്. ഇതുപോലും നിർവ്വഹിക്കാൻ കഴിയുന്നത് ഇതിനായി റോഡുകളിൽ അറ്റകുറ്റപ്പണികൾ ആവശ്യമല്ലെന്ന് ഭരണസമിതി ഏകകണ്ഠമായ തീരുമാനം എടുത്താൽ മാത്രമാണ്(സർക്കുലർ നം. 68228/എഫ്.എം1/2012/തസ്വഭവ,തീ.28.11.2012). റോഡ് മെയിന്റനൻസ് പ്രവൃത്തികൾ നിർവ്വഹിക്കാൻ അവശേഷിക്കുന്നുണ്ടെന്ന് 02.12.2024 തിയ്യതിയിൽ നടത്തിയ സ്ഥല പരിശോധനയിൽ ഓഡിറ്റിന് ബോധ്യപ്പെട്ടിട്ടുണ്ട്. ഉദാ- അറക്കൽ പാലം പെരിഞ്ചേരിക്കടവ് റോഡ്.
പുതിയ റോഡ് നിർമ്മാണ പ്രവൃത്തിക്ക് മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.17 തിയ്യതി.02.12.2024 ) സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. റോഡ് മെയിന്റനൻസ് ഗ്രാന്റിൽ നിന്നും ആസ്തി സൃഷ്ടിക്കുന്നതിനായി ചെലവഴിച്ച 1,36,840/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-21 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ -ഹരിത കർമ്മ സേന പ്രവർത്തനാവലോകനം

| ഓഡിറ്റ് മാനദണ്ഡങ്ങൾ(criteria) | |
|---|---|
| I | കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച നിയമം |
| A) | പരിസ്ഥിതി സംരക്ഷണ നിയമം-1986 |
| II | കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച ചട്ടങ്ങൾ |
| 1) | 2016 ലെ ഖരമാലിന്യ സംസ്കരണ ചട്ടങ്ങൾ |
| 2) | 2016 ലെ പ്ലാസ്റ്റിക് മാലിന്യ സംസ്കരണ ചട്ടങ്ങൾ |
| 3) | 2016 ലെ ഇ വേസ്റ്റ് മാനേജ് മെന്റ് ചട്ടങ്ങൾ |
| 4) | 2016 ലെ ഹസാർഡസ് വേസ്റ്റ് മാനേജ് മെന്റ് ചട്ടങ്ങൾ |
| 5) | 2016 ലെ ബയോ മെഡിക്കൽ വേസ്റ്റ് മാനേജ് മെന്റ് ചട്ടങ്ങൾ |
| 6) | 2016 ലെ കൺസ്ട്രക്ഷൻ &ഡിമോളിഷ് വേസ്റ്റ് മാനേജ് മെന്റ് ചട്ടങ്ങൾ |
| III | കേ.പ.രാജ് ,കേ.മു. നിയമങ്ങൾ |
| എ) | കേ.പ.രാജ് ആക്ട് 1994-അനിവാര്യ ചുമതലകൾ , സെക്ഷൻ 218,219(എ) മുതൽ (എക്സ്) വരെയുള്ളവ എന്നിവ ശ്രദ്ധിക്കുക |
| ബി) | 2024-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്റ്റ് (2023ഡിസംബർ 9-ാം തീയതി പ്രാബല്യത്തിൽ വന്നത്) |
| സി) | കേ.മു.ആക്ട് 1994-അനിവാര്യ ചുമതലകൾ സെക്ഷൻ 326, 329, 331, 332, 334, 334എ,ബി,സി, 335, 336 മുതൽ345വരെയുള്ളവ എന്നിവ ശ്രദ്ധിക്കുക |

| | |
|---|---|
| ഡി) | 2024-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്റ്റ് (2023ഡിസംബർ 9-ാം തീയതി പ്രാബല്യത്തിൽ വന്നത്) |
| IV | സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകൾ/മാർഗ്ഗനിർദ്ദേശങ്ങൾ |
| 1) | 26.5.17ലെ ഹരിതകേരള മിഷൻ ശുചിത്വ മാലിന്യ സംസ്കരണ ക്യാമ്പയിൻ നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ |
| 2) | 15.7.17 ലെ MS 2420/17/ LSGD നമ്പർ ഉത്തരവ് പ്രകാരമുള്ള ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷൻ നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ |
| 3) | 12.08.2020ലെ 1496/2020/തസ്വഭവ നമ്പർ പ്രവർത്തനമാർഗ്ഗരേഖ |

ആമുഖം

കേരള പഞ്ചായത്ത് രാജ് ആക്ടിലെ മേൽപറഞ്ഞ നിയമങ്ങൾ ( III (എ) കാണുക) മാലിന്യ നിർമ്മാർജ്ജനത്തിൽ പഞ്ചായത്തിന്റെയും സ്ഥാപന പരിധിയിലെ കെട്ടിടങ്ങളുടെ ഉടമസ്ഥർ, താമസക്കാർ, മറ്റ് മാലിന്യ സ്രഷ്ടാക്കൾ, എന്നിവരുടേയും ഉത്തരവാദിത്വങ്ങൾ വ്യക്തമാക്കുന്നു. ചവറും ഖരാവസ്ഥയിലുള്ള മാലിന്യങ്ങളും നീക്കം ചെയ്യുന്നതിനുള്ള ഏർപ്പാട് ചെയ്യണമെന്നും വീടുവീടാന്തരമുള്ള ചവറുശേഖരണത്തിന് ഏർപ്പാട് ചെയ്യണമെന്നും ഖരമാലിന്യങ്ങൾ ആത്യന്തികമായി കൈയ്യൊഴിയുന്നതിന് ആവശ്യമായ സ്ഥലവും സംവിധാനവും ഒരുക്കുകയെന്നും മാലിന്യവും മറ്റും നീക്കം ചെയ്യുന്നതിന് മൂടിയുള്ള വണ്ടി ഉപയോഗിക്കണമെന്നും പഞ്ചായത്തിന്റെ ഉത്തരവാദിത്വങ്ങളിൽ പെടുമ്പോൾ മാലിന്യങ്ങൾ ശേഖരിക്കുകയും നിക്ഷേപിക്കുകയും ചെയ്യുന്നതിന് കെട്ടിട ഉടമസ്ഥർക്കും താമസക്കാർക്കും ഉള്ള കർത്തവ്യവും നിയമത്തിൽ വ്യക്തമാക്കപ്പെടുന്നു. കൂടാതെ മാലിന്യം ഉറവിടത്തിൽ തന്നെ കൈകാര്യം ചെയ്യുക, സാധനങ്ങൾ കൊണ്ടു പോകുന്നതിനുള്ള പ്ലാസ്റ്റിക് സഞ്ചികളുടെയും കവറുകളുടെയും ഉപയോഗം നിയന്ത്രിക്കുക, പ്ലാസ്റ്റിക് മാലിന്യങ്ങൾ യുക്തമായ രീതിയിൽ കൈകാര്യം ചെയ്യുക, പരിസരങ്ങളിൽ മാലിന്യം സൂക്ഷിക്കാതിരിക്കുക, മാലിന്യം ബഹിർഗമിപ്പിക്കാതിരിക്കുക, ചവറോ മറ്റ് മാലിന്യങ്ങളോ പൊതുസ്ഥലങ്ങളിൽ നിക്ഷേപിക്കാതിരിക്കുക, മാലിന്യങ്ങൾ ജലാശയങ്ങളിലോ ജലസ്രോതസ്സുകളിലോ നിക്ഷേപിക്കാതിരിക്കുക തുടങ്ങിയ ചുമതലകൾ നിയമപ്രകാരം മാലിന്യ സ്രഷ്ടാക്കളുടെ ചുമതലയിൽപ്പെടുന്നു.

ഗ്രാമപഞ്ചായത്ത് നിർവ്വഹിക്കേണ്ട കാര്യങ്ങൾ

നിയമത്തിലെ മേൽ വ്യവസ്ഥകൾക്ക് അനുപൂരകമായ നിർദ്ദേശങ്ങൾ തന്നെയാണ് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച മേൽ ചട്ടങ്ങളിലും പ്രതിപാദിക്കുന്നത്. ഈ ചട്ടങ്ങളിൽ പ്രതിപാദിക്കുന്നതനുസരിച്ച് കേരള സർക്കാർ ഇക്കാര്യത്തിലുള്ള സംസ്ഥാനത്തിന്റെ പോളിസിയും സ്റ്റാറ്റജിയും ഹരിതകേരള മിഷനിലൂടെ പുറപ്പെടുവിച്ചിട്ടുണ്ട്. ചട്ടങ്ങളും ഹരിതകേരള മിഷൻ മാർഗ്ഗരേഖകളും പരിഗണിക്കുമ്പോൾ താഴെ പറയുന്ന നടപടികൾ മാലിന്യ നിർമ്മാർജ്ജനത്തിന്റെ കാര്യത്തിൽ പഞ്ചായത്ത് സ്വീകരിക്കേണ്ടതുണ്ട്.

1) 2016 ലെ ഖരമാലിന്യ സംസ്കരണ ചട്ടത്തിൻ കീഴിൽ സംസ്ഥാന സർക്കാരുണ്ടാക്കുന്ന പോളിസിക്കും സ്റ്റാറ്റജിക്കും അനുസൃതമായി മേൽ പോളിസി വിജ്ഞാപനം ചെയ്ത് 6 മാസത്തിനുള്ളിൽ ഒരു ഖരമാലിന്യ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കേണ്ടതും അതിന്റെ പകർപ്പ് സർക്കാരിനോ സർക്കാർ നിശ്ചയിക്കുന്ന ഏജൻസിക്കോ നല്കേണ്ടതുമാണ്. ഈ പ്ലാൻ തയ്യാറാക്കേണ്ടത് ഹരിതകേരള മിഷന്റെ നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചായിരിക്കേണ്ടതാണ്.

2) മേൽ ചട്ടം നിലവിൽ വന്ന് ഒരു വർഷത്തിനകം മേൽ ചട്ടത്തിലെയും പ്ലാസ്റ്റിക് ഖരമാലിന്യ സംസ്കരണ ചട്ടത്തിലെയും വ്യവസ്ഥകൾ ഉൾപ്പെടുത്തി ബൈലോ തയ്യാറാക്കി ആയതിന്റെ സമയബന്ധിതമായ നിർവ്വഹണം ഉറപ്പുവരുത്തേണ്ടതാണ്. ഈ ചട്ടത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നവർക്കെതിരെയുള്ള സ്പോട്ട് ഫൈൻ നിശ്ചയിച്ചും 50 മൈക്രോണിൽ കുറഞ്ഞ പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗം നിരോധിച്ചും ഈ നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമല്ലാതെ നിർമ്മിക്കപ്പെടുന്ന പ്ലാസ്റ്റിക് നിരോധിച്ചു കൊണ്ടും ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്നവർക്കുള്ള പിഴ നിശ്ചയിച്ചുകൊണ്ടുമുള്ള വ്യവസ്ഥകൾ ബൈലോയുടെ ഭാഗമാകേണ്ടതാണ്. പ്ലാസ്റ്റിക് ക്യാരി ബാഗിൽ സാധനങ്ങൾ നല്കാനാഗ്രഹിക്കുന്ന കച്ചവടക്കാർ ഇക്കാര്യത്തിൽ പ്രതിമാസം

4000/-രൂപ ഒടുക്കി തദ്ദേശഭരണ സ്ഥാപനത്തിൽ നിന്നും ലൈസൻസ് എടുക്കണമെന്നും പണം വാങ്ങി മാത്രമേ ഇപ്രകാരം ബാഗ് ആവശ്യക്കാർക്ക് നല്കാവൂയെന്നും ഇതിൽ വ്യവസ്ഥ ചെയ്യേണ്ടതാണ് .

3) ജൈവമാലിന്യങ്ങളുടെ കാര്യത്തിൽ ഉറവിട മാലിന്യ സംസ്കരണം ലക്ഷ്യം വയ്ക്കേണ്ടതും പരാമാവധി വീട്ടുകളിലും സ്ഥാപനങ്ങളിലും ഉറവിടമാലിന്യ സംവിധാനങ്ങൾ ഒരുക്കുവാനുള്ള പ്രവർത്തനങ്ങൾ വീട്ടുവീടാന്തരം സന്ദർശിച്ച് നടത്തേണ്ടതുമാണ്. ഇത്തരം സംവിധാനങ്ങൾ സ്വന്തം നിലയ്ക്ക് ഒരുക്കാൻ സ്ഥലപരിമിതിയുള്ളവർക്കും തെരുവു ശുചീകരണത്തിന്റെ ഭാഗമായുണ്ടാകുന്ന ജൈവമാലിന്യങ്ങൾക്കും വേണ്ടി പൊതുസംവിധാനങ്ങൾ ഒരുക്കേണ്ടതാണ്.

4) ഉപയോഗം കുറക്കുക, ഉല്പാദനം കുറക്കുന്നതിലേക്കായി പുനരുപയോഗം വർദ്ധിപ്പിക്കുക, പുന:ചംക്രമണം പ്രോത്സാഹിപ്പിക്കുക എന്നതായിരിക്കണം അജൈവ മാലിന്യത്തോടുള്ള സമീപനം. അജൈവമാലിന്യങ്ങൾ വീട്ടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഇക്കാര്യത്തിനായി നോട്ടിഫൈ ചെയ്ത നിശ്ചിത ഫീസ് ഈടാക്കി നിശ്ചിത ഇടവേളകളിൽ ശേഖരിക്കുക, ഇവ ഇതിനായി തയ്യാറാക്കുന്ന മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി(MRF)സെന്ററിൽ ശേഖരിച്ച് രണ്ടാംഘട്ട തരം തിരിവ് നടത്തി (ഒന്നാം ഘട്ടം ഉറവിടത്തിൽ തന്നെ നടക്കുന്നു) റീ സൈക്ലിംഗ് വ്യവസായത്തിന് നല്കുക, റീ സൈക്ലിംഗിന് വിധേയമാക്കാനാവാത്തവ കഴുകുന്നതിനും ഷ്രഡ്ഡിംഗിന് വിധേയമാക്കുന്നതിനും യന്ത്രവൽകൃത MRF സെന്ററുകൾ സ്ഥാപിക്കുക, ഷ്രഡ്ഡിംഗിന് വിധേയമായവ റോഡ് പ്രവൃത്തികൾക്ക് ഉപയോഗപ്പെടുത്തുക എന്നതായിരിക്കണം പ്രവർത്തനരീതി. മേൽ പ്രവർത്തനങ്ങളുടെ മുൻപിൻ ബന്ധം ഉറപ്പുവരുത്തുന്നതിനായി ഖരമാലിന്യങ്ങൾ അനൗപചാരികമായി ശേഖരിക്കുകയും വ്യാപാരം നടത്തുകയും ചെയ്യുന്ന സ്ക്രാപ് ഡീലർമാരെ മേൽ സംവിധാനവുമായി ബന്ധിപ്പിക്കേണ്ടതും അജൈവമാലിന്യങ്ങളുടെ പുനരുപയോഗം ഉറപ്പുവരുത്താൻ സ്വാപ് ഷോപ്പുകൾ, (ചിലർക്ക് കൈയ്യൊഴിയേണ്ടതും മറ്റ് ചിലർക്ക് ആവശ്യം വരുന്നതുമായ വസ്തുക്കൾ കൊടുക്കുന്നതിനും വാങ്ങുന്നതിനും ഉള്ള സംവിധാനം) ഇതോടനുബന്ധിച്ച് റിപ്പയർ ഷോപ്പുകൾ എന്നിവ സ്ഥാപിക്കേണ്ടതുമാണ്.

5) അജൈവമാലിന്യങ്ങളുടെ അളവ് കുറക്കുന്നതിനായി ഓഫീസുകളിലും പൊതുസ്ഥലങ്ങളിലും ഹരിതമാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ (10 നിർദ്ദേശങ്ങൾ) പാലിക്കേണ്ടതാണ് .

6) ക്രമ നം 3,4 എന്നിവയിൽ പ്രതിപാദിച്ച കാര്യങ്ങൾക്കായി നിർദ്ദേശിക്കപ്പെട്ട രീതിയിൽ ഹരിതകർമ്മ സേന രൂപീകരിക്കേണ്ടതാണ്. വീട്ടുവീടാന്തരം സന്ദർശിച്ച് ബോധവത്കരണം നടത്തുക, നിലവിലെ മാലിന്യത്തിന്റെ തോത് കണ്ടെത്തി ആസൂത്രണത്തിനായി ഉപയോഗപ്പെടുത്തുക, നിലവിലെ സംസ്കരണ രീതി പരിശോധിക്കുക, ഉപയോഗപ്പെടുത്താവുന്ന സംവിധാനങ്ങൾ പരിചയപ്പെടുത്തുക എന്നിവ ഇവരുടെ പ്രാഥമിക കർത്തവ്യങ്ങളും അജൈവമാലിന്യങ്ങളുടെ ശേഖരണം, ഗുണഭോക്താക്കൾക്ക് ആവശ്യമായ സാങ്കേതിക സഹായം നല്കുക, മോണിറ്ററിംഗ് നടത്തുക എന്നിവ തുടർ പ്രവർത്തനങ്ങളുമാകുന്നു. ബോധവൽക്കരണം സർവ്വേ എന്നിവയ്ക്കായി വ്യാപകമായ പ്രചരണം നല്കേണ്ടതുണ്ട്.

7) ഹരിതകർമ്മസേനയ്ക്ക് സാങ്കേതികസഹായം ലഭ്യമാക്കുന്നതിന് ഒരു ഹരിതസഹായ സ്ഥാപനത്തിന്റെ സേവനം സ്ഥാപനം ലഭ്യമാക്കേണ്ടതാണ്. പ്രൊഫഷണലായി മാലിന്യപ്രശ്നം കൈകാര്യം ചെയ്തു പരിചയമുള്ള ഇവരുടെ മേൽനോട്ടത്തിലാണ് ഹരിതകർമ്മസേന സർവ്വേ നടത്തേണ്ടതും തങ്ങളുടെ പ്രവർത്തനങ്ങൾ നടത്തേണ്ടതും. മേൽ സർവ്വേ റിപ്പോർട്ട് അടിസ്ഥാനപ്പെടുത്തി സ്ഥാപനത്തിന്റെ മാലിന്യ സംസ്കരണത്തിനുള്ള വിശദമായ ഡി.പി.ആർ ഇവർ തയ്യാറാക്കേണ്ടതുണ്ട്. കർമ്മസേനാംഗങ്ങൾക്ക് ആവശ്യമായ പരിശീലനം നല്കുക, അവരുടെ പ്രവർത്തനം മോണിറ്റർ ചെയ്തു പോരായ്മകൾ ഉണ്ടെങ്കിൽ പരിഹരിക്കുക, ആവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കുക എന്നിവ ഉത്തരവാദിത്വങ്ങളിൽ പെടുന്നു.

8) നിക്ഷേപകത്വം (സംസ്കരണത്തിനുള്ള അടിസ്ഥാനസൗകര്യമൊരുക്കുന്നതിന്), പ്രേരണ ചെലുത്തൽ (സംസ്കരണപ്രവർത്തനങ്ങൾ കാര്യക്ഷമമാകുന്നതിന്), പദ്ധതി ആവിഷ്കാര നിർവ്വഹണം, സാങ്കേതിക വിദ്യ ലഭ്യമാക്കൽ, നിയമങ്ങൾ നടപ്പാക്കൽ, നിരീക്ഷണം എന്നീ 6 ഘടകങ്ങൾ അടങ്ങിയതാണ് സ്ഥാപനത്തിന്റെ ഉത്തരവാദിത്വം. ഹരിത കർമ്മസേനയുടെയും സഹായ സ്ഥാപനത്തിന്റെയും

പ്രവർത്തനങ്ങൾക്ക് ആവശ്യമെങ്കിൽ വയബിലിറ്റി ഗ്യാപ് ഫണ്ട് നല്കേണ്ടതുമാണ്. കൂടാതെ സ്ഥാപന പരിധിയിലെ എല്ലാ പരിപാടികളിലും ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കുക എന്നതും ചുമതലയിൽപ്പെടുന്നു.

9) തദ്ദേശസ്ഥാപനതലത്തിൽ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സണായി സാങ്കേതിക സമിതി രൂപീകരിക്കണം. മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ സ്ഥാപനതലത്തിലുള്ള എല്ലാ മേൽനോട്ടവും സമിതിയിൽ നിക്ഷിപ്തമാണ്.

10) സ്ഥാപനത്തെ നിശ്ചിത സമയത്തിനുള്ളിൽ (ഡി പി ആറിൽ സൂചിപ്പിക്കുന്ന കാലയളവിനുള്ളിൽ) സീറോ വേസ്റ്റ് എന്ന സ്ഥിതിവിശേഷത്തിൽ എത്തിക്കുക.

മേൽ മാനദണ്ഡങ്ങൾ അടിസ്ഥാനപ്പെടുത്തി ഗ്രാമപഞ്ചായത്തിലെ നാളിതുവരെയുള്ള പ്രവർത്തനവും നിലവിലെ സ്ഥിതിവിശേഷവും ഓഡിറ്റിൽ വിലയിരുത്തിയിട്ടുണ്ട്. ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

നിലവിലെ അവസ്ഥ

26-01-2024ന് ഗ്രാമപഞ്ചായത്തിനെ സമ്പൂർണ്ണ മാലിന്യ മുക്തഗ്രാമമായി പ്രഖ്യാപിച്ചിട്ടുണ്ട്. മാലിന്യ കൂമ്പാരങ്ങൾ ഇല്ലാതിരിക്കുക, മാലിന്യം വലിച്ചെറിയപ്പെടുന്ന സ്ഥിതിവിശേഷം ഇല്ലാതിരിക്കുക, എല്ലാ വീടുകളും മറ്റ് സ്ഥാപനങ്ങളും അജൈവമാലിന്യങ്ങൾ പ്രതിമാസം ഫീസ് നല്കി ഹരിതകർമ്മസേനയ്ക്ക് കൈമാറുന്ന സാഹചര്യം സൃഷ്ടിക്കപ്പെടുക, ജലാശയങ്ങൾ മാലിന്യ മുക്തമാക്കുക, ഉറവിട മാലിന്യസംസ്കരണം സാധ്യമാക്കുക തുടങ്ങിയ ഘടകങ്ങൾ അടിസ്ഥാനപ്പെടുത്തിയാണ് പഞ്ചായത്തുകൾ മാലിന്യമുക്തമെന്ന് പ്രഖ്യാപിക്കപ്പെടുന്നത്. മേല്പറഞ്ഞ നിയമങ്ങളും ചട്ടങ്ങളും നടപ്പിലാക്കുന്നതിൽ സ്ഥാപനം വളരെ മുന്നോട്ടു പോയെന്ന് ഈ പ്രഖ്യാപനം സാക്ഷ്യപ്പെടുത്തുന്നു. എങ്കിലും ഈ നിയമങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്ത് നിർവ്വഹിക്കേണ്ട കാര്യങ്ങളിൽ എത്രത്തോളം മുന്നോട്ട് പോയെന്ന് ഓഡിറ്റ് പരിശോധിക്കുകയുണ്ടായി. ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

ഹരിത കർമ്മസേനയുടെ പ്രവർത്തനം

ക്രമ നം.4 ൽ പ്രതിപാദിച്ച പ്രകാരമുള്ള ഹരിത കർമ്മ സേന കൺസോർഷ്യമായി 2019 ൽ തന്നെ സ്ഥാപനത്തിൽ രൂപീകരിച്ചിട്ടുണ്ട്. എന്നാൽ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ മാത്രമാണ് ഇത് കാര്യക്ഷമമായി പ്രവർത്തിക്കാൻ തുടങ്ങിയിട്ടുള്ളത്. ആകെ 29 അംഗങ്ങൾ ഉള്ള സേന നിലവിൽ പ്രതിമാസം ഭൂരിഭാഗം വീടുകളും മറ്റ് സ്ഥാപനങ്ങളും സന്ദർശിച്ച് അജൈവമാലിന്യങ്ങൾ ശേഖരിക്കുന്നുണ്ട് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥ വ്യക്തമാക്കിയിട്ടുണ്ട്. താഴെ കൊടുത്ത വിശദാംശം ഈ ഒരു വർഷത്തെ വളർച്ചയുടെ തോത് വ്യക്തമാക്കുന്നു.

ഹരിത കർമ്മസേന പിരിച്ചെടുത്ത പ്രതിമാസ ഫീസ് വിവരങ്ങൾ -2022-23 ലേയും 2023-24ലേയും താരതമ്യം

| ആകെ വീടുകൾ - 6920 | | ആകെ കെട്ടിടങ്ങൾ – 563 | |
|---|---|---|---|
| യൂസർ ഫീ പിരിച്ചെടുക്കപ്പെട്ട കെട്ടിടങ്ങളുടെ എണ്ണം | | | |
| 2023 മാർച്ച് മാസം | | 2024 മാർച്ച് മാസം | |
| വീടുകൾ | കെട്ടിടങ്ങൾ | വീടുകൾ | കെട്ടിടങ്ങൾ |
| 3510 | 518 | 3219 | 116 |

എന്നാൽ ഗ്രാമപഞ്ചായത്തിൽ നിലവിൽ കെട്ടിടനികുതി ഡിമാന്റിൽ ഉൾപ്പെട്ട കെട്ടിടങ്ങളുടെ എണ്ണം, സ്മാർട്ട് ഗാർബേജ് പ്രൊജക്ട് പ്രകാരം ആകെ QR കോഡ് പതിച്ച കെട്ടിടങ്ങളുടെ എണ്ണം, QR കോഡ് പതിച്ച കെട്ടിടങ്ങളിൽ സബ്സ്ക്രിപ്ഷൻ എടുത്ത കെട്ടിടങ്ങളുടെ എണ്ണം, നിലവിൽ പ്രതിമാസം ഫീസ് നല്കി മാലിന്യം കൈമാറുന്ന കെട്ടിടങ്ങളുടെ കണക്കുകൾ എന്നിവ തമ്മിൽ താഴെ കൊടുത്ത പ്രകാരം വൻ അന്തരം നിലനില്ക്കുന്നതായി കാണുന്നു.

| ആകെ കെട്ടിടങ്ങൾ | | | |
|---|---|---|---|
| നിലവിലെ ഡിമാന്റ് | QRകോഡ് | സബ്സ്ക്രൈബ് | നിലവിൽ പിരിക്കുന്നവ |

| പ്രകാരം | പതിച്ചവ | ചെയ്തവ | വീടുകൾ | മറ്റ് കെട്ടിടങ്ങൾ |
|---|---|---|---|---|
| 9985 | 7277 | 6614 | 6455 | 822 |

പുതിയ കെട്ടിടങ്ങൾ നിലവിൽ വരുമ്പോൾ അവയ്ക്ക് സമയബന്ധിതമായി QR കോഡ് പതിച്ച് അവയെ മാലിന്യ ശേഖരണ പരിപാടിയിൽ ഉൾപ്പെടുത്തുന്നില്ലെന്ന് കണക്കുകൾ കാണിക്കുന്നു. കൂടാതെ QR കോഡ് പതിച്ച കെട്ടിടങ്ങൾ മുഴുവൻ സബ്സ്ക്രൈബ് ചെയ്യപ്പെടാത്തതും സബ്സ്ക്രൈബ് ചെയ്തവയിൽ നിന്നും പൂർണ്ണമായും പ്രതിമാസം ഫീസ് പിരിക്കാത്തതും ശ്രദ്ധേയമാണ്. നിലവിൽ പിരിക്കുന്ന കെട്ടിടങ്ങളുടെ എണ്ണം പുതിയ കെട്ടിടങ്ങൾ വരുന്നതിനനുസരിച്ച് വർദ്ധിക്കുന്നില്ല എന്നത് നൂറുശതമാനമെന്ന ലക്ഷ്യം ഹരിതകർമ്മസേന കൈവരിച്ചിട്ടില്ലെന്നതിന് തെളിവായി ഓഡിറ്റ് വിലയിരുത്തുന്നു. ഹരിതകർമ്മസേനയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടാൻ പരിശ്രമിക്കേണ്ടതുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെടുത്തുന്നു.

റിജക്ട് മാലിന്യത്തിന്റെ ശേഖരണവും കൈയ്യൊഴിയലും

പ്രതിമാസ ഫീസ് പിരിക്കുന്നതിനൊപ്പം വേർതിരിച്ച, പുനരുപയോഗ സാധ്യമായ മാലിന്യങ്ങൾ സേന സ്വീകരിക്കുന്നുണ്ട്. എന്നാൽ വീടുകളിലും സ്ഥാപനങ്ങളിലും ഉണ്ടാകുന്ന റിജക്ട് മാലിന്യങ്ങൾ ശേഖരിക്കുന്നതിന് കൃത്യമായ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. 7-09-2020-ലെ ഡി.സി1/282/2020/ ത.സ്വ.ഭ.വ.സർക്കുലർ പ്രകാരം അജൈവ പാഴ് വസ്തുക്കളുടെ ശേഖരണം സംബന്ധിച്ച കലണ്ടർ സർക്കാർ പുറപ്പെടുവിച്ചിരുന്നു. കൂടാതെ സ.ഉ(സാധാ) നം.628/2023/LSGD തീയതി- 16-03-2023 പ്രകാരം ഇത് പുതുക്കി നല്കുകയും ചെയ്തു. പ്ലാനും കലണ്ടറും ഉണ്ടായിട്ടും ഇത് കൃത്യമായി പാലിക്കപ്പെടുന്നില്ല എന്നത് വീഴ്ചയാണ്. അജൈവ പാഴ് വസ്തുകൾ ശേഖരിക്കാതിരിക്കുകയോ, ശേഖരിക്കുന്നുണ്ടെങ്കിൽ തന്നെ ഇതിനായി പ്രത്യേക ഫീസ് ഈടാക്കുകയോ ചെയ്യുന്നില്ലെന്ന് ഓഡിറ്റിന് ലഭ്യമാക്കിയ വിവരങ്ങളിൽ നിന്നും വ്യക്തമാകുന്നു. റിജക്റ്റഡ് വേസ്റ്റ് കിലോയ്ക്ക് 12 രൂപ നിരക്കിൽ ഈടാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെങ്കിലും 2023 മെയ്, ജൂൺ മാസങ്ങളിൽ മാത്രമാണ് ഈ നിരക്കിൽ റിജക്റ്റഡ് വേസ്റ്റ് എടുത്തിട്ടുള്ളു. ഇതിന് ശേഷം റിജക്റ്റഡ് വേസ്റ്റിന് തുക ഈടാക്കി നാളിതുവരെ ശേഖരിച്ചിട്ടില്ല.

MCF സ്ഥാപിക്കൽ, MCF ൽ അടിസ്ഥാന സൗകര്യമൊരുക്കൽ, മിനി MCF സ്ഥാപിക്കൽ, ഹരിതസഹായ സംഘത്തിന് തുക നൽകൽ, ഹരിത സേനയ്ക്ക് VGF നൽകൽ, ഹരിത സേനയ്ക്ക് ഉപകരണങ്ങൾ വാങ്ങലും വാഹന വാടക നല്കലും, യൂസർഫീസ് ഇളവ് ഇനത്തിൽ സേനയ്ക്ക് വിഹിതം നല്കൽ അജൈവമാലിന്യം കയറ്റി അയച്ച ഇനത്തിൽ ക്ലീൻ കേരള കമ്പനിക്ക് തുക നൽകൽ, സ്മാർട്ട് ഗാർബേജ് പദ്ധതി നടപ്പിലാക്കൽ, റിംഗ് കമ്പോസ്റ്റ് വിതരണം ചെയ്യൽ, തുടങ്ങിയ ഇനങ്ങളിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1) MCFലെ അടിസ്ഥാന സൗകര്യം - ഗ്രാമ പഞ്ചായത്ത് ഓഫീസിനോട് ചേർന്നാണ് നിലവിലെ MCF കെട്ടിടം ഒരുക്കിയിട്ടുള്ളത്. കെട്ടിടത്തിന് 221.295 $M^2$ വിസ്തീർണ്ണം ഉണ്ട്. MCF ൽ വെയിംഗ് മെഷീൻ വാങ്ങി നൽകിയിട്ടുണ്ടെങ്കിലും നിലവിൽ ഇത് പ്രവർത്തന ക്ഷമമല്ല. ഫീൽഡ് തലത്തിൽ ഉപയോഗിക്കുന്നതിനുള്ള ചെറിയ വെയിംഗ് മെഷീനുകൾ എട്ട് എണ്ണമാണുള്ളത്. എല്ലാ വാർഡുകളിലും കലക്ഷന് പോകുമ്പോൾ ഇത് പര്യാപ്തമല്ല. ബെയിലിംഗ് മെഷീൻ, കൺവെയർ ബൽറ്റ്, സോർട്ടിംഗ് ടേബ്ൾ എന്നിവ MCF ൽ ലഭ്യമാക്കിയിട്ടില്ല. കറന്റ് കണക്ഷൻ ലഭിച്ചിട്ടുണ്ട്. വീടുകളിൽ നിന്നും മറ്റ് സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന മാലിന്യങ്ങൾ ഇവിടെ ശേഖരിച്ച് വേർതിരിക്കാൻ MCF ഉപയോഗപ്പെടുത്തുന്നുണ്ട്. സേനാംഗങ്ങൾക്ക് ആവശ്യമായ മറ്റ് സൗകര്യങ്ങൾ എം.സി.എഫിൽ ഒരുക്കിയിട്ടുണ്ട്. ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ MCF നിർമ്മാണത്തിനായി നാളിതുവരെ 25,78,023/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ മാലിന്യം സെഗ്രഗേറ്റ് ചെയ്യുന്നതിനും ബെയിലിംഗ് ചെയ്യുന്നതിനും ഉള്ള അടിസ്ഥാന സൗകര്യം ഒരുക്കേണ്ടതും അടിയന്തിരമായി വെയിംഗ് മെഷീൻ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. അല്ലാത്തപക്ഷം മാലിന്യം സെഗ്രഗേറ്റ് ചെയ്ത് സൂക്ഷിക്കാൻ കഴിയാതെ കെട്ടിക്കിടക്കുന്നതിനും മറ്റ് ഗുരുതരമായ സുരക്ഷാ പ്രശ്നങ്ങൾക്കും

ഇടയാക്കുന്നതുമാണ്. ഇതിനാൽ കൃത്യമായ ഇടവേളകളിൽ സെഗ്രഗേറ്റ് ചെയ്ത മാലിന്യം കയറ്റി അയക്കേണ്ടതും പഞ്ചായത്തിനോടും വില്ലേജ് ഓഫീസിനോടും ചേർന്ന് സ്ഥിതി ചെയ്യുന്ന MCF ൽ എല്ലാ സുരക്ഷാ സംവിധാനങ്ങളും ഒരുക്കി എന്ന് പഞ്ചായത്ത് LID&EW വിഭാഗം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതുമാണ്.

2) യൂസർഫീസ് ഇളവ് ഇനത്തിൽ സേനയ്ക്ക് വിഹിതം നല്കൽ- അതിദരിദ്രർ, അഗതി ആശ്രയ പദ്ധതിയിൽപ്പെട്ടവർ എന്നീ വിഭാഗങ്ങളിലായി ആകെ 118 കുടുംബങ്ങൾ പഞ്ചായത്തിലുണ്ട്. ഇവരുടെ വീടുകളിൽ നിന്നും മാലിന്യം പ്രതിമാസം ശേഖരിക്കുന്നുണ്ട്. ഇതിന്റെ ഫീസ് സർക്കാർ നിർദ്ദേശപ്രകാരം ഗ്രാമപഞ്ചായത്താണ് നല്കേണ്ടത്. 2023-24 ലെ ഈ ഇനത്തിലുള്ള ചെലവ് 9200/- രൂപ 2024-25 ൽ ആണ് എക്സ്പെൻഡീച്ചറായിട്ടുള്ളത്. അതിദരിദ്രർ, അഗതി ആശ്രയ പദ്ധതിയിൽപ്പെട്ടവരുടെ യൂസർഫീ ഇളവ് ഇനത്തിൽ സേനയ്ക്ക് വിഹിതം നൽകുന്നതിനായുള്ള പദ്ധതിയ്ക്ക് നാമമാത്രമായ തുകയാണ് പഞ്ചായത്ത് ചെലവഴിച്ചിട്ടുള്ളത്.

3) ഉറവിട മാലിന്യ സംസ്കരണം- ജൈവമാലിന്യ സംസ്കരണത്തിനായി പഞ്ചായത്ത് റിംഗ് കമ്പോസ്റ്റ് യൂണിറ്റുകൾ ഒന്നും നാളിതുവരെ വിതരണം നടത്തിയിട്ടില്ല. 2024-25 വർഷമാണ് കംപോസ്റ്റ് യൂണിറ്റ് വിതരണം ചെയ്യുന്നതിനായി പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. നിലവിൽ 7503 വീടുകളിൽ നിന്നും അജൈവ പാഴ് വസ്തുക്കൾ ശേഖരിക്കേണ്ടതുണ്ട്. എന്നാൽ ജൈവ മാലിന്യ സംസ്കരണത്തിന് നാളിതുവരെ വീടുകൾക്ക് കമ്പോസ്റ്റ് യൂണിറ്റുകൾ വിതരണം ചെയ്തിട്ടില്ല. മറ്റ് കെട്ടിടങ്ങളുടെ കാര്യത്തിൽ ഉറവിട മാലിന്യസംസ്കരണം ആവശ്യമായ ഇടങ്ങളിൽ എത്രത്തോളം ഇവ സ്ഥാപിക്കപ്പെട്ടെന്ന് വ്യക്തമല്ല.

4). അജൈവമാലിന്യം(റിജക്ട്) കയറ്റി അയച്ച ഇനത്തിലെ ചെലവ്- അജൈവമാലിന്യം കയറ്റി അയച്ച ഇനത്തിൽ ക്ലീൻ കേരള കമ്പനിക്ക് പ്രോജക്ട് തയ്യാറാക്കി കരാർ വെച്ച് കിലോയ്ക്ക് 10/- രൂപ നിരക്കിൽ തുക (പ്രോജ.നം.229,പ്രകാരം2,85,604/-രൂപ) നൽകിയിട്ടുണ്ട്. പൊതുശുചീകരണത്തിന്റെ ഭാഗമായി ലഭിച്ച റിജക്ട് മാലിന്യം കൈയ്യൊഴിഞ്ഞ ഇനത്തിലാണ് ഈ ചെലവെന്ന് ഓഡിറ്റിൽ വിശദീകരിച്ചിട്ടുണ്ടെങ്കിലും പ്രത്യേക ഫീസ് ഈടാക്കാതെ വീടുകളിൽ/സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച റിജക്ട് മാലിന്യങ്ങളും ഇതിൽ ഉൾപ്പെട്ടതായി സംശയിക്കേണ്ടിയിരിക്കുന്നു. ഈ തുക ചെലവഴിച്ചിരിക്കുന്നത് 16-12-2022 മുതൽ 07-04-2023 വരെ കയറ്റി അയച്ച റിജക്റ്റഡ് മാലിന്യത്തിന്റെ ചെലവിനത്തിലാണ്. വീടുകളിൽ/ സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന റിജക്റ്റ് മാലിന്യങ്ങൾക്ക് പ്രത്യേക ഫീസ് ഈടാക്കി അതിൽ നിന്നും അവ കയറ്റി അയക്കുന്നതിനുള്ള ചെലവു വഹിക്കുക എന്ന സമീപനത്തിലേക്ക് ഹരിതകർമ്മസേനയെ ശാക്തീകരിക്കേണ്ടത് ഗ്രാമപഞ്ചായത്തിന്റെ ഉത്തരവാദിത്വമാണ്. റിജക്റ്റഡ് വേസ്റ്റ് കയറ്റി അയക്കുന്നതിന് മുമ്പുള്ള ഭാരം പരിശോധിക്കുമ്പോൾ പഞ്ചായത്തിലെ ഉത്തരവാദപ്പെട്ടവർ മേൽ നോട്ടം വഹിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

5) ഹരിതകർമ്മ സേനയ്ക്ക് മാലിന്യം ശേഖരിക്കാന്നതിനായി പ്രോജക്റ്റ് നം 164/24 പ്രകാരം വാങ്ങിയത് ഇലക്ട്രിക് വാഹനം ആയതിനാൽ കയറ്റമുള്ള പ്രദേശങ്ങളിലേക്ക് വാഹനം വാടകയ്ക്ക് എടുത്ത് ഓട്ടുകയാണ് എന്നാണ് വി.ഇ.ഒ അറിയിച്ചിരിക്കുന്നത്. ഈ വാഹനം മാലിന്യം കയറ്റുന്നതിന് പര്യാപ്തമല്ലാത്ത വിധം കാര്യേജ് കപ്പാസിറ്റി കുറഞ്ഞ ഇലക്ട്രിക് വാഹനമാണ്. ഇതിനാൽ 2023-24 ൽ ഇലക്ട്രിക് വാഹനം വാങ്ങിയിട്ടും മാലിന്യം ശേഖരിക്കുന്നതിനായി വാഹന വാടക/കൂലി ഇനത്തിൽ പഞ്ചായത്തിന് 2024-25 വർഷം 31,870/-രൂപ ചെലവഴിക്കേണ്ടതായും വന്നു. വാങ്ങിയ ഇലക്ട്രിക് വാഹനത്തിന്റെ ഉപയോഗം പരിശോധിച്ചതിൽ ആകെ 480കി.മീറ്റർ മാത്രമാണ് ഓടിയത് എന്ന് കാണുന്നു. നിലവിൽ ഈ വാഹനം മാലിന്യം ശേഖരിക്കുന്നതിനായി ഉപയോഗിക്കുന്നില്ല. കൂടാതെ ഈ വാഹനം നാളിതുവരെ സർവ്വീസ് നടത്തിയിട്ടില്ല എന്നും രേഖകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമായി. ഇപ്രകാരം പഞ്ചായത്തിലെ മാലിന്യനീക്കത്തിനായി ഉപകാരപ്രദമല്ലാത്ത കാര്യേജ് കുറഞ്ഞതും കയറ്റം കയറാത്തതുമായ വാഹനം വാങ്ങിയത് മൂലം വാഹനത്തിന് ചെലവഴിച്ച 4,97,000/- രൂപ വിനിയോഗിക്കാനായിട്ടില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പഞ്ചായത്തിലെ കൃത്യമായ മാലിന്യ നീക്കത്തിനും ഹരിതകർമ്മസേന പ്രവർത്തനത്തിനും വലിയ തോതിൽ ഇത് തടസ്സമുണ്ടാക്കിയിട്ടുണ്ട്. കൂടാതെ 4.97 ലക്ഷം രൂപ ചെലവഴിച്ച് വാഹനം വാങ്ങിയിട്ടും വാർഡുകളിൽ നിന്നും മാലിന്യം നീക്കം ചെയ്യുന്നതിന് വാഹനം

വാടകയ്ക്ക് എടുക്കുന്ന നടപടി ആശാസ്യമല്ല.

6) പഞ്ചായത്തിനോട് ചേർന്ന് നിർമ്മിച്ച MCF അല്ലാതെ പഞ്ചായത്തിൽ മിനി MCFകളൊന്നും നാളിതുവരെ സ്ഥാപിച്ചിട്ടില്ല. ഇതിനാൽ വാർഡുകളിൽ നിന്നും മാലിന്യം ശേഖരിച്ച് സൂക്ഷിക്കുന്നതിന് കഴിയാതെ വരികയും മറ്റ് സ്ഥലങ്ങളിൽ കൂട്ടിയിട്ട് മാലിന്യപ്രശ്നം വർദ്ധിക്കുന്നതിനും ഇടയാകുന്നു. അടിയന്തിരമായി സർക്കാർ മാർഗ്ഗരേഖ പ്രകാരം എല്ലാ വാർഡുകളിലും മിനി MCF യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

7) ഹരിതകർമ്മസേന വാർഡുകളിൽ നിന്നും യൂസർഫീസ് പിരിക്കുന്നതിന് ഓരോ വാർഡിലും രണ്ട് പേർക്ക് ചുമതല നൽകുകയാണ് ചെയ്തിരിക്കുന്നത്. ഇവർ പിരിക്കുന്ന യൂസർഫീസ് മുഴുവൻ കൺസോർഷ്യത്തിന്റെ അക്കൗണ്ടിലേക്ക് അടയ്ക്കുകയും പ്രതിമാസം പിരിച്ച ഫീസിന്റെ 90% തുക വേതനമായി ഈ തുക പിരിച്ചെടുത്ത ഹരിതകർമ്മ സേനാംഗത്തിന് വേതനമായി നൽകുകയുമാണ് നിലവിൽ ചെയ്തു വരുന്നത്. ബാക്കി വരുന്ന 10 ശതമാനം കൺസോർഷ്യത്തിലേക്കും മുതൽക്കൂട്ടുന്നു. എല്ലാ വാർഡുകളിലും യൂസർഫീ പിരിക്കുന്നതിൽ കുറവുണ്ടാവാതിരിക്കാൻ കൺസോർഷ്യം പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. ഫീ പിരിവ് കുറവുള്ള വാർഡുകളിൽ ഫീ പിരിക്കുന്നതിന് ചുമതലപ്പെടുത്തിയവർക്ക് പുറമെ മറ്റ് അംഗങ്ങൾക്ക് കൂടി ചുമതല നൽകി ഫീ ഈടാക്കി വരുന്നുണ്ട്. എന്നിരുന്നാലും പഞ്ചായത്ത് ഡിമാന്റിലെ മുഴുവൻ വീടുകളിൽ നിന്നും ഷോപ്പുകളിൽ നിന്നും യൂസർഫീ കിട്ടാത്ത സാഹചര്യവും നിലനിൽക്കുന്നുണ്ട്.

8) സെഗ്രഗേറ്റ് ചെയ്ത മാലിന്യം വിൽപ്പന നടത്തിയ വകയിൽ 2022-23 ൽ 90,527/-രൂപയും 2023-24 വർഷം 1,16,652/- രൂപയും കൺസോർഷ്യത്തിന് ലഭ്യമായിട്ടുണ്ട്. ബെയിലിംഗ് മെഷീൻ ലഭ്യമാക്കാത്തതിനാൽ സെഗ്രഗേറ്റ് ചെയ്ത മാലിന്യം ബെയിൽ ചെയ്ത് സൂക്ഷിക്കാൻ കഴിയുന്നില്ല. ഇത് സ്ഥല ലഭ്യത കുറയ്ക്കുന്നതിനും, ബെയിൽ ചെയ്ത് സെഗ്രഗേറ്റ് ചെയ്ത പ്ലാസ്റ്റിക്കിന് ലഭിക്കുമായിരുന്ന അധികനിരക്ക് നഷ്ടപ്പെടുന്നതിനും ഇടയാക്കുന്നു.

9) അജൈവ മാലിന്യ ശേഖരണവുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്തിലെ ഡിമാന്റ് പ്രകാരമുള്ള മുഴുവൻ വീടുകളിലും സ്ഥാപനങ്ങളിലും ക്യൂ ആർ കോഡ് പതിച്ചിട്ടില്ല. കെട്ടിട നികുതി ഡിമാന്റ് പ്രകാരം ആകെ 9985 കെട്ടിടങ്ങൾ ഉണ്ടായിരിക്കെ 7277 കെട്ടിടങ്ങളിൽമാത്രമാണ് ക്യൂ ആർ കോഡ് പതിച്ചിട്ടുള്ളത്. മുഴുവൻ കെട്ടിടങ്ങളിലും ക്യൂ ആർ കോഡ് പതിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും ഹരിതമിത്രം ആപ്പിൽ രേഖപ്പെടുത്തേണ്ട മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തി എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

10) ഹരിതകർമ്മ സേനാംഗങ്ങൾക്ക് കൃത്യമായ ഇടവേളകളിൽ ആരോഗ്യ പരിശോധന നടത്തുന്നില്ല. കൃത്യമായ ഇടവേളകളിൽ ആരോഗ്യ പരിശോധന നടത്തുന്നുണ്ടെന്ന് പഞ്ചായത്ത് കരാറടിസ്ഥാനത്തിൽ നിയമിച്ച ഹെൽത്ത് ഇൻസ്പെക്ടർ ഉറപ്പ് വരുത്തേണ്ടതാണ്.

11) ഹരിതകർമ്മ സേനാംഗങ്ങൾ കാറ്ററിംഗ് ജോലികൾക്ക് പോവുകയും 850 സ്റ്റീൽ പ്ലേറ്റുകൾ പരിപാടികൾക്ക് വാടകയ്ക്ക് നൽകുകയും ചെയ്യുന്നുണ്ട്. ഒരു പ്ലേറ്റിന് 2.5 രൂപ നിരക്കിലാണ് വാടകയ്ക്ക് നൽകുന്നത്. വാടകയ്ക്ക് നൽകുന്ന പാത്രങ്ങൾ കഴുകി വൃത്തിയാക്കുന്ന ജോലിയും ഹരിതകർമ്മ സേനാംഗങ്ങൾ ഏറ്റെടുത്ത് നിർവ്വഹിക്കുന്നുണ്ട്. എന്നാൽ വാടകയ്ക്ക് പുറമെ മറ്റ് തുകകളൊന്നും ഈടാക്കാത്തതിനാൽ സേനാംഗങ്ങൾക്ക് ചെയ്യുന്ന ജോലിയ്ക്ക് അനുസൃതമായി വേതനം ലഭ്യമാകുന്നില്ല. പുനരുപയോഗം പ്രോത്സാഹിപ്പിക്കുന്നതിന് കൂടുതൽ സ്റ്റീൽ പ്ലേറ്റുകൾ, സ്റ്റീൽ ഗ്ലാസ്സുകൾ എന്നിവ സേനയ്ക്ക് വാങ്ങാവുന്നതും ഇതിലൂടെ പഞ്ചായത്തിലെ മാലിന്യം നിയന്ത്രിക്കുന്നതിൽ വലിയതോതിൽ ഇടപെടാനാകുന്നതും ഒപ്പം സേനയുടെ വരുമാനം വർദ്ധിപ്പിക്കാവുന്നതുമാണ്.

12) ഹരിതകർമ്മസേനാംഗങ്ങളെ ഉൾപ്പെടുത്തി ഒരു കൺസോർഷ്യം രൂപീകരിക്കപ്പെട്ടിട്ടുണ്ട്. ശുചിത്വ മേഖലയുടെ സുഗമമായ പ്രവർത്തനത്തിന് ഇതുമായി ബന്ധമുള്ള മേഖലകളിൽ (ഉദാ- സെഗ്രഗേഷൻ, സ്വാപ്പ് ഷോപ്പുകൾ) യൂണിറ്റുകൾ പ്രവർത്തനസജ്ജമാക്കേണ്ടതുണ്ട്.

നിർദ്ദേശങ്ങൾ

സ്ഥാപനത്തിലെ അജൈവമാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ നിലവിലെ വിടവുകൾ

നികത്തി പരിപൂർണ്ണതയിലെത്തിക്കുക, ആസൂത്രണ, സബ്സിഡി മാർഗ്ഗരേഖകളിൽ പ്രതിപാദിച്ച കാര്യങ്ങൾക്കല്ലാതെ വരുന്ന ചെലവുകൾ ഹരിതകർമ്മസേനയുടെ വരുമാനം വർദ്ധിപ്പിച്ച് അതിൽ നിന്നുതന്നെ വഹിച്ച്(ഉദാ-റിജക്ട് മാലിന്യം കൈയ്യൊഴിയുന്നതിനുള്ള ചെലവ്) സ്ഥാപനത്തിന്റെ സാമ്പത്തികബാധ്യത ഒഴിവാക്കുക എന്നിവയായിരിക്കണം കാഴ്ചപ്പാട്. ഇതിന് നിലവിലെ ഹരിതകർമ്മ സേനയെ കൂടുതൽ ശാക്തീകരിക്കേണ്ടതുണ്ട്. ചെലവുകൾ വഹിക്കുന്നതിന് സർക്കാർ നിർദ്ദേശപ്രകാരം രൂപീകരിക്കപ്പെട്ട, ഈ മേഖലയിലെ ഫീസുകളും ഫൈനുകളും ഉൾക്കൊള്ളിച്ച് രൂപീകരിച്ച ശുചിത്വ ഫണ്ടും ആവശ്യമെങ്കിൽ ഉപയോഗപ്പെടുത്താവുന്നതാണ്. മാനദണ്ഡങ്ങളിൽ പ്രതിപാദിച്ച 2024-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്റ്റിലെ വകുപ്പ് എ ഡി (1) ൽ മാലിന്യം വേർതിരിക്കൽ, ശേഖരണം, ഗതാഗതം, സംഭരണം, സംസ്കരണം, അതിന്റെ കൈയൊഴിയൽ എന്നിവയുമായി ബന്ധപ്പെട്ട സേവനങ്ങൾ നല്കുന്നതിന്റെ പൂർണ്ണമോ ഭാഗികമോ ആയ ചെലവു വഹിക്കുന്നതിന് ഓരോ മാലിന്യ ഉൽപാദകനും നല്കേണ്ട യൂസർഫീസ് നിശ്ചയിക്കേണ്ടതും ശേഖരിക്കേണ്ടതുമാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. സ്ഥാപനത്തിന്റെ സാമ്പത്തിക താല്പര്യം മുൻനിർത്തി ഇത്തരത്തിൽ വരുന്ന പൂർണ്ണമായ ചെലവ് മാലിന്യ ഉൽപാദകനിൽ നിന്നു തന്നെ ഈടാക്കുന്നതായിരിക്കും ഉചിതമെന്ന് അഭിപ്രായപ്പെടുന്നു. നിലവിലുള്ള ബൈലോയിൽ പ്രതിമാസം 50/100 രൂപ നിരക്കിൽ ഈടാക്കുന്ന ഫീസ് മാത്രമാണ് പ്രതിപാദിച്ചത് എന്നതിനാൽ, പുതിയ ഭേദഗതിയുടെ അടിസ്ഥാനത്തിൽ, റിജക്ട് മാലിന്യശേഖരണത്തിനു കൂടി യൂസർ ഫീസ് ഉൾപ്പെടുത്തി പരിഷ്കരിച്ച ബൈലോ പുനർ നോട്ടിഫൈ ചെയ്യാവുന്നതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-22 അനിവാര്യ ചുമതലയിൽ തുക വകയിരുത്തുന്നുണ്ടെങ്കിലും ചെലവഴിക്കുന്നില്ല

നിർവഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

1) പ്രോജക്ട് നമ്പർ : 11/24

പ്രോജക്ട് : തെരുവുനായ വന്ധ്യംകരണത്തിന് ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ

വകയിരുത്തിയ തുക : 100,000/-

ചെലവഴിച്ച തുക : ഇല്ല

2) പ്രോജക്ട് നമ്പർ : 172/24

പ്രോജക്ട് : എ.ബി.സി.പദ്ധതി ജില്ലാ പഞ്ചായത്തിന് തുക കൈമാറൽ

വകയിരുത്തിയ തുക : 25,000/-

ചെലവഴിച്ച തുക : ഇല്ല

കേരള പഞ്ചായത്ത് രാജ് നിയമം 1994,മൂന്നാം പട്ടികയിൽ ഗ്രാമ പഞ്ചായത്തിന്റെ അനിവാര്യ ചുമതലയായി പറഞ്ഞിട്ടുള്ള വിഷയമാണ് തെരുവുനായ നിർമാർജനം. ഇതിനായി പഞ്ചായത്ത് പരിധിക്കുള്ളിലെ തെരുവുനായകളെ വന്ധ്യംകരിക്കുന്നതിനു വേണ്ടി ജില്ലാ പഞ്ചായത്ത് 'ആനിമൽ ബർത്ത് കൺട്രോൾ' എന്ന സംയുക്ത പദ്ധതി രൂപീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പിനായി ഗ്രാമ പഞ്ചായത്തുകൾ തങ്ങളുടെ വിഹിതം കൈമാറേണ്ടതുണ്ടെങ്കിലും ആയത് ചെയ്തിട്ടില്ല. തെരുവുനായ നിർമാർജനത്തിനായി സർക്കാർ നിർദ്ദേശ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിൽ പഞ്ചായത്തിനുണ്ടായിട്ടുള്ള വീഴ്ചകൾ ചുവടെ ചേർക്കുന്നു.

1) പഞ്ചായത്തിന്റെ അനിവാര്യ ചുമതലയായി പറഞ്ഞിട്ടുള്ള തെരുവുനായ നിർമാർജനത്തിനായി തൻവർഷം രണ്ടു പ്രൊജക്ടുകൾ രൂപീകരിച്ചെങ്കിലും രണ്ടിലും പഞ്ചായത്ത് തുകയൊന്നും ചെലവഴിച്ചിട്ടില്ല.

2) സ.ഉ(സാധാ)നം.2065/2022/LSGD തി.23-08-2022 പ്രകാരം രണ്ടു ബ്ലോക്കുകൾക്ക് ഒരെണ്ണമെന്ന നിലയിൽ ABC സെന്റർ സജ്ജീകരിക്കേണ്ടതും അതാതു ഗ്രാമപഞ്ചായത്തിൽ നിന്നും പിടികൂടിയ നായകളെ ബ്ലോക്ക് തല ABC സെന്ററിൽ എത്തിച്ച് ശസ്ത്രക്രിയ നടത്തി പഴയ സ്ഥലത്ത് തിരികെ വിടേണ്ടതുമാണ്. എന്നാൽ പദ്ധതി ആരംഭിച്ചതു മുതൽ നാളിതുവരെ എത്ര തെരുവു നായകളെ ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ നിന്നും പിടികൂടി ആനിമൽ ബർത്ത് കൺട്രോൾ സെന്ററിൽ കൊണ്ടുപോയി ശസ്ത്രക്രിയ നടത്തി തിരികെ കൊണ്ടു വിട്ടിട്ടുണ്ടെന്നതിന് പഞ്ചായത്തിന്റെ കൈവശം യാതൊരു കണക്കുകളുമില്ല.

3) ABC പരിപാടിക്ക് ഗ്രാമപഞ്ചായത്ത് തലത്തിൽ മോണിട്ടറിംഗ് കമ്മറ്റി രൂപീകരിക്കേണ്ടതായിരുന്നെങ്കിലും പ്രസ്തുത മോണിട്ടറിംഗ് കമ്മറ്റി രൂപീകരിച്ചിട്ടില്ല.

4) ABC പരിപാടിയുമായി ബന്ധപ്പെട്ട് തെരുവു നായകൾക്ക് തീവ്ര വാക്സിനേഷൻ നൽകൽ,തെരുവു നായകൾക്കായി അഭയകേന്ദ്രങ്ങൾ ഒരുക്കൽ, ശുചിത്വയജ്ഞം, IEC ക്യാംപെയ്ൻ എന്നിവ സംഘടിപ്പിക്കൽ എന്നീ നാലു ഘട്ടങ്ങളുള്ള കർമ്മ പരിപാടി പ്രാദേശിക സർക്കാർ തലത്തിൽ നടപ്പിലാക്കാൻ സ.ഉ(സാധാ)നം.2244/2022/LSGD തി.15-09-2022 പ്രകാരം ഉത്തരവു നൽകിയിട്ടുണ്ടെങ്കിലും പഞ്ചായത്ത് മേൽപറഞ്ഞ പ്രവർത്തനങ്ങളൊന്നും ഏറ്റെടുത്ത് പൂർത്തിയാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 11/2023-24, തീയതി 02.12.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും ഈ വിഷയത്തിൽ സ്വീകരിച്ച തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതുമാണ്.

1-23 ഗുണഭോക്തൃ പട്ടിക ഭരണസമിതി അംഗീകരിച്ചതായി രേഖകളില്ല

നിർവഹണ ഉദ്യോഗസ്ഥൻ : ഡയറി ഫാം ഇൻസ്ട്രക്ടർ

പ്രൊജക്റ്റ് നമ്പർ : 7/24

പ്രൊജക്റ്റ് : ക്ഷീര കർഷകർക്ക് അളക്കുന്ന പാലിന് ഇൻസെന്റീവ്

ക്ഷീര വികസന മേഖലയിൽ നടപ്പിലാക്കിയ മേൽ പദ്ധതി പ്രകാരം 1,400,000/-രൂപ കാലിത്തീറ്റയുള്ള സബ്സിഡിയായി ക്ഷീരകർഷകരായ ഗുണഭോക്താക്കൾക്ക് വേണ്ടി പഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്. തുക ചെലവഴിച്ചതിന്റെ വിശദാംശം ചുവടെചേർക്കുന്നു.

| | ബിൽ റഫറൻസ് നമ്പർ | തുക | പാലളന്ന ക്ഷീരോൽപാദക സഹകരണ സംഘം | ഗുണഭോക്താക്കളുടെ എണ്ണം | പാലളന്ന മാസം |
|---|---|---|---|---|---|
| 1 | 984486/ 22-12-2023 | 328,596 (ഗ്രാ.പ. വിഹിതം) | ആവള | 16 | 4/23,5/23,6/23, 7/23,8/23,9/23 |
| | | | ചെറുവണ്ണൂർ | 42 | |
| | | | മുയിപ്പോത്ത് | 114 | |
| 2 | 990035/ | 300,000 | ചെറുവണ്ണൂർ | 140 | 4/23,5/23,6/23, |

| | | | | | |
|---|---|---|---|---|---|
| | 22-12-2023 | (ജി.പ. വിഹിതം) | | | 7/23,8/23,9/23 |
| 3 | 990064/ 22-12-23 | 300,000 (ബ്ളോ.പ. വിഹിതം) | ആവള | 122 | 4/23,5/23,6/23, 7/23,8/23,9/23 |
| 4 | 1341118/ 09-03-2024 | 471,404 (ഗ്രാ.പ. വിഹിതം) | ആവള | 136 | 10/23,11/23,12/23 |
| | | | മുയിപ്പോത്ത് | 107 | 10/23,11/23,12/23 |
| | | | ചെറുവണ്ണൂർ | 160 | 10/23,11/23,12/23 |
| | | | ആവള | 18 | 4/23,5/23,6/23, 7/23,8/23,9/23 |
| | | 1,400,000 | | | |

മേൽ കാണിച്ചതിൻ പ്രകാരം ചെറുവണ്ണൂർ, മുയിപ്പോത്ത്, ആവള എന്നീ ക്ഷീരോൽപാദക സഹകരണ സംഘങ്ങളിൽ പാൽ അളന്ന ഗുണഭോക്താക്കൾക്കാണ് മിൽക്ക് ഇൻസെന്റീവ് നൽകിയിരിക്കുന്നത്. എന്നാൽ മിൽക്ക് ഇൻസെന്റീവ് എന്ന പദ്ധതികളിലെ ഗുണഭോക്തൃ പട്ടിക ഭരണസമിതി അംഗീകരിച്ചതായി കാണുന്നില്ല. 2023-24 വർഷത്തെ ഗുണഭോക്താക്കളെ തിരഞ്ഞെടുത്ത 24-07-2023ലെ 1/3-ാം നമ്പർ തീരുമാനത്തിൽ ക്ഷീര വികസന മേഖലയിൽ നടപ്പിലാക്കിയ മേൽ പദ്ധതിയിലെ ഗുണഭോക്താക്കളെ തിരഞ്ഞെടുത്തതായി കാണുന്നില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 12/2023-24 (തീയതി 02.12.2024) ന് മറുപടി നൽകിയിട്ടില്ല. ഗുണഭോക്തൃ പട്ടിക ഭരണസമിതി അംഗീകരിച്ചതിന്റെയും ഗ്രാമസഭ അംഗീകരിച്ചതിന്റെയും രേഖകൾ ഓഡിറ്റിന് ലഭ്യമാകുന്നത് വരെ ചെലവു തുക 1,400,000/-രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-24 ക്ഷീര വികസന മേഖലയിലെ പദ്ധതി നടത്തിപ്പിൽ അപാകതകൾ

നിർവഹണ ഉദ്യോഗസ്ഥൻ : ഡയറി ഫാം ഇൻസ്ട്രക്ടർ

പ്രൊജക്ട് നമ്പർ : 8/24

പ്രൊജക്ട് : കറവ പശുക്കൾക്ക് കാലിത്തീറ്റ

ക്ഷീര വികസന മേഖലയിൽ നടപ്പിലാക്കിയ മേൽ പദ്ധതി പ്രകാരം 1,200,000/-രൂപ കാലിത്തീറ്റയ്ക്കുള്ള സബ്സിഡിയായി ക്ഷീരകർഷകരായ ഗുണഭോക്താക്കൾക്ക് വേണ്ടി പഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്. തുക ചെലവഴിച്ചതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| | ബിൽ | തുക | തുക,അനുവദിക്കപ്പെട്ട | ഗുണഭോക്താക്കളുടെ |
|---|---|---|---|---|

| | റഫറൻസ് നമ്പർ | | ക്ഷീരോൽപാദക സഹകരണ സംഘം | എണ്ണം |
|---|---|---|---|---|
| 1 | 954340/19-12-2023 | 91,325 | ചെറുവണ്ണൂർ | 65 |
| 2 | 979581/22-12-2023 | 84,300 | ചെറുവണ്ണൂർ | 60 |
| 3 | 970029/22-12-2023 | 91,837 | ആവള | 64 |
| 4 | 970010/22-12-2023 | 94,005 | ആവള | 63 |
| 5 | 993376/28-12-2023 | 115,960 | 48,480, ചെറുവണ്ണൂർ | 32 |
| | | | 67,480, ആവള | 47 |
| 6 | 1045136/08-01-2024 | 24,375 | മുയിപ്പോത്ത് | 17 |
| 7 | 1089453/08-01-2024 | 14,158 | മുയിപ്പോത്ത് | 10 |
| 8 | 1089464/28-12-2023 | 12,297 | മുയിപ്പോത്ത് | 9 |
| 9 | 1131912/29-01-2024 | 94,250 | ആവള | 65 |
| 10 | 1155217/02-02-2024 | 80,295 | ചെറുവണ്ണൂർ | 53 |
| 11 | 1162693/03-02-2024 | 87,775 | ആവള | 61 |
| 12 | 1197107/09-02-2024 | 63,225 | ചെറുവണ്ണൂർ | 45 |
| 13 | 1216712/14-02-2024 | 36,250 | മുയിപ്പോത്ത് | 25 |
| 14 | 1224063/15-02-2024 | 63,315 | ആവള | 44 |
| 15 | 1224749/15-02-2024 | 89,920 | ചെറുവണ്ണൂർ | 64 |
| 16 | 1468571/24-03-2024 | 156,713 | 21,850, മുയിപ്പോത്ത് | 95 |
| | | | 36,869, ചെറുവണ്ണൂർ | 76 |
| | | | 97,995, ആവള | 42 |
| ആകെ | | 1,200,000/- | | |

പദ്ധതി ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) സ.ഉ(കൈ)115/2022/ത.സ്വ.ഭ.വ തീയതി-28-05-2022 പ്രകാരം കാലിത്തീറ്റ സർക്കാർ നിശ്ചയിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും വാങ്ങണം. ടെണ്ടർ മുഖേന വാങ്ങുകയാണെങ്കിൽ മിൽമ, കേരള ഫീഡ്സ് എന്നിവയേക്കാൾ കുറഞ്ഞ നിരക്കിലുള്ളതായിരിക്കണം. എന്നാൽ കാലിത്തീറ്റ വിതരണം നടത്തിയ ചുവടെ പറയുന്ന രണ്ട് ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ കാലിത്തീറ്റ വാങ്ങിയതിന്റെ ബില്ലുകൾ ഹാജരാക്കിയിട്ടില്ല.

| | ക്ഷീരോൽപാദക സഹകരണ സംഘം | ബിൽ റഫറൻസ് നമ്പർ | വിതരണം നടത്തിയ കാലിത്തീറ്റ(ചാക്ക്) |
|---|---|---|---|
| 1 | ചെറുവണ്ണൂർ | 954340/19-12-2023 | 130 |
| | | 979581/22-12-2023 | 120 |
| | | 1155217/02-02-2024 | 106 |
| 2 | ആവള | 970029/22-12-2023 | 128 |

| | | | |
|---|---|---|---|
| 3 | മുയിപ്പോത്ത് | 1045136/08-01-2024 | 34 |
| | | 1089453/08-01-2024 | 20 |
| | | 1089464/28-12-2023 | 18 |

2) കാലിത്തീറ്റ വാങ്ങിയതിന് ഗുണഭോക്താക്കൾക്ക് ലഭിച്ച ബില്ലുകൾ അപേക്ഷയോടോപ്പം ഗുണഭോക്താക്കളാണ് ഹാജരാക്കേണ്ടിയിരുന്നതെങ്കിലും ഇവിടെ ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ തങ്ങൾ ഗുണഭോക്താക്കൾക്ക് നൽകേണ്ട ബില്ലുകൾ ഡയറി ഫാം ഇൻസ്ട്രക്ടർക്ക് സമർപ്പിക്കുകയാണുണ്ടായത്. ബിൽ നൽകേണ്ടുന്ന സ്ഥാപനം തന്നെ സമർപ്പിച്ച ബില്ലുകളുടെ അടിസ്ഥാനത്തിൽ അവർക്കു തന്നെ സബ്സിഡി തുക നൽകിയത് ആശാസ്യമല്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

3) സ.ഉ(കൈ)115/2022/ത.സ്വ.ഭ.വ,തീയതി-28-05-2022 നമ്പർ സർക്കാർ ഉത്തരവ് ഖണ്ഡിക 2.12 അനുസരിച്ച് പ്രത്യേകം അനുവദിക്കപ്പെട്ട ഇനങ്ങൾ ഒഴികെ (ഉദാ:-ആട്, കാളക്കുട്ടി, കന്നുകുട്ടി, പോത്തുകുട്ടി മുതലായവ വങ്ങുമ്പോൾ സബ്സിഡി തുക വിൽക്കുന്ന ആളിന്റെ അക്കൗണ്ടിലേക്ക് നൽകാനാണ് സർക്കാർ ഉത്തരവ്) സബ്സിഡി/ധനസഹായം ഗുണഭേക്താവിന്റെ അക്കൗണ്ടിലേക്ക് മാത്രമേ നൽകാൻ പാടുള്ളൂ. കാലിത്തീറ്റ വാങ്ങിയതിന് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നൽകേണ്ട സബ്സിഡി തുക 1,200,000/-രൂപ ചെറുവണ്ണൂർ, ആവള, മുയിപ്പോത്ത് എന്നീ 3 ക്ഷീരോൽപാദക സഹകരണ സംഘങ്ങളുടെ അക്കൗണ്ടിലേക്കാണ് നൽകിയിരിക്കുന്നത്. സർക്കാർ ഉത്തരവിന് വിരുദ്ധമായി വിൽപ്പന നടത്തിയ ആളുടെ അക്കൗണ്ടിലേക്കാണ് ഇവിടെ സബ്സിഡി തുക കൈമാറിയിരിക്കുന്നത്.

അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി 12/2023-24ന് മറുപടി നൽകിയിട്ടില്ല. മേൽ അപാകതകൾ കാരണം 1,200,000/-രൂപ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ചുവടെ പറയുന്ന ഓഡിറ്റ് ശുപാർശകൾ പാലിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

എ) അപാകത ഒന്നിൽ പറഞ്ഞതിൻ പ്രകാരം ചെറുവണ്ണൂർ,ആവള,മുയിപ്പോത്ത് എന്നീ 3 ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ ഹാജരാക്കാത്ത 556 ചാക്ക് കാലിത്തീറ്റയുടെ ബില്ലുകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

ബി) അപാകത രണ്ടിൽ പറഞ്ഞതു പോലെ ബിൽ നൽകേണ്ടുന്ന സ്ഥാപനം തന്നെ സമർപ്പിച്ച ബില്ലുകളുടെ അടിസ്ഥാനത്തിൽ അവർക്കു തന്നെ സബ്സിഡി തുക നൽകിയതിന് വിശദീകരണം നൽകേണ്ടതാണ്.

സി) അപാകത മൂന്ന് പരിഹരിക്കുന്നതിനായി ഗുണഭോക്താക്കൾക്കും സബ്സിഡി തുക ലഭ്യമായിട്ടുണ്ടെന്നതിന്റെ കൈപ്പറ്റ് രശീതി ബിൽ തിരിച്ചുള്ളത് വാങ്ങി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1-25 മൃഗ സംരക്ഷണ മേഖലയിൽ പദ്ധതികളില്ല.

1994 കേരള പഞ്ചായത്ത് രാജ് നിയമം , വകുപ്പ് 166, ഒന്നാം ഉപ വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ മൃഗസംരക്ഷണ മേഖലയിലെ ചുമതലകൾ ചുവടെ ചേർക്കുന്നു.

1.കന്നുകാലി വികസന പരിപാടികൾ.

2.ക്ഷീരോല്പാദനം.

3.കോഴി, തേനീച്ച, പന്നി, ആട്, മുയൽ ഇവ വളർത്തുന്നത് പ്രോത്സാഹിപ്പിക്കുക.

4.മൃഗാശുപ്രതികൾ നടത്തുക.

5.ഐ. സി. ഡി. പി. ഉപകേന്ദ്രങ്ങൾ നടത്തുക.

6.മൃഗങ്ങൾക്കായുള്ള പ്രതിരോധ ആരോഗ്യ പരിപാടികൾ.

7.മൃഗങ്ങളോടുള്ള ക്രൂരത തടയുക.

8. പ്രത്യുല്പാദനക്ഷമതാ വികസന പരിപാടികൾ നടപ്പാക്കുക.

9, മൃഗജന്യമായ രോഗങ്ങൾ നിയന്ത്രിക്കുക.

മേൽ ചുമതലകൾ നിർവ്വഹിക്കുന്നതിന് സഹായകമാകുന്ന യാതൊരു പദ്ധതിയും ഓഡിറ്റ് വർഷത്തിൽ നിർവ്വഹിക്കപ്പെട്ടിട്ടില്ല. 2023-24 വർഷത്തിൽ വെറ്ററിനറി സർജ്ജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി ആസൂത്രണം ചെയ്ത് നടപ്പാക്കിയത് മൃഗാശുപത്രിയുടെ ദൈനംദിന ചെലവുകൾ, മരുന്ന് വാങ്ങൽ , ലാപ്ടോപ് വാങ്ങൽ എന്നീ പദ്ധതികൾ മാത്രമാണ്. വർക്കിംഗ് ഗ്രൂപ്പ് , വികസന സെമിനാർ എന്നിവയിൽ ശുപാർശ ചെയ്ത കോഴി വളർത്തൽ, പോത്ത് കുട്ടി വിതരണം എന്നീ പദ്ധതികൾ ആസൂത്രണം ചെയ്തിരുന്നുവെങ്കിലും നിർവ്വഹിച്ചിട്ടില്ല. പ്രസ്തുത പദ്ധതികൾ വനിതാ ഘടക പദ്ധതിയായി ഉൾപ്പെടുത്തിയതിനാലാണ് നിർവ്വഹിക്കാതെ ഒഴിവാക്കിയതെന്നാണ് വെറ്ററിനറി സർജ്ജൻ ഓഡിറ്റിനെ അറിയിച്ചിട്ടുള്ളത്. മേഖലയിൽ ആസൂത്രണം ചെയ്ത പദ്ധതികൾ ഭേദഗതി ചെയ്യുന്നതിന് പകരം ഒഴിവാക്കുകയാണ് ചെയ്തിട്ടുള്ളത്.

മേഖലാ ചുമതലകൾ നിർവ്വഹിക്കുന്നതിലുണ്ടായിട്ടുള്ള വീഴ്ചകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. (നം.15 തിയ്യതി.02.12.2024 ) മൃഗ സംരക്ഷണ മേഖലയിൽ യാതൊരു ഇടപെടലും നടത്താതെയാണ് ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ പദ്ധതി നിർവ്വഹണം അവസാനിച്ചിട്ടുള്ളത്. മൃഗസംരക്ഷണ മേഖലയിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിലൂടെ സാധ്യമാകുമായിരുന്ന ദാരിദ്ര്യ ലഘൂകരണത്തിലൂന്നിയുള്ള ഉത്പാദന വർദ്ധനവും സ്വയംപര്യാപ്തതയും കൈവരിക്കുന്നതിനുള്ള സാധ്യത മന്ദീഭവിച്ചു. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അപാകത തുടർ വർഷങ്ങളിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-26 തുല്യതാ പഠിതാക്കൾക്ക് ഫീസ് അടവാക്കൽ പദ്ധതി-മോണിറ്ററിംഗ് കാര്യക്ഷമമല്ല

2023-24 സാമ്പത്തിക വർഷത്തിൽ ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തിയ തുല്യതാ പരീക്ഷ കോഴ്സ്ഫീസ് അടവാക്കൽ പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം : 35/23-24

ഫണ്ട് : വികസന ഫണ്ട് (ജനറൽ)

അടങ്കൽ : 1,33,850/-

ചെലവ് : 93,050/-

| ബിൽ നമ്പർ | തീയതി | തുക |
|---|---|---|
| 52 | 15.07.2023 | 20,700 |
| 328 | 22.03.2024 | 30,700 |
| 366 | 25.03.2024 | 41,650 |

ഗ്രാമപഞ്ചായത്തിലെ തുല്യത പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത പത്താം തരം / ഹയർ സെക്കന്ററി പഠിതാക്കളുടെ കോഴ്സ് ഫീ, റജിസ്ട്രേഷൻ ഫീ എന്നിവ അടവാക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയത്. ഭരണസമിതിയുടെ 04.03.2024 ലെ 13/1 നമ്പർ തീരുമാന പ്രകാരം തുല്യത പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത ഗുണഭോക്താക്കളുടെ ലിസ്റ്റിന് അംഗീകാരം നൽകി. താഴെ പറയും പ്രകാരമാണ് 2023-24 വർഷത്തിൽ ഗ്രാമപഞ്ചായത്ത് തുല്യത കോഴ്സുകൾക്ക് കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിട്ടിയുടെ അക്കൗണ്ടുകളിലേക്ക് തുക കൈമാറിയത്.

| | | | | |
|---|---|---|---|---|
| പത്താംതരം | ജനറൽ | 21 പഠിതാക്കൾ | 21 X 1950 | 40,950 |
| | പട്ടികജാതി | 7 പഠിതാക്കൾ | 7 X 100 | 700 |
| പ്ലസ് വൺ | ജനറൽ | 11 പഠിതാക്കൾ | 11 X 2600 | 28,600 |
| | പട്ടികജാതി | 7 പഠിതാക്കൾ | 7 X 300 | 2,100 |
| പ്ലസ് ടു | ജനറൽ | 9 പഠിതാക്കൾ | 9 X 2300 | 20,700 |
| ആകെ തുക | | | | 93,050 |

93,050/- രൂപ തുല്യതാ കോഴ്സ് ഫീസായി ട്രാൻസ്ഫർ ചെയ്തതിനുശേഷം കൈപ്പറ്റ് രസീത്, വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ സംസ്ഥാന സാക്ഷരത മിഷനിൽ നിന്നും ലഭ്യമാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല. തുല്യതാ പരീക്ഷയ്ക്കായി രജിസ്റ്റർ ചെയ്തവർ പരീക്ഷയെഴുതിയിരുന്നുവോ, തുല്യതാ സർട്ടിഫിക്കറ്റ് ലഭിച്ചോയെന്ന കാര്യങ്ങളിൽ വ്യക്തതയില്ല. തുല്യതാ പഠനത്തിന് രജിസ്റ്റർ ചെയ്ത മുഴുവൻ വിദ്യാർത്ഥികളും പഠനം പൂർത്തിയാക്കി പരീക്ഷക്ക് ഹാജരായതിന്റെ രേഖകളും മേൽ തുകയുടെ വിനിയോഗ വിവരവും പഠനം പൂർത്തിയാകുന്ന മുറക്ക് ലഭ്യമാക്കേണ്ടതാണ്. ഫീസ് തുക കൈമാറുന്നതിൽ അപ്പുറം പദ്ധതിയുടെ യഥാർത്ഥ ലക്ഷ്യം കൈവരിച്ചോയെന്നത് മോണിറ്റർ ചെയ്യാത്തത് പദ്ധതി നിർവ്വഹണത്തിലെ അപാകതയാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം-10/23-24, തീ-02.12.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പട്ടിക പ്രകാരമുള്ള തുകകൾ സാക്ഷരതാ മിഷന് കൈമാറിയത് സംബന്ധിച്ച കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് സ്വീകരിച്ച തുടർ നടപടികളുടെ വിവരം ലഭ്യമാക്കേണ്ടതുമാണ്.

1-27 കുടുംബശ്രീ സി.ഡിഎസ്- ബാങ്ക് നീക്കിയിരിപ്പ് തുകയിൽ വ്യക്തതയില്ല.

പഞ്ചായത്തിലെ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്ട് നം.235/24 - "അഗതി ആശ്രയ വിഹിതം കൈമാറൽ" എന്ന പദ്ധതി പ്രകാരം പഞ്ചായത്തിലെ അഗതി കേരളം പദ്ധതി ഗുണഭോക്താക്കൾക്ക് വിവിധ സേവന പരിചരണ പ്രവർത്തനങ്ങൾക്കുള്ള വിഹിതം നൽകുന്നതിന് കുടുംബശ്രീ സി.ഡി.എസ് ന്റെ അക്കൗണ്ടിലേക്ക് 2 ലക്ഷം രൂപ കൈമാറിയിട്ടുണ്ട്. പദ്ധതി പ്രകാരം കുടുംബശ്രീയ്ക്ക് കൈമാറിയ തുകയുടെ വിനിയോഗ വിവരം ഫയലിൽ ലഭ്യമാക്കിയിട്ടില്ല. കുടുംബശ്രീ സി.ഡി.എസ്സിന്റെ ചെലവ് വിവരങ്ങൾ ലഭ്യമാക്കിയത് പരിശോധിച്ചതിൽ, കൈമാറിയ മുഴവൻ തുകയും 2023-24 ൽ ചെലവഴിച്ചിട്ടില്ല എന്ന് കണ്ടു. 2024-25 വർഷത്തിലാണ് മുഴവൻ തുകയും ചെലവഴിച്ചിട്ടുള്ളത്. പദ്ധതി ചെലവ് വിവരം പരിശോധിക്കുന്നതിനായി കുടുബശ്രീ ലഭ്യമാക്കിയ ക്യാഷ് ബുക്ക് ഉൾപ്പടെയുള്ള രജിസ്റ്ററുകളും ബാങ്ക് പാസ്സ് ബുക്കുകളും പരിശോധിച്ചതിൽ നിന്നും 31-10-2024 തീയതി വരെയുള്ള ക്യാഷ് ബുക്ക് അസിസ്റ്റന്റ് സെക്രട്ടറി പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ക്യാഷ് ബുക്കിൽ 31-10-2024 ന് രേഖപ്പെടുത്തിയിട്ടുള്ള സംക്ഷിപ്ത പ്രകാരം കുടുംബശ്രീ സി.ഡി.എസ്സിന്റെ ഉടമസ്ഥതയിലുള്ള മുഴവൻ ബാങ്ക് അക്കൗണ്ടുകളിലെയും നീക്കിയിരിപ്പ് 9,633,925.46/- രൂപയാണ്. ഇതിൽ ചെറുവണ്ണൂർ സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്കിലെ 2650 നമ്പർ അക്കൗണ്ടിൽ 31-10-2024 ൽ നീക്കിയിരിപ്പുള്ള 3,120,858.50/-രൂപയും ഉൾപ്പെടുന്നു. ഇത് ഭവനശ്രീ സബ്സിഡി ഇനത്തിൽ 07-07-2017 ലെ ചെക്ക് നം 25763, 25764 എന്നിവ പ്രകാരം യഥാക്രമം 21,76,983/-രൂപയുടെ രണ്ട് ചെക്കുകൾ (ആകെ - 43,53,966/-രൂപ) 31-07-2017 ൽ ക്രഡിറ്റ് ആയതിൽ നീക്കിയിരിപ്പുള്ള തുകയാണ് എന്നാണ് കാണുന്നത്. ഭവനശ്രീ പദ്ധതിയുടെ സബ്സിഡി ഇനത്തിൽ വന്ന തുക നാളിതുവരെ വിതരണം ചെയ്യുകയോ സർക്കാരിലേക്ക് തിരിച്ചടവാക്കുകയോ ചെയ്യാത്തത് ഗുരുതരമായ പിഴവാണ്.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/23-24 തീയതി 02-12-2024) മറുപടി ലഭ്യമാക്കിയിട്ടില്ല. ഭവനശ്രീ പദ്ധതിയുടെ സബ്സിഡി ഇനത്തിൽ വന്ന മേൽ തുകയിൽ സബ്സിഡി ഇനത്തിൽ ആകെ എത്ര തുക ഗുണഭോക്താക്കൾക്ക് നൽകി എന്നും, സബ്സിഡി നൽകിയത് കഴിച്ച് ബാക്കി എത്ര തുക നീക്കിയിരിപ്പുണ്ട് എന്നും, ഈ നീക്കിയിരിപ്പ് തുകയിൽ എത്ര തുക മറ്റ് കാര്യങ്ങൾക്കായി ചെലവഴിച്ചു എന്നും, ഈ നീക്കിയിരിപ്പിന് നാളിതുവരെയായി എത്ര തുക പലിശ ലഭ്യമായിട്ടുണ്ട് എന്നും ഉള്ള കൃത്യമായ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതും തുക സർക്കാരിലേക്ക് തിരിച്ചടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്.

1-28 അങ്കണവാടികളുടെ സുരക്ഷിതത്വവും പ്രവർത്തനവും മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നില്ല.

കേരള പഞ്ചായത്ത് രാജ് നിയമം 166-ാം വകുപ്പ് 3-ാം പട്ടിക പ്രകാരം സാമൂഹ്യ ക്ഷേമ മേഖലയിലെ അങ്കണവാടികളുടെ നടത്തിപ്പ് ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. സ.ഉ(കൈ)നം.84/2022 L.S.G.D Dtd.19-04-22 ലെ 8.8.2 പ്രകാരം അങ്കണവാടികൾക്ക് കെട്ടിടം, കുടിവെള്ളം, ഫർണ്ണിച്ചർ, മറ്റ് ഭൗതിക സാഹചര്യമൊരുക്കൽ എന്നിവയ്ക്ക് പ്രാധാന്യം നൽകുന്ന പദ്ധതികൾ ഗ്രാമപഞ്ചായത്ത് തയ്യാറാക്കി നടപ്പിലാക്കേണ്ടതുണ്ട്. പഞ്ചായത്തിലെ അംഗൻവാടികളുടെ തൽസ്ഥിതി വിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (02/23-24 തീയതി- 28.11.2024) ലഭ്യമാക്കിയ മറുപടി പ്രകാരമുള്ള വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

ഗ്രാമപഞ്ചായത്തിൽ 27 അങ്കണവാടികളിൽ 24 എണ്ണത്തിന് മാത്രമേ സ്വന്തം കെട്ടിടമുള്ളൂ. 3 എണ്ണം വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 7 അങ്കണവാടികൾക്ക് ഭാഗികമായി ചുറ്റുമതിൽ ഉണ്ട്. 2 അങ്കണവാടികൾക്ക് ചുറ്റുമതിൽ ഇല്ല. 3 അങ്കണവാടികൾക്ക് സ്വന്തമായി കുടിവെള്ള സൗകര്യം ഇല്ല. 7 അങ്കണവാടികൾക്ക് മാത്രമാണ് സ്മാർട്ട് ക്ലാസ്സ് റൂം ഉള്ളത്.

സ.ഉ(കൈ)നം.84/2022 L.S.G.D Dtd.19-04-22 ലെ ഖണ്ഡിക 6.7(8) ൽ നഴ്സറി സ്കൂളുകൾ, ബഡ്സ്

സ്കൂളുകൾ പോലെയുള്ള സാമൂഹ്യ ആസ്തികളുടെ മെയിന്റനൻസിന് റോഡിതര സംരക്ഷണ ഫണ്ട് ഉപയോഗിക്കാവുന്നതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇത്തരത്തിൽ അടിസ്ഥാന സേവനങ്ങളുടെ സമ്പൂർണ്ണത ഉറപ്പുവരുത്തുന്നതിനായി ഓരോ ഗ്രാമപഞ്ചായത്തും അടിസ്ഥാന സേവനങ്ങൾക്കുള്ള ഉപപദ്ധതി തയ്യാറാക്കേണ്ടതാണെന്നും നിഷ്കർഷിക്കുന്നു. കൂടാതെ, മെയിന്റനൻസ് ഫണ്ടും, ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽ നോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ് എന്നും, റോഡിതര മെയിന്റനൻസ് ഗ്രാന്റ് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിന് മുൻഗണന നൽകി പരിപാലിക്കുന്നതിനും വിനിയോഗിക്കുന്നതിനുമുള്ള പ്രോജക്ടുകളാണ് തയ്യാറാക്കേണ്ടത് എന്നും നിഷ്കർഷിക്കുന്നു. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ഇത്തരത്തിൽ ആസ്തി സംരക്ഷണപദ്ധതി തയ്യറാക്കിയിട്ടില്ല.

കൂടാതെ പഞ്ചായത്തിലെ മുഴുവൻ അങ്കണവാടികളിലും ലഭ്യമാക്കിയിരിക്കുന്ന ഗ്യാസ് കണക്ഷൻ കൊമേഷ്യൽ തരത്തിലുള്ളതാണ്. ഇത് തികച്ചും ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ പ്രവർത്തന ചെലവ് വർദ്ധിപ്പിക്കുന്നതിന് ഇടയാക്കുന്നു. അങ്കണവാടികളിലെ ഗ്യാസ് കണക്ഷൻ ഗാർഹിക കണക്ഷനാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

കേരള പഞ്ചായത്ത് രാജ് നിയമം പ്രകാരം തങ്ങളുടെ മേഖലാ ചുമതല നിറവേറ്റുന്നതിൽ പഞ്ചായത്ത് കൂടുതൽ ശ്രദ്ധ നൽകേണ്ടതും അങ്കണവാടികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനുതകും വിധമുള്ള പ്രോജക്ടുകൾ തയ്യാറാക്കി നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പും, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും മുൻഗണന നൽകേണ്ടതുമാണ്. അങ്കണവാടികൾ സംബന്ധിച്ച മേൽ അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-29 ഹരിതകർമ്മ സേനയ്ക്ക് വാങ്ങിയ വാഹനം ഉപയോഗപ്രദമായില്ല

നിർവഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

1) പ്രൊജക്ട് നമ്പർ : 169/24

പ്രൊജക്ട് : ഹരിതകർമ്മ സേനയ്ക്ക് വാഹനം വാങ്ങൽ

സാങ്ഷൻ ഓർഡർ നമ്പർ, തുക : (1) 291/07-03-2024, 149,100/-

: (2) 290/07-03-2024, 347,900/-

ആകെ ചെലവ് : 4,97,000/-

ഹരിതകർമ്മസേനയ്ക്ക് വീടുകളിൽ നിന്ന് മാലിന്യം ശേഖരിച്ച് എം സി എഫിൽ എത്തിക്കുന്നതിന് വാഹനം വാങ്ങിക്കുന്നതിനായാണ് മേൽ പ്രൊജക്ട് തയ്യാറാക്കിയിരിക്കുന്നത്.ഗ്രാമ പഞ്ചായത്ത് ആവശ്യപ്പെട്ട സ്പെസിഫിക്കേഷൻ പ്രകാരമുള്ള രൂപമാറ്റം വരുത്തിയ ഇലക്ട്രിക് ഓട്ടോ ഫ്ളോറെർ ടെക്നോളജീസ് തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. 2024 മാർച്ച് മാസത്തിൽ വാങ്ങിയ ഈ വാഹനം എട്ടു മാസങ്ങൾക്ക് ശേഷം 2024 ഡിസംബർ മാസത്തിൽ പരിശോധിച്ചപ്പോൾ 480 കി.മീ ആണ് ഓടിയിട്ടുള്ളത്. ഈ വാഹനം ഉപയോഗിച്ചു തുടങ്ങിയപ്പോൾ മാലിന്യ നീക്കത്തിന് അനുയോജ്യമല്ലായെന്ന് ബോധ്യപ്പെട്ടതിനെ തുടർന്ന് മാലിന്യ നീക്കത്തിനായി ഹരിതകർമ്മസേനയ്ക്ക് മറ്റ് വാടക വാഹനത്തെ ആശ്രയിക്കേണ്ടതായി വന്നിട്ടുണ്ട്. അനുയോജ്യത പരിശോധിക്കാതെയാണ് മാലിന്യ നീക്കത്തിന് പഞ്ചായത്ത് വാഹനം വാങ്ങിയത് എന്ന് കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 14 ന് മറുപടി നൽകിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും മേൽ വാഹനം മാലിന്യ നീക്കത്തിന് ഉപയുക്തമാക്കി അറിയിക്കേണ്ടതുമാണ്. ചെലവു തുക 497,000/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-30 എം.സി.എഫ്-എസ്റ്റിമേറ്റിലെ അപാകത മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടം

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ എം.സി.എഫ് കെട്ടിടം പൂർത്തീകരണം (പ്രൊ.നം-

133/2024), എം.സി.എഫ് പൂർത്തീകരണം (പ്രൊജക്ട് നം.153/2024 ) എന്നീ പദ്ധതികളുടെ നിർവ്വഹണത്തിൽ താഴെ പറയും പ്രകാരമുള്ള അപാകതകൾ ഉണ്ടായിട്ടുണ്ട്.

1.എർത്ത് ഫില്ലിംഗിന് തെറ്റായ ഇനം നൽകി .

എം.സി.എഫ് കെട്ടിടം പൂർത്തീകരണം (പ്രൊ.നം- 133/2024) എന്ന പ്രവൃത്തി മുഖേന 50.2.25.1 പ്രകാരം 202.624 ഘന മീറ്റർ അളവിൽ മണ്ണ് ഫില്ല് ചെയ്തതിന് കരാറുകാരന് തുക നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പദ്ധതി പ്രകാരം 29.43 ഘനമീറ്റർ മണ്ണ് ഫില്ല് ചെയ്തിട്ടുള്ളത് എം.സി.എഫിന്റെ ചുറ്റുമുള്ള തുറസ്സായ സ്ഥലങ്ങളിലാണ്. എം.സി.എഫ് പൂർത്തീകരണം (പ്രൊ.നം- 153/2024) എന്ന പ്രവൃത്തി മുഖേന 4.966 ഘനമീറ്റർ മണ്ണ് ഫില്ല് ചെയ്തിട്ടുള്ളതും തുറസ്സായ സ്ഥലങ്ങളിലാണ് . 50.2.25.1 പ്രകാരമുള്ള ഇനം തറകൾക്കുള്ളിലും കുഴികളിലും മണ്ണ് ഫില്ല് ചെയ്യുന്നതിനുള്ള ഇനമാണ്. ഓപ്പൺ ഏരിയകളിൽ മണ്ണ് ഫില്ല് ചെയ്യേണ്ട ഇനം 50.2.26.1 ആണ്.

പ്രൊ.നം- 133/2024 ലെ 50.2.25.1 പ്രകാരം പ്രവൃത്തി നിർവ്വഹിച്ചതിന് എസ്റ്റിമേറ്റ് നിരക്കായ 529.13 രൂപയാണ് ഘനമീറ്ററിന് കരാറുകാരന് അനുവദിച്ചിട്ടുള്ളത്. പ്രൊ.നം- 153/2024 ലെ 50.2.25.1 പ്രകാരം പ്രവൃത്തി നിർവ്വഹിച്ചതിന് കരാർ നിരക്കായ 448 രൂപയാണ് ഘനമീറ്ററിന് കരാറുകാരന് അനുവദിച്ചിട്ടുള്ളത്. 50.2.26.1 പ്രകാരം പ്രവൃത്തി നിർവ്വഹിച്ചിരുന്നെങ്കിൽ 297.35 രൂപ നിരക്കിലെ കരാറുകാരന് നൽകേണ്ടതുണ്ടായിരുന്നുള്ളൂ. പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രൊജക്ടിന്റെ പേര്, നം. | 50.2.25.1 പ്രകാരം ഓപ്പൺ ഏരിയയിൽ നിർവ്വഹിച്ച പ്രവൃത്തിയുടെ അളവ് | 50.2.25.1 പ്രകാരം കരാറുകാരന് നൽകിയ തുക | 50.2.26.1 പ്രകാരം പ്രവൃത്തി നിർവ്വഹിച്ചിരുന്നെങ്കിൽ നൽകേണ്ട തുക | പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം |
|---|---|---|---|---|
| എം.സി.എഫ് കെട്ടിടം പൂർത്തീകരണം (പ്രൊ.നം- 133/2024) | 29.43 Cum | 18375<br>29.43 X 529.13 = 15572.3 + 18% GST | 10326<br>29.43 X 297.35 = 8751 + 18% GST | 8049 |
| എം.സി.എഫ് പൂർത്തീകരണം (പ്രൊ.നം- 153/2024) | 4.966 | 2625<br>4.966 X 448= 2224.77 + 18% GST | 1742<br>4.966 X 297.35 = 1476.64 + 18% GST | 883 |

മേൽ അപാകത മൂലം 8,932 രൂപയുടെ നഷ്ടം പഞ്ചായത്ത് ഫണ്ടിന് ഉണ്ടായിട്ടുണ്ട്.

2. കെട്ടിടത്തിന്റെ മറയെന്ന നിലയിൽ എ .സി.പി ഷീറ്റ് ഉപയോഗിച്ചു .

- എം.സി.എഫ് പൂർത്തീകരണം (പ്രൊ.നം- 153/2024) എന്ന പ്രവൃത്തി മുഖേന ACP ഷീറ്റ് സ്ഥാപിക്കുന്നതിനുള്ള DAR ലെ 25.7 എന്ന ഇനം ഉൾപ്പെടുത്തി എസ്റ്റിമേറ്റ് നിരക്കിൽ പ്രവൃത്തി നിർവ്വഹിച്ചിട്ടുണ്ട്. റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി ടി.എസ് അഗ്രീഡ് റേറ്റിലാണ് പ്രവൃത്തി ഉൾപ്പെടുത്തിയിട്ടുള്ളത്. 25.7 എന്ന ഇനത്തിന്റെ വിവരണം പരിശോധിച്ചാൽ ബഹുനില കെട്ടിടങ്ങളുടെ ബാഹ്യവശങ്ങളിൽ മഴയേയും, കാറ്റിനേയും പ്രതിരോധിക്കും വിധവും, കെട്ടിടത്തിനകത്തെയും പുറത്തേയും മർദ്ദം സന്തുലിതമാക്കും വിധവും എ.സി.പി. സ്ഥാപിക്കുന്നതിനുള്ള നിരക്കാണ് ഇതെന്ന് വ്യക്തമാകുന്നു. ഇതിന്റെ ഡാറ്റയിൽ Weather Sealant - Non Staining, Weather Sealant - Normal (300 Ml),MS Brackets / Aluminium Alloy Brackets,EPDM Gasket In Kg(Above 60 G / M),Anchor Fastner – M10,SS Bolt With Washer Of Sizes For Structural Glazing / ACP Cladding , GI Flashing - 1.2 Mm Thick എന്നീ സാധനങ്ങളും, ഇവ ഉറപ്പിക്കുന്നതിനുള്ള വലിയ നിരക്കിലുള്ള ഇൻസ്റ്റലേഷൻ, ഫാബ്രിക്കേഷൻ, ഡിസൈനിംഗ് ചാർജ്ജുകളും ഉൾപ്പെടുന്നുണ്ട്. എന്നാൽ മേൽ പ്രോജക്ടിൽ ഇത്തരത്തിലുള്ള സാമഗ്രികളുടെ ഉപയോഗമോ, ഇൻസ്റ്റലേഷനും ഫാബ്രിക്കേഷനുമായി വലിയ മനുഷ്യാധ്വാനമോ വേണ്ടി വന്നിട്ടില്ല. കെട്ടിടത്തിന്റെ ഉള്ളിലെ മുറിയുടെ പുറക് വശത്തും വശങ്ങളിലും 10.25.2 പ്രകാരം സ്റ്റീൽ വർക്ക് ചെയ്ത് അതിന് മുകളിൽ സ്ക്രൂ ഉപയോഗിച്ച് ACP ഷീറ്റ് ഉറപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്. ബിൽ പ്രകാരം 55.725 ചതുരശ്ര മീറ്ററിന് 4323.81 രൂപ നിരക്കിൽ ജി.എസ്.ടി ഉൾപ്പെടെ 284314 രൂപയാണ് കരാറുകാരന് നൽകിയത് .
  25.7 പ്രകാരമുള്ള ഇനത്തിലെ മെറ്റീരിയലുകൾ മുഴുവനായും ഉപയോഗപ്പെടുത്താതെയും നിർവ്വഹിക്കാത്തതോ കുറഞ്ഞ അളവിൽ നിർവ്വഹിച്ചതോ ആയ പ്രവൃത്തികൾക്ക് ഉൾപ്പെടെ തുക പൂർണ്ണമായി അനുവദിച്ചതിലൂടെയും ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കി പ്രവൃത്തി നിർവ്വഹിക്കാത്തത് മൂലവും പഞ്ചായത്ത് ഫണ്ടിൽ നിന്നും അധിക ചെലവുണ്ടായിട്ടുണ്ടെന്നത് വ്യക്തമായിട്ടുണ്ട്. സ്ഥല പരിശോധനയിൽ MCF ന്റെ പ്രവൃത്തിയിൽ ലംബമായി സ്ഥാപിച്ച ACP പാനലിന് സമാന്തരമായി മുകൾ ഭാഗത്ത് ഷീറ്റ് സ്ഥാപിച്ച പ്രവൃത്തിയിൽ ഷീറ്റ് മാത്രമെ ഉപയോഗപ്പെടുത്തിയിട്ടുള്ളൂ എന്നത് പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. എന്നാൽ പ്രവൃത്തി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി 4323.81 രൂപ നിരക്കിൽ തന്നെ കരാറുകാരന് തുക അനുവദിച്ചിട്ടുണ്ട്. അളവ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ചെക്ക് മെഷർ ചെയ്ത് എം ബുക്കിൽ സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.
  എ.സി.പി പാനലിംഗ് പ്രവൃത്തിയിൽ വിഭാവനം ചെയ്ത അളവിൽ പ്രവൃത്തി നിർവ്വഹിക്കുകയോ മെറ്റീരിയലുകൾ ഉപയോഗിക്കുകയോ ചെയ്തിട്ടില്ല. മേൽ സാഹചര്യത്തിൽ നിർവ്വഹിച്ച പ്രവൃത്തിയുടെ അളവ് , ഉപയോഗിച്ച മെറ്റീരിയലുകളുടെ കൃത്യത (ACP ഷീറ്റിന്റെ കനം ഉൾപ്പെടെ), അനുവദിച്ച നിരക്കിന്റെ കൃത്യത എന്നിവ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ മേൽനോട്ടത്തിൽ പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കേണ്ടതും കരാറുകാരന് അനർഹമായി തുക അനുവദിച്ചിട്ടുണ്ടെങ്കിൽ ആയത് പഞ്ചായത്ത് ഫണ്ടിലേക്ക് തിരിച്ചടക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.
  കെട്ടിടം മറയ്ക്കാനുള്ള പ്രവൃത്തി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതിന്റെ അനിവാര്യത വ്യക്തമാക്കേണ്ടതും ആയതിന് ഉയർന്ന നിരക്കുള്ള ACP പാനലിംഗ് ഉപയോഗിച്ചതിന്റെയും കാരണം വ്യക്തമാക്കേണ്ടതാണ്.

3. അളവുകളിൽ അവ്യക്തത.

എം.സി.എഫ് കെട്ടിടം പൂർത്തീകരണം (പ്രൊ.നം- 133/2024), എം.സി.എഫ് പൂർത്തീകരണം (പ്രൊജക്ട് നം.153/2024), വനിതാ കാന്റീൻ അടുക്കള നവീകരണം എന്നീ പദ്ധതികൾ ഒരേ സൈറ്റിലും ഒരേ കാലയളവിലുമാണ് നിർവ്വഹിച്ചിട്ടുള്ളത്. 02.12.2024 തിയ്യതിയിൽ സ്ഥല പരിശോധന നടത്തിയതിൽ എം.സി.എഫിൽ സാധനങ്ങൾ കുത്തി നിറച്ച നിലയിലായതിനാൽ എല്ലാ ഇനങ്ങളുടെയും അളവ് പരിശോധിക്കാനായില്ല. എം ബുക്ക് പ്രകാരമുള്ള രേഖപ്പെടുത്തലുകളിൽ ചില പൊരുത്തക്കേടുകൾ പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

- എം.സി.എഫ് പൂർത്തീകരണം (പ്രൊജക്ട് നം.153/2024 ) എന്ന പദ്ധതിയുടെ എം ബുക്കിൽ 2.8.1

പ്രകാരം 3.92 ഘന മീറ്റർ അളവിൽ ഖനന പ്രവൃത്തി നടത്തി 3.92 അളവിൽ ഫൗണ്ടേഷന് വേണ്ടി DR Masonry ചെയ്ത് 5.88 ഘനമീറ്റർ അളവിൽ സൂപ്പർ സ്ട്രക്ചർ നിർമ്മിച്ച് ആയതിന് മുകളിൽ 3.943 ഘനമീറ്റർ അളവിൽ ലാറ്ററൈറ്റ് മേസൺറി നിർവ്വഹിച്ചതായി എം ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 5.88 ഘനമീറ്റർ അളവിൽ സൂപ്പർ സ്ട്രക്ചർ നിർമ്മിച്ചിട്ടുള്ളത് 1 മീറ്റർ ഉയരത്തിലും 60 സെന്റീമീറ്റർ വീതിയിലുമാണ്. പ്രസ്തുത പ്രവൃത്തി സൈറ്റിൽ നിർവ്വഹിച്ചതായി പരിശോധനയിൽ കണ്ടെത്താനായിട്ടില്ല.

- 36.814 വിസ്തൃതിയിലുള്ള ഭാഗത്ത് എർത്ത് ഫില്ലിംഗ്, ജി.എസ്.ബി കൺസ്ട്രക്ഷൻ, പി.സി.സി കോൺക്രീറ്റ് എന്നിവ നിർവ്വഹിച്ചതായി എം.സി.എഫ് പൂർത്തീകരണം (പ്രൊജക്ട് നം.153/2024) എന്ന പദ്ധതിയുടെ എം ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതേ അളവിൽ ചെക്കേർഡ് ടൈൽ പതിച്ചതായി എം.സി.എഫ് കെട്ടിടം പൂർത്തീകരണം (പ്രൊ.നം- 133/2024) എന്ന പദ്ധതിയിലും രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി എം.സി.എഫ് കെട്ടിടത്തിനകത്ത് നിർവ്വഹിച്ചതായി സ്ഥലപരിശോധനയിൽ കണ്ടെത്താനായിട്ടില്ല.
- 10.25.2 പ്രകാരമുള്ള സ്റ്റീൽ വർക് അളവിൽ അവ്യക്തത നിലനിൽക്കുന്നുണ്ട്. എം ബുക്ക് പ്രകാരമുള്ള 90 Mm GI പൈപ്പിന്റെ അളവ് സൈറ്റിൽ ലഭ്യമല്ലെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. അവ്യക്തത മൂലം മറ്റ് പൈപ്പുകളുടെ അളവ് തിട്ടപ്പെടുത്താനും സാധിച്ചിട്ടില്ല. ഒരേ അളവുള്ള പൈപ്പിന് വ്യത്യസ്ത CF മൂല്യം നൽകിയാണ് എം ബുക്കിൽ രേഖപ്പെടുത്തൽ വരുത്തിയിട്ടുള്ളത്.

4. കെട്ടിടനിർമ്മാണ ചട്ടങ്ങൾ പാലിച്ചില്ല .

എം.സി.എഫ്, വനിതാ കാന്റീൻ, പഞ്ചായത്ത് ഓഫീസ്, വില്ലേജ് ഓഫീസ് കെട്ടിടങ്ങൾ അടുത്തടുത്തായാണ് നിർമ്മിച്ചിട്ടുള്ളത്. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ G1 വിനിയോഗ ഗണത്തിലുള്ള കെട്ടിടങ്ങൾക്കാവശ്യമായ പ്ലോട്ട് വ്യവസ്ഥകൾ പോലും പാലിക്കാതെ കെട്ടിടങ്ങൾ തമ്മിൽ മതിയായ അകലം പാലിക്കാതെയും മതിയായ അഗ്നി രക്ഷാ സംവിധാനങ്ങൾ ഇല്ലാതെയുമാണ് എം.സി.എഫ് പ്രവർത്തിക്കുന്നത്. കെട്ടിടനിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ അശാസ്ത്രീയമായി രൂപകൽപന ചെയ്ത എം.സി.എഫ് , അനുബന്ധ കെട്ടിടങ്ങൾ സുരക്ഷിതമല്ലെന്ന വസ്തുത പഞ്ചായത്തിന്റെ ശ്രദ്ധയിൽ പെടുത്തുന്നു.

ചിത്രങ്ങൾ കാണുക.





അളവുകൾ സംബന്ധിച്ച അപാകത മൂലം മൂന്ന് പദ്ധതികളുടെയും ചെലവ് തുകയായ 18,79,959 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| പ്രൊജക്ട് നം, പേര് | 133/24, എം.സി.എഫ് കെട്ടിടം പൂർത്തീകരണം | 153/24, എം.സി.എഫ് പൂർത്തീകരണം | 141/24, വനിതാ കാന്റീൻ അടുക്കള നവീകരണം |
| അടങ്കൽ | 144253 കേന്ദ്രാവിഷ്കൃത ഫണ്ട്. 61822 തനത് ഫണ്ട് . | 1323826 സി.എഫ്.സി ടൈഡ് ഗ്രാന്റ് 208819 കേന്ദ്രാവിഷ്കൃത ഫണ്ട്. | 100000 വികസന ഫണ്ട് ജനറൽ |
| ചെലവ് | 144253 കേന്ദ്രാവിഷ്കൃത ഫണ്ട്. 61822 തനത് ഫണ്ട് . | 1323826 സി.എഫ്.സി ടൈഡ് ഗ്രാന്റ് 208819 കേന്ദ്രാവിഷ്കൃത ഫണ്ട്. | 99239 വികസന ഫണ്ട് ജനറൽ |
| ബിൽ വിശദാംശം | Vr.No.22300980 Dt. 18.03.2024 കേന്ദ്രാവിഷ്കൃത ഫണ്ട്. Vr.22301150 Dt. 31.03.2024 തനത് ഫണ്ട് . | 97/18.09.2023, സി.എഫ്.സി ടൈഡ് ഗ്രാന്റ് Vr.22301105 Dt. 31.03.2024 കേന്ദ്രാവിഷ്കൃത ഫണ്ട്. | 96/18.09.2023, വികസന ഫണ്ട് ജനറൽ |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും നഷ്ടതുക ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 1-31 ഡ്രെയിൻ നിർമ്മാണം- അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ചെറുവണ്ണൂർ ടൗൺ ഡ്രയിനേജ് നിർമ്മാണം എന്ന പദ്ധതിയുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്. അപാകത പഞ്ചായത്ത് ഫണ്ടിൽ നിന്നും അധിക ചെലവിന് കാരണമായിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

1. നിലവിലുള്ള തോടിന്റെ വ്യാപ്തി കുറവ് ചെയ്യാതെ ഖനന പ്രവൃത്തിക്ക് തുക അനുവദിച്ചു.

ഗ്രാമപഞ്ചായത്തിന്റെ നീർത്തട മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ട ആയോൽപ്പടി ചെറുവണ്ണൂർ തോടിന്റെ 100 മീറ്റർ ചെയിനേജിലാണ് ചെറുവണ്ണൂർ ടൗൺ ഡ്രയിനേജ് നിർമ്മാണം എന്ന പദ്ധതി പ്രകാരം പ്രവൃത്തി ആസൂത്രണം ചെയ്ത് നിർവ്വഹിച്ചിട്ടുള്ളത്. എസ്റ്റിമേറ്റ് റിപ്പോർട്ടിൽ നിലവിൽ ഡ്രെയിൻ ഉണ്ടെന്നത് വ്യക്തമാക്കിയിട്ടുമുണ്ട്. പ്രവൃത്തി നടത്താനുദ്ദേശിക്കുന്ന ചെയിനേജിൽ നിന്നും ഫൗണ്ടേഷന് വേണ്ടി 100 മീറ്റർ നീളത്തിലും 2.1 മീറ്റർ വീതിയിലും 35 സെന്റി മീറ്റർ ആഴത്തിലും 3.5.1 പ്രകാരം ഖനനം ചെയ്യുന്നതിനാണ് (73.5 $M^3$)എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. ഫൗണ്ടേഷന് പുറമെ തോടിന്റെ 300 മീറ്റർ ചെയിനേജിൽ നിന്നും 136.5 ഘനമീറ്റർ അളവിൽ ചളി മാറ്റുന്നതിനുള്ള പ്രവൃത്തിയും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നെങ്കിലും പ്രവൃത്തി നിർവ്വഹിച്ചിട്ടില്ല. എം ബുക്കിൽ 5.5 മീറ്റർ നീളത്തിലും 2.35 മീറ്റർ വീതിയിലും 1.5 മീറ്റർ ആഴത്തിലും ഖനന പ്രവൃത്തി നിർവ്വഹിച്ചതിന്റെ അളവായി 19.3875 ഘന മീറ്ററും 100 മീറ്റർ നീളത്തിലും 2.4 മീറ്റർ വീതിയിലും 1.5 മീറ്റർ ആഴത്തിലും ഖനന പ്രവൃത്തി നിർവ്വഹിച്ചതിന്റെ അളവായി 360 ഘന മീറ്ററും രേഖപ്പെടുത്തി ആകെ 374.298 ഘന മീറ്റർ അളവിൽ പ്രവൃത്തി പരിമിതപ്പെടുത്തി കരാർ തുകയായ 351.37 രൂപ നിരക്കിൽ ജി.എസ്.ടി ഉൾപ്പെടെ 1,55,190 രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്. 30 സെന്റി മീറ്റർ കനത്തിൽ ക്വാറിമക്ക് വിരിച്ച് 20 സെന്റിമീറ്റർ കനത്തിൽ ബെഡ് കോൺക്രീറ്റ് ചെയ്ത് 1 മീറ്റർ ഉയരത്തിൽ പാർശ്വഭിത്തി കോൺക്രീറ്റ് ചെയ്തതായാണ് എം ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്. 02.12.2012 തിയ്യതിയിൽ സ്ഥലപരിശോധന നടത്തിയതിൽ നിന്നും എം ബുക്കിൽ രേഖപ്പെടുത്തിയ അളവിൽ ഖനന പ്രവൃത്തി നിർവ്വഹിച്ചിട്ടില്ലെന്നത് ബോധ്യപ്പെട്ടിട്ടുണ്ട്. പ്രവൃത്തി നിർവ്വഹിച്ചതിന് ശേഷമുള്ള ചെയിനേജിലെ സ്വാഭാവിക തോടിന്റെ ആഴം 1.5 മീറ്ററിലധികമാണെന്നും പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. ഖനനം ചെയ്തതായി രേഖപ്പെടുത്തിയ 379.388 ഘന മീറ്റർ മണ്ണ് സൈറ്റിൽ ലഭ്യമല്ലെന്നത് പ്രസക്തമാണ്. നിലവിലുള്ള തോട് പൂർണ്ണമായി ഖനനം ചെയ്ത് നിർമ്മിച്ചതാണെന്ന തരത്തിൽ എം ബുക്കിൽ രേഖപ്പെടുത്തി കരാറുകാരന് അനർഹമായി തുക അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത്. എസ്റ്റിമേറ്റിൽ വിഭാവനം ചെയ്ത 73.5 ഘനമീറ്റർ പ്രവൃത്തി നിർവ്വഹിച്ചതായി പരിഗണിച്ചാൽ പോലും 300.798 ഘനമീറ്റർ അളവിൽ പ്രവൃത്തി നിർവ്വഹിക്കേണ്ട ആവശ്യകതയില്ലെന്നും നിർവ്വഹിച്ചിട്ടില്ലെന്നതും വ്യക്തമാണ്. മേൽ സാഹചര്യത്തിൽ 300.798 ഘനമീറ്ററിന് 351.37 രൂപ നിരക്കിൽ 18% ജി.എസ്.ടി ഉൾപ്പെടെ കരാറുകാരന് അനുവദിച്ച 1,24,716 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. നഷ്ട തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

2. തോട് പ്രവൃത്തിക്ക് Mord സ്പെസിഫിക്കേഷൻ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി.

എസ്റ്റിമേറ്റ് പ്രകാരം Excavation Concrete എന്നീ പ്രവൃത്തികൾ Mord സ്പെസിഫിക്കേഷൻ പ്രകാരം ആസൂത്രണം ചെയ്ത് നടപ്പാക്കിയിട്ടുണ്ട്. പ്രവൃത്തി Mord ൽ തയ്യാറാക്കിയത് മൂലം പഞ്ചായത്ത് ഫണ്ടിന് അധിക ചെലവുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| എസ്റ്റിമേറ്റ് പ്രകാരമുള്ള ഇനങ്ങൾ (Mord Spec), നിർവ്വഹിച്ച പ്രവൃത്തിയുടെ അളവ് | എസ്റ്റിമേറ്റ് നിരക്ക് | DAR പ്രകാരമുള്ള സമാന ഇനം | DAR പ്രകാരമുള്ള നിരക്ക് | നിരക്കിലെ വ്യത്യാസം നിരക്ക് |
|---|---|---|---|---|
| 3.5.1 Excavation 379.388 Cum | 360.75 | 2.8.1 Excavation | 298.84 | 61.91 |
| OD8564/2023-2024:: Quarry Muck Filling 91.56 Cum | 940.22 | OD For Quarry Muck Filling | 814.03 (CP, OH വ്യത്യാസം വരുത്തുമ്പോൾ ) | 126.19 |
| 11.4.1.1 PCC @ 1:3:6 50.64 Cum | 7841.68 | 4.1.5 PCC @ 1:3:6 | 7413.74 | 427.94 |
| 11.4.2.1: PCC @ 1:2.5:5 63.05 Cum | 7665.05 | 4.1.5 PCC @ 1:3:6 | 7413.74 | 251.31 |

മേൽ ഇനങ്ങൾ താരതമ്യം ചെയ്യുമ്പോൾ Mord ൽ എസ്റ്റിമേറ്റ് തയ്യാറാക്കിയത് സ്ഥാപനത്തിന് ലാഭകരമല്ലെന്നത് കാണാം. ഫോം വർക്കിനുള്ള ഇനം മാത്രമെ DAR ൽ അധികമായി ഉൾപ്പെടുത്തേണ്ടതുള്ളൂ എന്നതും പ്രസക്തമാണ്.

റോഡ് നിർമ്മാണ-അനുബന്ധ പ്രവൃത്തികളാണ് Mord ൽ തയ്യാറാക്കേണ്ടത്. എന്നാൽ റോഡ് നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട പ്രവൃത്തി അല്ലാതിരുന്നിട്ടും Mord ഉപയോഗപ്പെടുത്തിയതിന്റെ കാരണം വിശദീകരിച്ചിട്ടില്ല.

3. പാരിസ്ഥിതിക ഘടകങ്ങൾ പരിഗണിച്ചില്ല.

ഒരു ഡ്രൈൻ നിർമ്മിക്കുന്ന വിധത്തിലാണ് പ്രവൃത്തി ആസൂത്രണം ചെയ്തിട്ടുള്ളത്.ഇതിൽ കോൺക്രീറ്റ് ഭിത്തി കെട്ടാനും, അടിത്തട്ടിൽ ക്വാറി മക്ക് നൽകി അതിനുമുകളിൽ ബെഡ് കോൺക്രീറ്റ് നൽകുന്നതിനുമുള്ള ഇനങ്ങളാണ് എസ്റ്റിമേറ്റിൽ വിഭാവനം ചെയ്തിട്ടുള്ളത്. ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകയിരുത്തി തോട് സംരക്ഷണം എന്ന ലക്ഷ്യത്തോടെ ആസൂത്രണം ചെയ്ത പ്രസ്തുത പ്രവർത്തി മുഖേന തോടിനെ ഡ്രെയിനാക്കി പരിവർത്തനം ചെയ്യുകയാണുണ്ടായിട്ടുള്ളത്. പരിസ്ഥിതി സൗഹൃദമായിട്ടല്ല പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളത്. ജല ജീവജാലങ്ങളുടെ ആവാസ വ്യവസ്ഥയെ പരിഗണിക്കാതെയും അടിത്തട്ട് കോൺക്രീറ്റ് ചെയ്തതിലൂടെ ജലസംരക്ഷണത്തിന് പ്രാമുഖ്യം നൽകാതെയുമാണ് മേൽ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കിയിട്ടുള്ളത്.

ഇന്നത്തെ തലമുറയുടെ വികസന പ്രവർത്തനങ്ങൾ/ലക്ഷ്യങ്ങൾ വരും തലമുറയുടെ വികസനത്തെ തടസ്സപ്പെടുത്താത്ത രീതിയിൽ ആസൂത്രണം ചെയ്യുന്നതിനുള്ള ചുമതലാപരമായ ഉത്തരവാദിത്തം ഉണ്ടാവുക എന്നത് സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിൽ പ്രധാനമാണ്. പ്രകൃതി വിഭവങ്ങളുടെ ചൂഷണം ഒഴിവാക്കുക എന്നതാണ് പ്രസ്തുത ഉത്തരവാദിത്തം നിറവേറ്റുന്നതിനുള്ള ഒരു പ്രധാന മാർഗ്ഗവുമാണ് മാർഗ്ഗം.

19.4.2022 തീയതിയിൽ സർക്കാർ പുറപ്പെടുവിച്ച 84/2022/Lsgd നമ്പർ പദ്ധതി ആസൂത്രണമാർഗ്ഗരേഖയിൽ മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങൾ ജല സംരക്ഷണ സാങ്കേതിക സമിതി തയ്യാറാക്കിയ നീർത്തടാധിഷ്ഠിത മാസ്റ്റർ പ്ലാൻ അടിസ്ഥാനമാക്കിയാകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്ലാനിന്റെ ഭാഗമായി ഏറ്റെടുക്കേണ്ട പ്രവൃത്തികളുടെ മുൻഗണനാക്രമവും പ്രവൃത്തികളുടെ സ്വഭാവവുമനുസരിച്ച്, സംയോജിപ്പിക്കേണ്ട വകുപ്പുകളേയും വിഭവ സ്രോതസ്സുകളേയും ഉൾപ്പെടുത്തി ഒരു കൺവർജൻസ് പ്ലാൻ തയ്യാറാക്കാനും ഇത് അടിസ്ഥാനപ്പെടുത്തി മാത്രം സ്ഥാപനത്തിന്റെ മണ്ണ് ജലസംരക്ഷണപദ്ധതികൾ തയ്യാറാക്കണമെന്നും ഉത്തരവിൽ നിഷ്കർഷിക്കുന്നു. എന്നാൽ മേൽ വസ്തുതകൾ പരിഗണിക്കാതെ അടിത്തട്ട് ജലസംരക്ഷണം സാധ്യമാകാത്ത വിധം 50 സെന്റിമീറ്റർ കനത്തിൽ ക്വാറിമക്ക് വിരിച്ച് കോൺക്രീറ്റ് വിരിച്ചതിന്റെ അനിവാര്യത വിശദീകരിക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല (നം.24 തിയ്യതി.03.12.2024). അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും നഷ്ടതുക ഈടാക്കി അറിയിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കോംപാക്ടിംഗിന് തെറ്റായ ഇനം തെരഞ്ഞെടുത്തു- പഞ്ചായത്ത് ഫണ്ടിന് നഷ്ടം.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ കക്കറമുക്ക് മാലേരി താഴെ റോഡ് നവീകരണം എന്ന പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയതിലും നിർവ്വഹണത്തിലും താഴെ പറയുന്ന അപാകതകൾ കാണുന്നു.

| | |
|---|---|
| പ്രൊജക്ട് നം, പേര് | 113/24, കക്കറമുക്ക് മാലേരി താഴെ റോഡ് |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| ടി.എസ് നമ്പർ | 97260/2023 |
| കരാറുകാരൻ | കുഞ്ഞമ്മദ്.ഇ.എം. |
| കരാർ നം | AE/LSGD/17/23-24 DATED 09-02-2024 |
| അടങ്കൽ | 5,00,000/- |
| ചെലവ് | 4,99,382/- |
| ബിൽ വിശദാംശം | 295/14.03.2024, മെയിന്റനൻസ് ഗ്രാന്റ് |

. നിലവിലുള്ള റോഡിൽ പുനരുദ്ധാരണ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനാണ് പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളത്. കോംപാക്ട് ചെയ്യുന്നതിനായി എസ്റ്റിമേറ്റിൽ വിഭാവനം ചെയ്ത പ്രൈസിലെ (മോർഡ് സ്പെസിഫിക്കേഷൻ) 3.15.2 പ്രകാരമുള്ള ഇനമാണ് ഉപയോഗിച്ചിട്ടുള്ളത്. മോർഡ് ടെക്നിക്കൽ സ്പെസിഫിക്കേഷന് ക്ലോസ് 303.5.2 പ്രകാരമുള്ള പ്രസ്തുത ഇനം സബ്ഗ്രേഡ് നിർമ്മാണവുമായി ബന്ധപ്പെട്ടുള്ളതാണ്. 3.15.2 ൽ മോട്ടോർ ഗ്രേഡർ പോലുള്ള ഉപകരണങ്ങൾ ഉപയോഗപ്പെടുത്തിയാണ് സബ്ഗ്രേഡ് കോംപാക്ട് ചെയ്യുന്നത്. എം ബുക്ക് പ്രകാരം റീടാറിംഗ് പ്രവൃത്തി നിർവ്വഹിച്ച മുഴുവൻ ചെയിനേജിലും കോംപാക്ടിംഗ് ചെയ്തതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്.റീ ടാറിംഗ് പ്രവൃത്തി നിർവ്വഹിച്ച 115 മീറ്റർ ചെയിനേജിലും റോഡിന്റെ ബിറ്റുമിൻ പ്രതലം, സബ് ബേസ്, ബേസ്, സബ് ഗ്രേഡ് എന്നിവ തകർന്ന നിലയിലായിരുന്നു എന്നത് പരിഗണനീയമല്ല. നിലവിലുള്ള റോഡിൽ ഫൈൻ ഗ്രേഡിംഗിനുള്ള മോട്ടോർ ഗ്രേഡർ ഉപയോഗിച്ചുള്ള കോംപാക്ടിംഗിന്റെ അനിവാര്യത വ്യക്തമാക്കിയിട്ടില്ല. കോംപാക്ടിംഗ് അനിവാര്യമായിരുന്നെങ്കിൽ പോലും 3.15.1 പ്രകാരമുള്ള ഇനം തെരഞ്ഞെടുത്ത് പ്രവൃത്തി നിർവ്വഹിക്കാമായിരുന്നു. അപാകത മൂലം താഴെ പറയും പ്രകാരമുള്ള അധിക ചെലവ് പഞ്ചായത്ത് ഫണ്ടിനുണ്ടായിട്ടുണ്ട്.

| 3.15.2 പ്രകാരം നിർവ്വഹിച്ച പ്രവൃത്തിയുടെ അളവ്, കരാറുകാരന് നൽകിയ തുക | 3.15.1 പ്രകാരം പ്രവൃത്തി നിർവ്വഹിച്ചിരുന്നെങ്കിൽ നൽകേണ്ടിയിരുന്ന തുക (15.69 രൂപ നിരക്കിൽ) | അധികമായി ചെലവഴിച്ച തുക |
|---|---|---|
| 52.899 Cum, 3363.32 | 15.69×52.899×1.18=979.38 | 2384 |

സമാനമായ മറ്റ് പ്രവൃത്തികളിലെല്ലാം തന്നെ 3.15.1 പ്രകാരമുള്ള പ്രവൃത്തി ആസൂത്രണം ചെയ്താണ് നിർവ്വഹിച്ചിട്ടുള്ളതെന്നതും പ്രസക്തമാണ്. ഉദാ- മാനവ കുറ്റൂര കടവ് റോഡ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.23 തിയ്യതി.03.12.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും പഞ്ചായത്ത് ഫണ്ടിൽ നിന്നും അധിക ചെലവുണ്ടായ 2384/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-2 നിർവ്വഹിക്കാത്ത ഫോം വർക്കിന് തുക നൽകി.

| | |
|---|---|
| പ്രൊജക്ട് നം, പേര് | 129/24, പുളിക്കുഴി കാര്യാട്ട് കുന്ന് റോഡ് നവീകരണം |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| ടി.എസ് നമ്പർ | 19194/2023 |
| കരാറുകാരൻ | കുഞ്ഞമ്മദ്.ഇ.എം. |
| കരാർ നം | AE/LSGD/34/23-24 DATED 15-03-2024 |

| | |
|---|---|
| അടങ്കൽ | 30,794/- (വികസന ഫണ്ട് ജനറൽ)<br>69,206/- (മെയിന്റനൻസ് ഗ്രാന്റ് റോഡ്) |
| ചെലവ് | 22,925/- (വികസന ഫണ്ട് ജനറൽ)<br>69,206/- (മെയിന്റനൻസ് ഗ്രാന്റ് റോഡ്) |
| ബിൽ വിശദാംശം | 34/17.06.2023 (മെയിന്റനൻസ് ഗ്രാന്റ്)<br>32/13.06.2023 (വികസന ഫണ്ട് ജനറൽ) |

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ പുളിക്കുകുഴി കാര്യാട്ട് കുന്ന് റോഡ് പ്രവൃത്തിയിൽ (പ്രൊജക്ട് നം. 129/2024) റോഡിന്റെ വശങ്ങളിൽ ഐറിഷ് ഡ്രെയിൻ നിർമ്മിക്കുന്നതിനായി കോൺക്രീറ്റിംഗിന് ഉപയോഗപ്പെടുത്തിയിട്ടുള്ള ഇനം Mord ലെ 75.8.1 പ്രകാരമുള്ള അപ്രൂവ്ഡ് ഡാറ്റയാണ്. പ്രസ്തുത ഇനത്തിന്റെ ഡാറ്റ പരിശോധിച്ചതിൽ നിന്നും ആകെ തുകയുടെ 4 ശതമാനം ഫോം വർക്കിനായാണ് വകയിരുത്തിയിട്ടുള്ളത് എന്ന് വ്യക്തമാണ്. 75.8.1 എന്ന ഇനത്തിന് പകരം ഫോം വർക്ക് ഇല്ലാത്ത 75.8.1.1A എന്ന ഇനമായിരുന്നു ഉപയോഗപ്പെടുത്തേണ്ടത്. ഇനങ്ങളുടെ നിരക്കിലെ വ്യത്യാസം ചുവടെ ചേർക്കുന്നു.

| 75.8.1 | 75.8.1.1.A | വ്യത്യാസം |
|---|---|---|
| 8358.3 | 8027.67 | 330.63 |

83.25 മീറ്റർ നീളത്തിൽ 35 Cm മുതൽ 1 മീറ്റർ വരെ വീതിയിൽ 15 Cm ആഴത്തിൽ റോഡിനും നിലവിലുള്ള കോൺക്രീറ്റ് കെട്ടിനുമിടയിൽ(ഡി.ആർ ന്റെ ടോപ് ബെൽറ്റ്) 3.5.1 പ്രകാരം ഖനനം ചെയ്ത് ആയതിനുള്ളിൽ 15 Cm ആഴത്തിൽ ജി.എസ്.ബി, കോൺക്രീറ്റ് എന്നിവ നിർവ്വഹിച്ചിട്ടുണ്ട്. 02.12.2024 തീയതിയിൽ സ്ഥല പരിശോധന നടത്തിയതിൽ നിന്നും കുഴിച്ചെടുത്ത ആഴത്തിനുള്ളിലായി കോൺക്രീറ്റ് നൽകിയതിനാൽ വശങ്ങളിലും, എക്സ്പാൻഷൻ ഗ്യാപ് നൽകാത്തതിനാൽ ഇടവേളകളിലും ഫോം വർക്ക് ആവശ്യമില്ലായിരുന്നെന്നും ആയത് നിർവ്വഹിച്ചിട്ടില്ലെന്നും വ്യക്തമായിട്ടുണ്ട്. 7.929 ഘനമീറ്റർ അളവിലാണ് 75.8.1 പ്രകാരം കോൺക്രീറ്റ് പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളത്. 18% ജി.എസ്.ടി ഉൾപ്പെടെ കണക്കാക്കുമ്പോൾ 3,093 രൂപ മേൽ പ്രവൃത്തിക്കായി അധിക ചെലവുണ്ടായിട്ടുണ്ടെന്നത് വ്യക്തമാണ്.

ഫോംവർക്ക് ആവശ്യമില്ലാത്ത പ്രവൃത്തികൾക്കും നിരക്ക് 75.8.1 നൽകുന്ന പ്രവണത സ്ഥാപനത്തിൽ നിലനിൽക്കുന്നുണ്ട്. 2023-24 വർഷത്തിൽ ഭൂരിഭാഗം കോൺക്രീറ്റ് റോഡുകൾക്കും 75.8.1 എന്ന ഇനമാണ് ഉപയോഗിച്ചിട്ടുള്ളത്.

ഫോം വർക്ക് ആവശ്യമില്ലാത്ത പ്രവൃത്തികൾക്കും 75.8.1 എന്ന ഇനം അനുവദിച്ചതിലൂടെ പഞ്ചായത്ത് ഫണ്ടിൽ നിന്നും 3,093 രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. പ്രസ്തുത തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്. സ്ഥല പരിശോധനയിൽ റോഡിന്റെ ഒരു ഭാഗത്തെ കോൺക്രീറ്റ് ജൽ ജീവൻ മിഷന് വേണ്ടി ഖനനം ചെയ്തതിനാൽ അളവുകളുടെ കൃത്യത പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല. മറു ഭാഗത്ത് കരിങ്കൽ ഭിത്തിയുടെ ടോപ് ബെൽറ്റിന് മുകളിലേക്ക് കോൺക്രീറ്റ് ചെയ്തതിനാലും ടോപ് ബെൽറ്റിന്റെ വീതി സംബന്ധിച്ച രേഖ ലഭ്യമല്ലാത്തതിനാലും നിർവ്വഹിച്ച പ്രവൃത്തിയുടെ അളവിന്റെ കൃത്യത പരിശോധിച്ച് വിവരം രേഖാമൂലം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.25 തിയ്യതി.03.12.2024 ) മറുപടി ലഭ്യമാക്കിയിട്ടില്ല. നിരാകരിച്ച 3,093/- ഒഴികെയുള്ള ചെലവ് തുകയായ 89,038/- രൂപ അളവുകൾ സംബന്ധിച്ച അവ്യക്തത ഉള്ളതിനാൽ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-3 സിംഗിൾ സെക്ഷൻ സ്റ്റീൽ വർക്കിന് തെറ്റായ ഇനം തെരഞ്ഞെടുത്തത് മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടം

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ അംഗനവാടികളുടെ നവീകരണം, കണ്ടിത്താഴ പാലം നിർമ്മാണം എന്നീ പദ്ധതികളുടെ എസ്റ്റിമേറ്റ് പ്രകാരം 10.25.2 പ്രകാരമുള്ള Steel Work Welded In Built Up Sections/Framed Work വിഭാവനം ചെയ്തിട്ടുണ്ട്. 02.12.2024 തിയ്യതിയിൽ സ്ഥലപരിശോധന നടത്തിയതിൽ കൽ ത്തൂണുകളിൽ മുറിച്ചെടുത്ത സ്റ്റീൽ പൈപ്പുകൾ കയറ്റി വച്ച് പ്ലാസ്റ്റർ ചെയ്ത് ഉറപ്പിക്കുന്ന പ്രവൃത്തിയാണ് നിർവ്വഹിച്ചതെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. അപാകത മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എ. കണ്ടീത്താഴ പാലം നിർമ്മാണം പൂർത്തീകരണം (പ്രൊ.നം.134/24)

| | |
|---|---|
| പ്രൊജക്ട് നം, പേര് | 134/24, കണ്ടീത്താഴ പാലം നിർമ്മാണം പൂർത്തീകരണം |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| ടി.എസ് നമ്പർ | 2022/14375 |
| കരാറുകാരൻ | രഞ്ജിത്ത്.ടി.എം. |
| കരാർ നം | AE/LSGD/43/21-22 DT 09.05.2022 |
| അടങ്കൽ | 7,50,000/- |
| ചെലവ് | 5,57,287/- |
| ബിൽ വിശദാംശം | 103/19.09.2023,ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ് |

. പദ്ധതി പ്രകാരം പാലത്തിന് ഇരുവശത്തുമായി പില്ലറുകൾ സ്ഥാപിച്ച് പില്ലറുകളെ തമ്മിൽ കണക്ട് ചെയ്യുന്ന വിധത്തിൽ സമാന്തരമായി 75 Mm വ്യാസമുള്ള GI പൈപ്പ് സ്ഥാപിച്ചിട്ടുണ്ട്. പൈപ്പുകൾ വെൽഡ് ചെയ്യുകയോ പരസ്പരം ബന്ധിപ്പിക്കുകയോ ചെയ്തിട്ടില്ല. മുറിച്ചെടുത്ത പൈപ്പുകൾ പില്ലറുകളിലേക്ക് സിമന്റ് ഉപയോഗിച്ച് ഉറപ്പിക്കുന്ന പ്രവൃത്തിയാണ് യഥാർത്ഥത്തിൽ നിർവ്വഹിച്ചിട്ടുള്ളത്. എന്നാൽ ഈ പ്രവൃത്തിക്കായി DAR ലെ 10.25.2 എന്ന ഇനമാണ് ഉപയോഗിച്ചിട്ടുള്ളത്. പ്രസ്തുത ഇനം Built Up Sections/Framed Work കൾക്കായി വിഭാവനം ചെയ്തിട്ടുള്ളതാണ്. ആയതിൽ വെൽഡിംഗ്, സ്ട്രക്ചറുകൾ ഉയർത്തൽ എന്നിവയും 5% മെറ്റീരിയൽ വേസ്റ്റേജും Blacksmith 1st Class , Bandhani എന്നീ ലേബർ ഘടകങ്ങളും ഉൾപ്പെടുന്നുണ്ട്. മേൽ ഘടകങ്ങൾ പദ്ധതി പ്രകാരം നിർവ്വഹിച്ച പ്രവൃത്തിക്ക് ആവശ്യമില്ലാത്തതായിരുന്നു. DAR ലെ 10.1 പ്രകാരമുള്ള ഇനം ഉപയോഗപ്പെടുത്തിയിരുന്നെങ്കിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നുള്ള അധിക ചെലവ് കുറവ് ചെയ്യുന്നതിന് സാധിക്കുമായിരുന്നു. പട്ടിക കാണുക

| 10.25.2 പ്രകാരം നിർവ്വഹിച്ച പ്രവൃത്തിയുടെ അളവ് | കരാറുകാരന് അനുവദിച്ച തുക (GST ഉൾപ്പെടെ ) | 10.1 പ്രകാരം പ്രവൃത്തി നിർവ്വഹിച്ചിരുന്നെങ്കിൽ നൽകേണ്ടിയിരുന്ന തുക (101.9 രൂപ നിരക്കിൽ GST ഉൾപ്പെടെ) | വ്യത്യാസം |
|---|---|---|---|
| 59.607 KG | 10911.25 | 7167.26 | 3744 |

ബി. അങ്കണവാടികളുടെ അറ്റകുറ്റ പണികൾ (പ്രൊ.നം.125/24)

| | |
|---|---|
| പ്രൊജക്റ്റ് നം, പേര് | 125/24, അങ്കണവാടികളുടെ അറ്റകുറ്റ പണികൾ |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| ടി.എസ് നമ്പർ | 98686/2022 |
| കരാറുകാരൻ | മുജീബ്.പി.പി. |
| കരാർ നം | AE/LSGD/39/2022-23 DATED 28-03-2023 |
| അടങ്കൽ | 3,00,000 |
| ചെലവ് | 2,17,756 |
| ബിൽ വിശദാംശം | 99/18.09.2023,മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്. |

പദ്ധതി പ്രകാരം നിരപ്പം അങ്കണവാടി, കണ്ടിയിൽതാഴെ അങ്കണവാടി എന്നിവിടങ്ങളിൽ വിവിധ പുനരുദ്ധാരണ പ്രവൃത്തികൾ നിർവ്വഹിച്ചിട്ടുണ്ട്. നിരപ്പം അങ്കണവാടിയിൽ ചുറ്റമതിൽ കെട്ടുകയും ചുറ്റമതിലിൽ പില്ലറുകൾ നിർമ്മിച്ച് പില്ലറുകളെ തമ്മിൽ കണക്റ്റ് ചെയ്യുന്ന വിധത്തിൽ സമാന്തരമായി 40 Mm X 20 Mm സൈസിലുള്ള സ്ക്വയർ പൈപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. പൈപ്പുകൾ വെൽഡ് ചെയ്യുകയോ പരസ്പരം ബന്ധിപ്പിക്കുകയോ ചെയ്തിട്ടില്ല. മുറിച്ചെടുത്ത പൈപ്പുകൾ പില്ലറുകളിലേക്ക് സിമന്റ് ഉപയോഗിച്ച് ഉറപ്പിക്കുന്ന പ്രവൃത്തിയാണ് യഥാർത്ഥത്തിൽ നിർവ്വഹിച്ചിട്ടുള്ളത്. എന്നാൽ ഈ പ്രവൃത്തിക്കായി DAR ലെ 10.25.2 എന്ന ഇനമാണ് ഉപയോഗിച്ചിട്ടുള്ളത്. കണ്ടീത്താഴ പാലം നിർമ്മാണം പ്രവൃത്തിയിലുണ്ടായ സമാന അപാകത നിരപ്പം അങ്കണവാടിയിലെ നിർമ്മാണത്തിലും ഉണ്ടായിട്ടുണ്ട്. അധിക ചെലവ് സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

| 10.25.2 പ്രകാരം നിർവ്വഹിച്ച പ്രവൃത്തിയുടെ അളവ് | കരാറുകാരന് അനുവദിച്ച തുക (GST ഉൾപ്പെടെ,150/KG ) | 10.1 പ്രകാരം പ്രവൃത്തി നിർവ്വഹിച്ചിരുന്നെങ്കിൽ നൽകേണ്ടിയിരുന്ന തുക (101.9 രൂപ നിരക്കിൽ GST ഉൾപ്പെടെ) | വ്യത്യാസം |
|---|---|---|---|
| 41.64 KG | 7370.28 | 5006.87 | 2363 |

അപാകതകൾ മൂലം പഞ്ചായത്ത് ഫണ്ടിന് ആകെ 6,107 രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. DAR ലെ 10.1 പ്രകാരമുള്ള ഇനത്തെ അടിസ്ഥാനമാക്കിയാണ് നഷ്ടം കണക്കാക്കിയിട്ടുള്ളത്. 10.1 ലെ വേസ്റ്റേജ് ശതമാനം, ലേബർ ഘടകങ്ങൾ എന്നിവയിൽ മാറ്റം വരുത്തി ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കി പ്രവൃത്തി നിർവ്വഹിക്കുന്ന പക്ഷം 10.1 നേക്കാൾ കുറഞ്ഞ നിരക്കിൽ പ്രവൃത്തി നിർവ്വഹിക്കുന്നതിന്

സാധിക്കുമായിരുന്നു എന്നതും പ്രസക്തമാണ്. അപാകതകൾ ശ്രദ്ധയിൽപെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. (നം.21, തീയതി.02.12.2024) അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അധികമായി ചെലവഴിച്ച 6,107/- രൂപ (3,744 +2,363) ബന്ധപ്പെട്ട ഫണ്ടുകളിലേക്ക് തിരിച്ചടച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## 3-4 കണ്ടീത്താഴെ പാലം നിർമ്മാണം- ഓവർഹെഡ്സ് ചാർജ്ജ് അധികം നൽകി.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ കണ്ടിത്താഴ പാലം നിർമ്മാണം എന്ന പദ്ധതിയുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും അപാകതകൾ ഉണ്ടായിട്ടുണ്ട്. അപാകതകൾ മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടായിട്ടുണ്ട്. അപാകതകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നം, പേര് | 134/24, കണ്ടീത്താഴ പാലം നിർമ്മാണം പൂർത്തീകരണം |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| ടി.എസ് നമ്പർ | 2022/14375 |
| കരാറുകാരൻ | രഞ്ജിത്ത്.ടി.എം.750000 |
| കരാർ നം | AE/LSGD/43/21-22 DT 09.05.2022 |
| അടങ്കൽ | 750000 |
| ചെലവ് | 557287 |
| ബിൽ വിശദാംശം | 103/19.09.2023,ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ് |
| ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. | 22/02.12.2024. |

ഓവർഹെഡ് ചാർജ്ജ് അധികം നൽകിയത് മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടം

DR Masonry ക്കായി Od1671337/2021-22 നമ്പറായി 3992.8 രൂപ നിരക്കിൽ ഒബ്സർവ്വ്ഡ് ഡാറ്റ തയ്യാറാക്കി പ്രവൃത്തി നിർവ്വഹിച്ചിട്ടുണ്ട്. ഡാറ്റ പരിശോധിച്ചതിൽ അടിസ്ഥാന നിരക്കായ 2216.98 രൂപയിന്മേൽ ഓവർഹെഡ് ചാർജ്ജ് 20%, കോൺട്രാക്ടറുടെ ലാഭം 10%, കോസ്റ്റ് ഇൻഡക്സ് 36.44% എന്നിവ അനുവദിച്ചാണ് 3992.8 രൂപ നിരക്ക് നിശ്ചയിച്ചത്. ഓവർഹെഡ് ചാർജ്ജ് 10% അധികം നൽകിയിട്ടുണ്ട്. പരമാവധി നിരക്കായ 3660 രൂപയേക്കാൾ അധിക നിരക്ക് നൽകിയത് മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടായിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| Od1671337/2021-22 DR Masonry പ്രകാരം കരാറുകാരന് നൽകിയ തുക | 3660 രൂപ നിരക്കിൽ നൽകേണ്ട തുക | അധികം നൽകിയ തുക |
|---|---|---|
| 8.899 $M^3$ X 4000 X 1.18 = 42003.28 | 8.899 $M^3$ X 3660 X 1.18 = 38433 | 3570 |

അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം അനുവദിച്ച 3,570/- രൂപ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കി തിരികെ അടവാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-5 എം.സി.എഫ്-എസ്റ്റിമേറ്റിലെ അപാകത മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടം

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ എം.സി.എഫ് കെട്ടിടം പൂർത്തീകരണം (പ്രൊ.നം- 133/2024), എം.സി.എഫ് പൂർത്തീകരണം (പ്രൊജക്ട് നം.153/2024 ) എന്നീ പദ്ധതികളുടെ നിർവ്വഹണത്തിൽ താഴെ പറയും പ്രകാരമുള്ള അപാകതകൾ ഉണ്ടായിട്ടുണ്ട്.

1.എർത്ത് ഫില്ലിംഗിന് തെറ്റായ ഇനം നൽകി .

എം.സി.എഫ് കെട്ടിടം പൂർത്തീകരണം (പ്രൊ.നം- 133/2024) എന്ന പ്രവൃത്തി മുഖേന 50.2.25.1 പ്രകാരം 202.624 ഘന മീറ്റർ അളവിൽ മണ്ണ് ഫില്ല് ചെയ്തതിന് കരാറുകാരന് തുക നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പദ്ധതി പ്രകാരം 29.43 ഘനമീറ്റർ മണ്ണ് ഫില്ല് ചെയ്തിട്ടുള്ളത് എം.സി.എഫിന്റെ ചുറ്റുമുള്ള തുറസ്സായ സ്ഥലങ്ങളിലാണ്. എം.സി.എഫ് പൂർത്തീകരണം (പ്രൊ.നം- 153/2024) എന്ന പ്രവൃത്തി മുഖേന 4.966 ഘനമീറ്റർ മണ്ണ് ഫില്ല് ചെയ്തിട്ടുള്ളതും തുറസ്സായ സ്ഥലങ്ങളിലാണ് . 50.2.25.1 പ്രകാരമുള്ള ഇനം തറകൾക്കുള്ളിലും കുഴികളിലും മണ്ണ് ഫില്ല് ചെയ്യുന്നതിനുള്ള ഇനമാണ്. ഓപ്പൺ ഏരിയകളിൽ മണ്ണ് ഫില്ല് ചെയ്യേണ്ട ഇനം 50.2.26.1 ആണ്.

പ്രൊ.നം- 133/2024 ലെ 50.2.25.1 പ്രകാരം പ്രവൃത്തി നിർവ്വഹിച്ചതിന് എസ്റ്റിമേറ്റ് നിരക്കായ 529.13 രൂപയാണ് ഘനമീറ്ററിന് കരാറുകാരന് അനുവദിച്ചിട്ടുള്ളത്. പ്രൊ.നം- 153/2024 ലെ 50.2.25.1 പ്രകാരം പ്രവൃത്തി നിർവ്വഹിച്ചതിന് കരാർ നിരക്കായ 448 രൂപയാണ് ഘനമീറ്ററിന് കരാറുകാരന് അനുവദിച്ചിട്ടുള്ളത്. 50.2.26.1 പ്രകാരം പ്രവൃത്തി നിർവ്വഹിച്ചിരുന്നെങ്കിൽ 297.35 രൂപ നിരക്കിലെ കരാറുകാരന് നൽകേണ്ടതുണ്ടായിരുന്നുള്ളൂ. പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രൊജക്ടിന്റെ പേര്, നം. | 50.2.25.1 പ്രകാരം ഓപ്പൺ ഏരിയയിൽ നിർവ്വഹിച്ച പ്രവൃത്തിയുടെ അളവ് | 50.2.25.1 പ്രകാരം കരാറുകാരന് നൽകിയ തുക | 50.2.26.1 പ്രകാരം പ്രവൃത്തി നിർവ്വഹിച്ചിരുന്നെങ്കിൽ നൽകേണ്ട തുക | പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം |
|---|---|---|---|---|
| എം.സി.എഫ് കെട്ടിടം പൂർത്തീകരണം (പ്രൊ.നം- 133/2024) | 29.43 Cum | 18375 (29.43 X 529.13 = 15572.3 + 18% GST) | 10326 (29.43 X 297.35 = 8751 + 18% GST) | 8049 |
| എം.സി.എഫ് പൂർത്തീകരണം (പ്രൊ.നം- 153/2024) | 4.966 | 2625 (4.966 X 448= 2224.77 + | 1742 (4.966 X 297.35 = 1476.64 + 18% GST) | 883 |

| | | | | |
|---|---|---|---|---|
| | | 18% GST) | | |
| ആകെ | | | | 8,932 |

മേൽ അപാകത മൂലം 8,932 രൂപയുടെ നഷ്ടം പഞ്ചായത്ത് ഫണ്ടിന് ഉണ്ടായിട്ടുണ്ട്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് ഫണ്ടിനുണ്ടായ 8,932 രൂപയുടെ നഷ്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്. നഷ്ട തുക ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-6 ചെറുവണ്ണൂർ ടൗൺ ഡ്രെയിൻ നിർമ്മാണം- അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ചെറുവണ്ണൂർ ടൗൺ ഡ്രയിനേജ് നിർമ്മാണം എന്ന പദ്ധതിയുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്. അപാകത പഞ്ചായത്ത് ഫണ്ടിൽ നിന്നും അധിക ചെലവിന് കാരണമായിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നം, പേര് | 77/24, ചെറുവണ്ണൂർ ടൗൺ ഡ്രയിനേജ് നിർമ്മാണം |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| ടി.എസ് നമ്പർ | 28227/2022. |
| കരാറുകാരൻ | ഷാജു.സി.എം. |
| കരാർ നം | AE/LSGD/20/21-22 DT 20.02.2024 |
| അടങ്കൽ | 750000 |
| ചെലവ് | 557287 |
| ബിൽ വിശദാംശം | 383/26.03.2024,ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റ് |
| ഓഡിറ്റ് അന്വേഷണ കുറിപ്പ് നം | 24/03.12.2024. |

1. നിലവിലുള്ള തോടിന്റെ വ്യാപ്തി കുറവ് ചെയ്യാതെ ഖനന പ്രവൃത്തിക്ക് തുക അനുവദിച്ചു.

ഗ്രാമപഞ്ചായത്തിന്റെ നീർത്തട മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ട ആയോൽപ്പടി ചെറുവണ്ണൂർ തോടിന്റെ 100 മീറ്റർ ചെയിനേജിലാണ് ചെറുവണ്ണൂർ ടൗൺ ഡ്രയിനേജ് നിർമ്മാണം എന്ന പദ്ധതി പ്രകാരം പ്രവൃത്തി ആസൂത്രണം ചെയ്ത് നിർവ്വഹിച്ചിട്ടുള്ളത്. എസ്റ്റിമേറ്റ് റിപ്പോർട്ടിൽ നിലവിൽ ഡ്രെയിൻ ഉണ്ടെന്നത് വ്യക്തമാക്കിയിട്ടുമുണ്ട്. പ്രവൃത്തി നടത്താനുദ്ദേശിക്കുന്ന ചെയിനേജിൽ നിന്നും ഫൗണ്ടേഷന് വേണ്ടി 100 മീറ്റർ നീളത്തിലും 2.1 മീറ്റർ വീതിയിലും 35 സെന്റി മീറ്റർ ആഴത്തിലും 3.5.1 പ്രകാരം ഖനനം ചെയ്യുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. ഫൗണ്ടേഷന് പുറമെ തോടിന്റെ 300 മീറ്റർ ചെയിനേജിൽ നിന്നും 136.5 ഘനമീറ്റർ അളവിൽ ചളി മാറ്റുന്നതിനുള്ള പ്രവൃത്തിയും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നെങ്കിലും പ്രവൃത്തി നിർവ്വഹിച്ചിട്ടില്ല. എം ബുക്കിൽ 5.5 മീറ്റർ നീളത്തിലും 2.35 മീറ്റർ വീതിയിലും 1.5 മീറ്റർ ആഴത്തിലും ഖനന പ്രവൃത്തി നിർവ്വഹിച്ചതിന്റെ അളവായി 19.3875 ഘന മീറ്ററും 100 മീറ്റർ നീളത്തിലും 2.4 മീറ്റർ വീതിയിലും 1.5 മീറ്റർ ആഴത്തിലും ഖനന പ്രവൃത്തി നിർവ്വഹിച്ചതിന്റെ അളവായി 360 ഘന മീറ്ററും രേഖപ്പെടുത്തി ആകെ 374.298 ഘന മീറ്റർ അളവിൽ പ്രവൃത്തി പരിമിതപ്പെടുത്തി കരാർ തുകയായ 351.37 രൂപ നിരക്കിൽ ജി.എസ്.ടി ഉൾപ്പെടെ 155190 രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്. 30 സെന്റി മീറ്റർ കനത്തിൽ ക്വാറിമക്ക് വിരിച്ച് 20 സെന്റിമീറ്റർ കനത്തിൽ ബെഡ് കോൺക്രീറ്റ് ചെയ്ത് 1 മീറ്റർ ഉയരത്തിൽ പാർശ്വഭിത്തി കോൺക്രീറ്റ് ചെയ്തതായാണ് എം ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്. 02.12.2012 തിയ്യതിയിൽ സ്ഥലപരിശോധന നടത്തിയതിൽ

നിന്നും എം ബുക്കിൽ രേഖപ്പെടുത്തിയ അളവിൽ ഖനന പ്രവൃത്തി നിർവ്വഹിച്ചിട്ടില്ലെന്നത് ബോധ്യപ്പെട്ടിട്ടുണ്ട്. പ്രവൃത്തി നിർവ്വഹിച്ചതിന് ശേഷമുള്ള ചെയിനേജിലെ സ്വാഭാവിക തോടിന്റെ ആഴം 1.5 മീറ്ററിലധികമാണെന്നും പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. ഖനനം ചെയ്തതായി രേഖപ്പെടുത്തിയ 379.388 ഘന മീറ്റർ മണ്ണ് സൈറ്റിൽ ലഭ്യമല്ലെന്നതും പ്രസക്തമാണ്.



നിലവിലുള്ള തോട് പൂർണ്ണമായി ഖനനം ചെയ്ത് നിർമ്മിച്ചതാണെന്ന തരത്തിൽ എം ബുക്കിൽ രേഖപ്പെടുത്തി കരാറുകാരന് അനർഹമായി തുക അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത്. എസ്റ്റിമേറ്റിൽ വിഭാവനം ചെയ്ത 73.5 ഘനമീറ്റർ പ്രവൃത്തി നിർവ്വഹിച്ചതായി പരിഗണിച്ചാൽ പോലും 300.798 ഘനമീറ്റർ അളവിൽ പ്രവൃത്തി നിർവ്വഹിക്കേണ്ട ആവശ്യകതയില്ലെന്നും നിർവ്വഹിച്ചിട്ടില്ലെന്നതും വ്യക്തമാണ്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സാഹചര്യത്തിൽ 300.798 ഘനമീറ്ററിന് 351.37 രൂപ നിരക്കിൽ 18% ജി.എസ്.ടി ഉൾപ്പെടെ കരാറുകാരന് അനുവദിച്ച 1,24,716 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. നഷ്ട തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2023-24 | 28.11.2024, 29.11.2024 | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ച |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 4,00,000 | ലൈഫ് ഭവന പദ്ധതി പട്ടികജാതി | 4,00,000 |
| | 2023-24 | 1,56,139 | ഭിന്നശേഷി | 1,56,139 |

| | | | | |
|---|---|---|---|---|
| | | | വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | |
| | 2023-24 | 2,00,000 | കറവപ്പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി | 2,00,000 |
| | 2023-24 | 3,00,000 | ക്ഷീരകർഷകർക്ക് അളക്കുന്ന പാലിന് ഇൻസെന്റീവ് | 3,00,000 |
| ജില്ലാ പഞ്ചായത്ത് | 2023-24 | 74,294 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 74,294 |
| | 2023-24 | 2,00,000 | കറവപ്പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി | 2,00,000 |
| | 2023-24 | 3,00,000 | ക്ഷീരകർഷകർക്ക് അളക്കുന്ന പാലിന് ഇൻസെന്റീവ് | 3,00,000 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം, തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | മയിലാടിക്കുന്ന് കുടിവെള്ള പദ്ധതി ഇലക്ട്രിക് ലൈൻ- കെ.എസ്.ഇ.ബിക്ക് തുക നൽകൽ | 175/13.12.2023 | 59,902 | 59,902 | - |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | തൻ വർഷം എടുത്ത വായ്പ | വർഷാരംഭത്തിൽ തിരിച്ച ടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി-HUDCO വായ്പ | - | 43,76,100 | 33,23,590 | 13,83,624 | 0 | 63,16,066 |

## 4-6 സ്ഥിര നിക്ഷേപം

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 10,000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 10,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 10,000 |

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | ഇ.എം.എസ് മെമ്മോറിയൽ കോ ഓപ്പറേറ്റീവ് ഹോസ്പിറ്റൽ & റിസർച്ച് സെന്റർ ഷെയർ | 21.02.2016 | | 10,000 | - |
| ആകെ | | | | 10,000 | |

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ 2023-24 വർഷം വരവില്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 - വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 2-11 | 2006-07 | 3.79.18.16 | മുയിപ്പോത്ത് അഴുക്കുചാൽ | നിയമസഭാ സമിതിയുടെ പരിഗണന |

| | | | | | |
|---|---|---|---|---|---|
| 2002-03 | 2-24 | 2006-07 | 3.79.17.11 | പുറക്കാമല ടാങ്ക് | യിലാണ് |
| 2000-01 | | 2011-12 | 3.2.7 | ആസ്തി രജിസ്റ്ററുകളുടെ പരിപാലനം | |
| | | 2011-12 | 3.2.10 | റോഡ് ചെയിനേജ് രേഖപ്പെടുത്തൽ | നിയമസഭാ സമിതി പരിഗണിക്കാനിരിക്കുന്ന |
| | | 2014-15 അവലോകനം | 4-2-2 | മണൽ | |
| 2014-15 | 2-1 | 2016-17 | അനുബന്ധം - 3 | വസ്തു നികുതി അപാകങ്ങൾ | നിയമസഭാ സമിതി പരിഗണിക്കാനിരിക്കുന്ന |
| 2015-16 | 2-3 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി അപാകങ്ങൾ | |
| 2017-18 | 3-2 | 2018-19 | | തനത്ഫണ്ടിൽ നിക്ഷേപിച്ച പ്രത്യേക ഫണ്ടുകൾ മറ്റ് ആവശ്യങ്ങൾക്ക് വകമാറ്റി ചെലവഴിച്ചു | |
| 2019-20 | 1-17 | 2020-21 | അനുബന്ധം-2 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) പേയ് മെന്റ് | |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കാനവശേഷിക്കുന്ന തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ). സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (രസീത് ആന്റ് പേയ്മെന്റ് പ്രകാരം) | 4,35,27,349/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (രസീത് ആന്റ് പേയ്മെന്റ് പ്രകാരം) | 4,06,80,299/- |
| വരവിനത്തിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,48,802/- |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 33,22,878/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 2,384/- | ശ്രീമതി. രാജി.കെ.എം, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | 3,093/- | ശ്രീമതി. രാജി.കെ.എം, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 എ | 3,744/- | ശ്രീ. മുഹമ്മദ് റോഷൻ , അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 ബി | 2,363/- | |
| 3-4 | 3,570/- | ശ്രീ. മുഹമ്മദ് റോഷൻ , അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-5 | 8,932/- | ശ്രീ. മുഹമ്മദ് റോഷൻ , അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-6 | 1,24,716/- | ശ്രീ. മുഹമ്മദ് റോഷൻ , അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 1,48,802/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 89,038/- | ശ്രീമതി. രാജി.കെ.എം, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-20 | 1,36,840/- | ശ്രീമതി. രാജി.കെ.എം, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-23 | 14,00,000/- | 9,28,596-ശ്രീ. റിൻജിഷ്.എ.എം ,ഡയറി ഫാം ഇൻസ്ട്രക്ടർ 4,71,404-ശ്രീമതി. ജസിത റഹ്മാൻ.വി ,ഡയറി ഫാം ഇൻസ്ട്രക്ടർ |
| 1-24 | 12,00,000/- | 10,43,287-ശ്രീ. റിൻജിഷ്.എ.എം ,ഡയറി ഫാം ഇൻസ്ട്രക്ടർ 1,56,713-ശ്രീമതി. ജസിത റഹ്മാൻ.വി ,ഡയറി ഫാം ഇൻസ്ട്രക്ടർ |
| 1-29 | 4,97,000/- | ശ്രീ. സുമേഷ്.കെ,സെക്രട്ടറി |
| | 33,22,878/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

– ഇല്ല -

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

– ഇല്ല -

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | ഔദ്യോഗിക മേൽവിലാസം | |
| ശ്രീ. സുമേഷ്.കെ, സെക്രട്ടറി | സെക്രട്ടറി, ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്ത് | സദ്മശ്രീ, ഗുരുവായൂരപ്പൻ കോളജ്(പി.ഒ), കോഴിക്കോട് |
| ശ്രീമതി. രാജി.കെ.എം, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, കൂത്താളി ഗ്രാമപഞ്ചായത്ത് | ശ്രീവരദ, എരഞ്ഞിക്കൽ(പി.ഒ), കോഴിക്കോട്-673303 |
| ശ്രീ. മുഹമ്മദ് റോഷൻ , അസിസ്റ്റന്റ് എഞ്ചിനീയർ | അവധിയിൽ | എറാത്ത് ഹൗസ്, നാദാപുരം(പി.ഒ), കോഴിക്കോട് – 673504 |
| ശ്രീ.റിൻജിഷ്.എ.എം, ഡയറി ഫാം ഇൻസ്ട്രക്ടർ | പ്രിവന്റീവ് ഓഫീസർ, കസ്റ്റംസ് & സെൻട്രൽ എക്സൈസ് | മണിക്കപ്പുറം വീട്, ചെറുവറ്റ പറമ്പിൽ, കോഴിക്കോട് |
| ശ്രീമതി.ജസിത റഹ്മാൻ.വി, ഡയറി ഫാം ഇൻസ്ട്രക്ടർ | ഡയറി ഫാം ഇൻസ്ട്രക്ടർ , പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് | അരീക്കരക്കണ്ടി ഹൗസ്, എം.എം.പറമ്പ്(പി.ഒ), കോഴിക്കോട് |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1998-99 | കെ.എസ്.എ.കെ.കെ.ഡി പി5/310/2022(2)തി.09.11.2022 | 1 | 18 |
| 1999-00 | കെ.എസ്.എ.കെ.കെ.ഡി പി5/310/2022(3) തി.09.11.2022 | 4 | 35, 36, 38, അനുബന്ധം -1 |
| 2000-01 (ഡി.സി.ബി) | കെ.എസ്.എ.കെ.കെ.ഡി. പി9/1028/2020(5)തി.12.01.2021 | 1 | 3-6(2) |

| | | | |
|---|---|---|---|
| 2002-03 | കെ.എസ്.എ.കെ.കെ.ഡി പി5/1197/2022 തി.09.11.2022 | 2 | 2-11, 2-24 |
| 2003-04 | കെ.എസ്.എ.കെ.കെ.ഡി പി5/310/2022 തി.09.11.2022 | 2 | 3-6, 3-7 |
| 2005-06 | കെ.എസ്.എ.കെ.കെ.ഡി പി5/310/2022(6) തി.09.11.2022 | 1 | 3-8 |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി പി9/194/2022 തി.09.11.2022 | 16 | 2-1, 2-3മുതൽ2-13 വരെ, 3-10 |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി പി5/310/2022(2) തി.09.11.2022 | 1 | 3-15(2) |
| 2008-09 | കെ.എസ്.എ.കെ.കെ.ഡി പി9/194/ 2022(2) തി.09.11.2022 | 1 | 3-10 |
| 2010-11 & 2011-12 | കെ.എസ്.എ.കെ.കെ.ഡി പി9/194/2022(7) തി.09.11.2022 | 5 | 3-3,3-8,3-9,3-19,3-20 |
| 2012-13 | കെ.എസ്.എ.കെ.കെ.ഡി പി5/1197/2022(1) തി.09.11.2022 | 5 | 3-2, 3-3, 3-6, 3-8, 3-14 |
| 2013-14 & 2014-15 | കെ.എസ്.എ.കെ.കെ.ഡി പി5/737/2022 തി.10.11.2022 | 8 | 2-1, 3-10, 3-11, 3-12, 3-13, 3-15, 3-16, 3-17 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി പി5/737/2022(2) തി.10.11.2022 | 6 | 2-3,3-8, 3-14,3-16, 3-18, 3-19 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി പി5/737/2022(2) തി.10.11.2022 | 3 | 3-8, 3-10,3-14 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി പി5/310/2022(8) തി.09.11.2022 | 7 | 3-1,3-2, 3-6,3-10,3-11, 3-13,3-14, 3-15(1),3-18, 3-19 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി പി5/310/2022(9) തി.10.11.2022 | 3 | 1-13, 1-14,1-17 |
| 2019-20 | കെ.എസ്.എ. കെ.കെ.ഡി. പി5/269/2021 തി.11.04.2022 | 13 | 1-1, 1-5, 1-11(1,2,3),1-12,1-14, 1-16, 1-17, 1-19,1-25, 1-26, 1-29 |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി. പി5/825/2022 തി.22.03.2024 | 33 | 1-1, 1-2-1, 1-4, 1-5, 1-8 മുതൽ 1-35 വരെ, 4-11 |
| 2021-22 | കെ.എസ്.എ.കെ.കെ.ഡി പി5/2417/2022 തി-19.07.2023 | 23 | 1-1, 1-2, 1-8 മുതൽ 1-26 വരെ, 2-1,4-11 |
| 2022-23 | കെ.എസ്.എ.കെ.കെ.ഡി | 31 | 1-1, 1-1-1 മുതൽ 1-1-9 |

| | | | |
|---|---|---|---|
| | പി5/1728/2023, തി-30.03.2024 | | വരെ, 1-4, 1-5,1-7 മുതൽ 1-23 വരെ, 3-1,4-11 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 01/2024 dated 01-07-2024 and submitted on 04-07-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03- 2024 , with supporting forms, of the Cheruvannur Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Cheruvannur Grama Panchayat as on 31-03-2024

Date: 24/12/2024

Deputy Director
District Office Kozhikode
Kerala State Audit Department

**Audit Report appended to the Audit Certificate of Cheruvannur Grama Panchayat for the Year 2023-2024 .**

**1.Major Observations**

Nil

#### 2.Other Observations

a) Cash flow statement - Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.
b) Lapses in making timely and accurate demand entries in Property Tax.
c) Expenditure figure of Development fund (General) differs in ACR and AFS.
d) Cheques uncashed not transferred to stale cheque head.
e) Part bill amount not included in Capital Work in progress(B-11(b)) .
f) Difference in Profession-Institutions/Professionals/Traders collection amount.
g) Abstract not included in stock register.
h) Difference in CFC grant expenditure, closing balance figures.
i) Election deposit not added to own fund after time period.
j) Property tax collection amount differs in AFS and DCB statement.
k) Expenditure not booked properly under concerned head.
l) Details of advance not included in AFS and register.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്